

തേങ്ങിക്കരയുന്ന ഹൃദയം
എ. എൻ. ഇ. സുവർണ്ണവല്ലി

# ഇളകിമറിയുന്ന

# ഹൃദയം

KOTTAYAM PUBLIC LIBRARY
70496
KOTTAYAM.

—ചെറുകഥകൾ—

എ. എൻ. ഇ. സുവർണ്ണവല്ലി

# ILAKI MARIYUNNA HRIDAYAM

-SHORT STORIES-

A. N. E. Suvernnavally

A. M. E. Sammerally.
INDIESHWARAM.
Cannanore Dist.

സമർപ്പണം

സഹൃദയലോകത്തിൻെറ

സകൌതുക ശ്രദ്ധയ്ക്കു്!

1136 ധനു
1961 ജനുവരി } ഒന്നാംപതിപ്പ്: കോപ്പി-1000

അവകാശം:

എ. എൻ. ഇ. സുവണ്ണവല്ലി

നീലേശ്വരം,

കണ്ണൂർ ജില്ല.

★

വില: 1 ക.

അച്ചടി:

കേരള ചന്ദ്രികാ പ്രസ്സ്,

കണ്ണൂര്.

## ഏടുകൾ മറിക്കുമ്പോൾ:

---


നീ ഒന്നു കനിയുമോ?

ആദ്യോപഹാരം

സന്ദേശങ്ങളും ആശംസകളും

പത്രനിരൂപണങ്ങൾ

അവതാരിക.

കൃതജ്ഞതയുടെ സമർപ്പണം.

കഥകൾ:-

1. തമാശ പോയ പോക്ക്
2. ഇളകിമറിയുന്ന ഹൃദയം
3. കണ്ണീരിൽ കുതിർന്ന കുടുംബം
4. എല്ലാം നശിക്കുകയാണ്
5. കാരുണ്യത്തിൽ പൊതിഞ്ഞ കാമം
6. തലതിരിഞ്ഞ പ്രണയം.

# നീ

# ഒന്നു കനിയുമോ?

## -ആദ്യോപഹാരം-

ശ്രീ. സുവർണ്ണവല്ലിയുടെ ഈ ലഘു കവിതാ സമാഹാരം അതിൻെറ ശില്പഭംഗികൊണ്ടെന്നപോലെ അതിൽ നിഴലിക്കുന്ന ജീവിതബോധംകൊണ്ടും വായനക്കാരെ ആകർഷിക്കും.-.........

......-.ഈ സമാഹാരത്തിലെ ആത്മാവിഷ്കരണ പ്രധാനമായ കവിതകളിൽ വിഷാദത്തിൻെറതായ നേരിയ അല അഭിവ്യാപിച്ചു കിടക്കുന്നതായിക്കാണാം. എന്നാൽ ആ വിഷാദം നൈരാശ്യത്തിലേക്കും നൈഷ്കർമ്മ്യത്തിലേക്കുമല്ല, പ്രത്യുത ആശയിലേക്കും കർമ്മസന്നദ്ധതയിലേക്കുമാണ് വിരൽ ചൂണ്ടുന്നതെന്ന വസ്തുത പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്.-.........

......-.ആദർശത്തിൻെറ വിശാലവീഥിയിലൂടെ വിജയത്തിലേക്ക് വെമ്പിക്കുതിക്കുന്ന ശ്രീ. സുവർണ്ണവല്ലി സാഹിത്യലോകത്തിലെ പുതിയ തലമുറയ്ക്ക് ഒരു വാഗ്ദാനമാണെന്ന് ഞാൻ വിശ്വസിക്കുന്നു. കവിതാ സാഹിത്യത്തിൽ പ്രതിഷ്ഠയാർജ്ജിച്ച പ്രശസ്തതൂലികകളെ പിന്തുടരാൻ ഈ യുവതൂലികയ്ക്കും കരുത്തുണ്ടാകട്ടെ!-.........

......-പരിശ്രമശീലവും പ്രതിഭാസമ്പന്നതയുംതികഞ്ഞ ശ്രീ. എ. എൻ. ഇ. സുവർണ്ണവല്ലിക്ക് ഞാൻ സർവ്വാത്മനാ ഭാവുകമാശംസിക്കുകയും ഈ പ്രഥമസമാഹാരത്തെ സസന്തോഷം സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

—ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ.

(അവതാരിക)

# സന്ദേശങ്ങളും

## ആശംസകളും

1. **ന**മ്മുടെ എഴുത്തുകാരുടെ കൂട്ടത്തിൽ നിങ്ങളെ ഇതെഴുതുന്നയാൾ പ്രത്യേകം ശ്രദ്ധിക്കുന്നു.–........

ഈ പുസ്തകം–“നീ ഒന്നു കനിയുമോ?”–ആദ്യവസാനം ശ്രദ്ധിച്ചു വായിച്ചു.–......... ഇതിലെ കവിതകൾക്ക് സ്വന്തമായ ഒരു വ്യക്തിത്വമുണ്ട്. ഋജുവായ ഒരു ശൈലിയും ഉന്നതമായ ജീവിതാദർശവുമുണ്ട്. സുവർണ്ണവല്ലി എന്നെപ്പോലൊരു വായനക്കാരന്റെ ഹൃദയത്തിൽ ഒരു വാടാമല്ലിയായി പടരാതിരിക്കയില്ല.–.........

ഇനിയും പറയുന്നത് ശ്രീ. ജി. കെ. എൻ. ന്റെ പ്രൗഢമായ അവതാരികയോട് കടപ്പെട്ടുപോകുന്നതായിരിക്കാം. എന്റെ കളി, അഭയം തേടിക്കൊള്ളു, നീ ഒന്നു കനിയുമോ?–അങ്ങിനെ എണ്ണിയാൽ എല്ലാം കവിതകളും എനിക്കിഷ്ടമായി.– ........

–സ്വന്തം, **കിളിമാനൂർ ശ്രീരഞ്ജൻ** (കിളിമാനൂർ)

2. **സാ**ഹിത്യമാർഗ്ഗത്തിലൂടെയുള്ള നിങ്ങളുടെ പ്രയാണത്തിൽ എല്ലാം ഭാവുകങ്ങളും ആശംസിക്കുന്നു!–.... .....

–വിധേയൻ, **എൻ. വി. കൃഷ്ണവാരിയർ**
(“മാതൃഭൂമി”-കോഴിക്കോട്)

3. **ജീ**വിതത്തെ അവലോകനം ചെയ്തും അതിന്റെ വിജയത്തിനുവേണ്ടി താരകാപഥത്തെ ലക്ഷ്യംവെച്ചും പ്രയത്നിക്കുന്ന ശ്രീ. സുവർണ്ണവല്ലിയുടെ “നീ ഒന്നു കനിയുമോ?” എന്ന കവിതാസമാഹാരം എന്നെ വളരെ സന്തോഷിപ്പിച്ചു. സ്ഥാനമോഹത്തോടും തൃഷ്ണാസക്തിയോടും നേതൃമ്മന്യതയോടും രോഷംപൂണ്ട് അഹിംസാമാർഗ്ഗത്തിലൂടെ പ്രേമത്തിന്റെ സുന്ദരോദയത്തിലേക്കുയരുവാൻ വെമ്പുന്ന ആദർശപരതയുൾക്കൊള്ളുന്ന ഈ പരിശ്രമശാലിക്ക് സർവ്വവിധ വിജയങ്ങളും സകലകലാനിധിയായ ശ്രീ. രാജരാജേശ്വരി നൽകുമാറാകട്ടെ!!

എന്നു ശുഭാശംസകളോടെ,

–വിദ്വാൻ, കെ. കെ. കുറുപ്പ്, കുട്ടമത്ത്

4. ..........—താങ്കൾ സാഹിത്യരംഗത്ത് സ്ഥിരപരിശ്രമം നടത്താൻ തന്നെ തയ്യാറായിരിക്കുന്നു എന്നതിൽ വളരെ സന്തോഷിക്കുന്നു. എന്നാലാവുന്നത്ര സഹായിക്കാൻ ഞാൻ ഒരുക്കമാണെന്നു് അറിയിക്കുകയും ചെയ്യുന്നു.—..........

താങ്കൾക്ക് സാഹിത്യലോകത്ത് നല്ലൊരുഭാവി നേർന്നുകൊണ്ടു്,

—സ്നേഹപൂർവ്വം, **എൻ. കൃഷ്ണപ്പിള്ള** (തിരുവനന്തപുരം)

5. ........—നൂതനശൈലിയേയും പ്രതിപാദനരീതിയേയും ആശ്രയിച്ചുകൊണ്ടുള്ള നിങ്ങളുടെ കവിത വായിക്കാൻ എനിക്കൊരിമ്പം തോന്നി.

കവിതകളിലെല്ലാം തന്നെ വിഷാദാത്മകത അതിന്റേതായ ഒരു കരിനിഴൽ വിരിച്ചിട്ടുണ്ടെങ്കിലും, അത് നിങ്ങളെ നിഷ്ക്രിയതത്തിലേക്കും നിരാശയിലേക്കും ഉന്തിവീഴ്ത്തുകയല്ല, പ്രത്യുത കർമ്മോന്മുഖതയും പ്രതിബന്ധങ്ങളോട് മല്ലിടുവാനുള്ള പ്രചോദനവും നിങ്ങൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളതെന്ന് കാണുന്നതിൽ എനിക്ക് സന്തോഷമുണ്ടു്.

ഭാവിയിലും നല്ല കവിതകളെഴുതി കൈരളിയുടെ ഭണ്ഡാഗാരത്തിലേക്ക് മുതൽക്കൂട്ട് വർദ്ധിപ്പിക്കുവാനുള്ള കഴിവ് താങ്കൾക്ക് മേല്ക്കുമേലുണ്ടാകട്ടെ എന്നു് ആശംസിക്കുകയും അതിന്നായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്നു്—സ്വന്തം

**—ടി. എസ്സ്. തിരുമുമ്പ്**, (പ്രസിഡണ്ട്, സാഹിത്യ പ്രവർത്തകസംഘം)

6. ...... ...—പത്രപംക്തികളിലൂടെ താങ്കളുടെ സാഹിത്യസംഭാവനകളുമായി പരിചയപ്പെട്ടിട്ടുണ്ട്.—..........

അകമഴിഞ്ഞ ശുഭാശംസകൾ!

**—എം. ടി. വാസുദേവൻനായർ,**
("മാതൃഭൂമി" കോഴിക്കോട്.)

9. ജീവിതത്തിന്നു് മഹത്തായ ഒരുദ്ദേശമുണ്ടെന്നും ആ ഉദ്ദേശസാക്ഷാത്കൃതതയാണ് ജീവിതലക്ഷ്യമെന്നും ഉറക്കെ പ്രഖ്യാപിക്കുന്ന ഈ സമാഹാരത്തിലെ പല കവിതകളും ആശയസമ്പുഷ്ടങ്ങളും വികാരനിർഭര

ങ്ങളമാണ്. പ്രേമത്തിൻെറയും നിത്യജീവിതത്തിൻെറയും മിഴിവുററ ഛായകരം വരച്ചുകാണിക്കാൻ ശ്രീ. സുവർണ്ണവല്ലി ഉപയോഗിച്ചിരിക്കുന്ന രീതി യുവതലമുറയ്ക്കു് അനുകരണീയമാണ്."

സുവർണ്ണവല്ലിയിൽ വിടരുന്ന കവിതാകുസുമങ്ങരം കൈരളിയുടെ ചേവടികരംക്കു് മോടികൂട്ടാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ!

**–കല്ലേലിൽ, എൻ. പത്മനാഭൻ നമ്പൂതിരി,**

(പത്രാധിപർ–"കേരളം", തൃശ്ശൂർ)

8. **നീ**ങ്ങളുടെ ലേഖനങ്ങളും കവിതകളും പത്രമാസികകളിൽ ഞാൻ ധാരാളം വായിച്ചിട്ടുണ്ടു്.– .........സ്ത്രീ ഹൃദയത്തിൻെറ വ്യക്തിമുദ്ര പതിഞ്ഞ വരികരം എന്നെ എത്രമാത്രം സന്തോഷിപ്പിക്കാറുണ്ടെന്നോ?

ഇനിയും എഴുതൂ. സമൂഹവികാരങ്ങളെയും സ്വന്തം ഭാവനകളെയും നോക്കിക്കണ്ടു്. കാലിക ചലനങ്ങരംക്കു് ശാശ്വതമൂല്യം നൽകുമാറ്, സുധീരമായി സാഹിത്യ സൃഷ്ടി തുടരൂ. നന്മ നേരുന്നു. നമ്മുടെ സാഹിത്യാലോകത്ത് സുവർണ്ണമുദ്രിതമാകട്ടെ, സുവർണ്ണവല്ലിയുടെ നാമം!

സ്നേഹാശംസകളോടെ, സ്വന്തം,

**–ലളിതാംബികാ അന്തർജ്ജനം** (രാമപുരം)

# പത്ര നിരൂപണങ്ങൾ

1. **സുവർണ്ണവല്ലി**യുടെ പത്തു ലഘുകവിതകളുടെ സമുച്ചയമാണിത്. ആത്മാവിഷ്കരണത്തിനുള്ള ഉപാധി എന്ന നിലയ്ക്കാണ് മിക്ക കവിതകളും കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്നതു്. പരകീയാർത്ഥങ്ങളായിട്ടൊന്നും ഇതിലില്ലെന്നതിനാൽ കവിതകൾക്ക് ഒരു അപൂർവ്വതയുണ്ട്.-........

ദൃഢനിശ്ചയമാണ് ചില കവിതകളിൽ അലയടിക്കുന്നതെങ്കിൽ, മററു ചിലതിൽ വിഷാദമധുരമായ ഒരന്തർമ്മുഖതപമാണുള്ളത്. 'കരൾപുകയുകയാണ്!', 'തുറന്നു പറയട്ടേ?'- എന്നീ കവിതകൾ രൂപശില്പത്തിലും ഭാവഭംഗിയിലും ഈ സമാഹാരത്തിലെ മററു കവിതകളെ അധഃകരിക്കുന്നു.-........

ഭാവിയുള്ള ഒരു കവിയെ നിങ്ങൾക്ക് ഈ പുസ്തകത്തിലൂടെ പരിചയപ്പെടാം.

-**എക്സ്പ്രസ്സ്** (ബാലചന്ദ്രൻ, മങ്ങാട്)

2. **അ**വ്യക്തങ്ങളോ വികലങ്ങളോ ആയ ആശയങ്ങളല്ല, ഇതിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളവയൊന്നും. സ്ഫടികസ്പുടമായ ആശയാവിഷ്കരണവും ലളിതസുന്ദരമായ രചനാരീതിയും സുവർണ്ണവല്ലിയുടെ വ്യക്തിമുദ്രകളാണ്.-........

അഭികാമ്യമായ വാസനാബലവും അതിനൊത്ത രചനാവൈഭവവും കൊണ്ട് അനുഗ്രഹീതമായ.....ഈ പ്രഥമകൃതി ഉൾക്കൊള്ളുന്ന ഗുണങ്ങൾ ദോഷാംശങ്ങളെ അപേക്ഷിച്ച് എത്രയോ കൂടുതലാണ്.

-**കേരളജനത** (പി. ആർ. എൻ.)

3. കവിയുടെ വ്യക്തിത്വം വായനക്കാരിൽ പകരുവാൻ പോരുന്ന രചനാഭംഗി ഇതിലെ മിക്ക കവിതകളിലും മുററിനില്ക്കുന്നു. ആശയങ്ങളുടെ ഭാവക്രൃതയും ആദർശദീക്ഷയും ആമൂലം ജീവിതനിരീക്ഷണത്തിൽ അടിയുറച്ച തത്വബോധവും പൂവിട്ടുനില്ക്കുന്ന ഒരു കവി സുവർണ്ണവല്ലിയിൽ കാണാമെന്ന് ഈ സമാഹാരം തെളിയിക്കുന്നു.—.........

കവിക്കായാലും കലാകാരനായാലും അയാളിൽ മഹത്തായ ഒരു ലക്ഷ്യവും ആ ലക്ഷ്യത്തെ പ്രതിനിധീകരിക്കുന്ന ഒരു പവിത്രാദർശവും കൂടിയേ കഴിയൂ. മാർഗ്ഗവിഘ്നങ്ങൾമൂലം പിന്തിരിഞ്ഞോടുന്ന ദൌർബ്ബല്യം ജീവിതമൂല്യത്തിൻെറ മാററു കുറക്കുന്നു. ഇതേപ്പററി ചിന്തിച്ച് പാകതസിദ്ധിച്ച ഒരു തൂലികയാണ് സുവർണ്ണവല്ലിയുടേതെന്ന് ഗ്രഹിക്കുവാൻ പ്രയാസമില്ല.—.........

എല്ലാ കലകളുടേയും പൊതുവെ വിശിഷ്യ കവിതയുടെ ഹൃദയസന്ദേശം ജീവിതത്തെ സംസ്കരിക്കുകയും ഉയർത്തുകയുമാണെങ്കിൽ, സുവർണ്ണവല്ലിയിൽ വിരിഞ്ഞ കവിതാകുസുമങ്ങൾക്ക് അതിനുള്ള കഴിവിയന്നിട്ടുള്ളതായിക്കാണാം.—.........

'എൻെറ കളി', 'നീ ഒന്നു കനിയുമോ?', 'ഒട്ടിപ്പിടിച്ച ഹൃദയങ്ങൾ', 'ഹൃദയത്തിൻെറ നിർദ്ദേശം' എന്നീ കവിതകൾ അനുവാചലോകത്തിൻെറ ശ്രദ്ധയെ സവിശേഷം ആകർഷിക്കത്തക്കവയത്രെ.—.........

'നീ ഒന്നു കനിയുമോ?' ഭാവിക്ക് ആശാവഹമായ ഒരു വാഗ്ദാനമരുളുന്നുവെന്ന് പറയുന്നതിൽ സന്തോഷമുണ്ട്.

—**മനോരമ** (സി. കൃഷ്ണൻ നായർ)

4. നൂതനങ്ങളായ ആശയങ്ങളെ പുതിയ പുതിയ വീക്ഷണഗതിയിലൂടെ സമീപിക്കാനുള്ള കഴിവുണ്ട് സുവർണ്ണവല്ലിക്ക്.-......

പരിശുദ്ധമായൊരു ജീവിതചിന്താപഥത്തിലൂടെ ഭാവനയും പ്രതിഭയും കൈകോർത്തുപിടിച്ച് സൈ്വരവിഹാരം ചെയ്യുന്ന സുവർണ്ണവല്ലിയിൽ കലാകുസുമങ്ങൾ വികസിക്കാൻ തുടങ്ങുന്നുണ്ട്...........സ്വന്തമായൊരു മേൽവിലാസം സമ്പാദിക്കുവാൻ സാധിക്കും, ഈ കാവ്യകൃത്തിന്ന്.

കവിക്ക് എല്ലാ ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

**-വനിത** (എം. മാധവൻ മൂസ്സത്)

5. **വളർന്നുവരുന്ന** സാഹിത്യകാരന്മാരിൽ പലതുകൊണ്ടും എണ്ണപ്പെട്ടുകഴിഞ്ഞ ശ്രീ. എ. എൻ. ഇ. സുവർണ്ണവല്ലി, കവിതകൾ, ഉപന്യാസങ്ങൾ, ചെറുകഥകൾ എന്നിവ മുഖേന കേരളീയരായ പത്രവായനക്കാർക്കിടയിൽ ചുരുങ്ങിയ കാലംകൊണ്ടുതന്നെ ഒരു ഉറച്ച സ്ഥാനം നേടിക്കഴിഞ്ഞിട്ടുണ്ട്. മലയാളരാജ്യം, ജയകേരളം, സമദർശി, മനോരമ, കേരളം, കൌമുദി, ചന്ദ്രിക, ദേശമിത്രം, സിനിമാ മാസിക മുതലായ പ്രചാരം കൂടിയതും കുറഞ്ഞതുമായ പത്രപംക്തികളിൽകൂടിയാണ് അക്കാര്യം സാധിച്ചിട്ടുള്ളതെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

പ്രഥമോപഹാരത്തിൽത്തന്നെ, "ജീവിതയാഥാർത്ഥ്യങ്ങളിൽനിന്ന് പൊങ്ങുന്ന വികാരങ്ങൾ ഭാവനയുടെ ചിറകടിച്ച് വിചാരത്തിലേക്ക് പറക്കുന്ന" കാഴ്ചയാണ് നാം കാണുന്നത്.-.........

ഇന്നത്തെ യുവസാഹിത്യകാരന്മാരിൽ പലരുടേയും പുരോഗമനപരങ്ങളായ പദ്യകൃതികളിൽ പ്രായേണ അവഗണിക്കപ്പെട്ടുകാണുന്ന കലാമൂല്യങ്ങൾക്ക് തികച്ചും വിലയിരുത്തിക്കൊണ്ടാണ് ശ്രീ. സുവർണ്ണവല്ലി കവനകർമ്മത്തിൽ മൌലികവും കാലികവുമായ ജീവൽപ്രശ്നങ്ങൾ ഭാവനാമധുരമായി കൈകാര്യം ചെയ്തിട്ടുള്ളതെന്ന് "നീ ഒന്നു കനിയുമോ?" എന്ന പദ്യസമാഹാരസുവർണ്ണവല്ലരിയിലെ ഓരോ കൊച്ചുപൂമൊട്ടുകളും തെളിച്ചോതുന്നുണ്ട്.–........

ഇങ്ങിനെ ആശയത്തിന്നും പ്രതിപാദനത്തിന്നും വൈവിദ്ധ്യവും വൈചിത്ര്യവുമുള്ള കാവ്യതല്ലജങ്ങളാണ് ശ്രീ. സുവർണ്ണവല്ലി കൈരളിക്ക് സമർപ്പിച്ച സുവർണ്ണോപഹാരത്തിലുള്ളതെന്ന വസ്തുത സഹൃദയരായ ആസ്വാദകരെ സവിശേഷം ആകർഷിക്കും.

ഉത്തരോത്തരം വികസ്വരങ്ങളാകാനിരിക്കുന്ന, പരിശ്രമശീലവും പ്രതിഭാസമ്പന്നതയും തികഞ്ഞ ഈ യുവസാഹിത്യപ്രേമിയുടെ കവനകുസുമങ്ങളുടെ വാസനാസമ്പന്നമായ കാന്തികന്ദളങ്ങൾ സമീപഭാവിയിൽ ആസ്വാദകരെ സാംസ്കാരികവീഥിയിൽക്കൂടി ആനന്ദനിർവൃതിയിലേക്ക് സസ്നേഹം സ്വാഗതം ചെയ്യുമെന്നാണ് എന്റെ ദൃഢമായ വിശ്വാസം.

ഗദ്യപദ്യാത്മകമായ കവനകർമ്മത്തിൽ ക്രമേണ തെളിവും മിഴിവും നേടിക്കൊണ്ട് ഉയർന്നുവരുന്ന ശ്രീ. സുവർണ്ണവല്ലിക്ക് എന്റെ ഹാർദ്ദമായ അനുമോദനങ്ങൾ! ഭാവുകങ്ങൾ!!

–**കേരളം** (വിദ്വാൻ, എ. പി. ജി. നീലേശ്വരം)

# അവതാരിക

മലയാളത്തിൽ ചെറുകഥാപ്രസ്ഥാനത്തിന്റെ വളർച്ച മുരടിച്ചുവെന്ന് വിശ്വസിക്കുന്ന ചിലരുണ്ട്. കഴിവുള്ള കാഥികന്മാരിൽ പലരും ആഖ്യായികാപ്രസ്ഥാനത്തിലേക്കു കാൽവെച്ചതാണ് ഈ വിശ്വാസത്തിന്നു കാരണം. കരുത്തുള്ളവർ കനത്ത കലാസൃഷ്ടികളുടെ നിർമ്മിതിയിൽ തന്നെ ശ്രദ്ധിക്കണം. ആഖ്യായികകളെ അപേക്ഷിച്ച് ചെറുകഥകളുടെ രചനയ്ക്ക് ആയാസലാഘവമുണ്ട്. അതിനാൽ പിൻപന്തിയിലുള്ളവർക്ക് മുന്നോട്ടു വലിഞ്ഞു കയറാൻ ഇതൊരു നല്ല അവസരമാണ്. പുതിയ തലമുറയിൽപെട്ട പലരും അങ്ങിനെ ചെറുകഥാരംഗത്തിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കുവാനും തുടങ്ങീട്ടുണ്ട്.

നിങ്ങൾ വായിപ്പാൻപോകുന്ന ഈ സമാഹാരത്തിലെ കഥകൾ ഇളംതലമുറയിലെ വാസനാനുഗ്രഹീതമായ ഒരു കാഥികഭാവനയിൽ രൂപംകൊണ്ടവയാണ്. വളരെയധികം കഥകൾ എഴുതിയിട്ടില്ലെങ്കിലും, എഴുതിയവ തന്നെ തെളിയിക്കുന്നുണ്ട്, ശോഭനമായ ഒരു ഭാവി ശ്രീ. സുവർണ്ണവല്ലിയെ സകൌതുകം ഉററുനോക്കിക്കൊണ്ടിരിക്കുന്നുണ്ട്, എന്ന്. അന്തരീക്ഷാവിഷ്കരണത്തിലും പാത്രനിർമ്മിതിയിലും സർവ്വോപരി ജീവിതചിത്രണത്തിലും ആ വ്യക്തി പ്രദർശിപ്പിക്കുന്ന പാടവം നിങ്ങളുടെ സാദരശ്രദ്ധയെ ആകർഷിക്കാതിരിക്കില്ല. ആദ്യത്തെ കഥയിൽ ചായപ്പീടികയിലെ ചില്ലറ നേരംപോക്ക് വാക്കേററത്തിലും ചോരചൊരിച്ചലിലും പര്യവസാനിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. അതിന്നു യോജിച്ചവിധം ശോകമൂകമായ ഒരന്തരീക്ഷത്തിലാണ് കഥ ആരംഭിക്കുന്നത്. പശ്ചാത്തലവും പ്രതിപാദ്യവും തമ്മിലുള്ള ഇണക്കംകൊണ്ടു് കലാസൃഷ്ടിക്കുണ്ടാകാവുന്ന കാമനീയകത്തിന്ന് ഒരു മികച്ച ഉദാഹരണമായിട്ടുണ്ട് ആ കഥ. അതിലെ ചായക്കാരൻ വാരിയരും മമ്മദും നിങ്ങൾക്ക് ധാരാളം പരി

ചയമുള്ള വ്യക്തികളാണ്. ലക്ഷ്യം ലഗാനമില്ലാതെ ജീവിതത്തെ കണ്ടമാനം ധൂർത്തടിച്ച് അവസാനം ആത്മഹത്യയുടെ മാർത്തടത്തിലേക്ക് കുതിച്ചുചാടേണ്ടിവന്ന കേശുനായരും (ഇളകിമറിയുന്ന ഹൃദയം) പുതുമയുമായി ഇണങ്ങിച്ചേരാൻ കഴിയാതെ എല്ലാവരേയും വെറുത്തും വെല്ലുവിളിച്ചും കഴിയുന്ന ശങ്കുണ്ണിമേനോനും (എല്ലാം നശിക്കുകയാണ്.) ആഢ്യത്വം നിലനിത്താൻവേണ്ടി നിത്യദാരിദ്ര്യത്തിലേക്ക് തലകീഴായി പതിച്ച വാസുനമ്പൂതിരിയും (കണ്ണീരിൽ കുതിന്ന കുടുംബം) ചോരത്തിളപ്പിന്റെ ചൊൽപ്പടിക്ക് കീഴ്പ്പെട്ട് ഭാവി മുഴുവൻ നിത്യക്ലേശത്തിന്ന് പണയപ്പെടുത്തിയ വിദ്യാർത്ഥിയും (തലതിരിഞ്ഞ പ്രണയം) മററും നമ്മുടെ അയൽപക്കങ്ങളിലുള്ളവരുടെതന്നെ തന്മയത്വം തികഞ്ഞ ചിത്രങ്ങളാണ്.

ജീവിതവുമായി ദൃഢബന്ധം പുലത്തുന്നവയാണ്, ശ്രീ. സുവണ്ണവല്ലിയുടെ കഥകൾ. അവയ്ക്ക് വ്യക്തവും വിശ്വാസ്യവുമായ ചില സന്ദേശങ്ങൾ നൽകാനുണ്ട്. അവ നിങ്ങളുടെ ശ്രദ്ധയെ ജീവിതത്തിന്റെ ആഴത്തിലേക്ക് ആകഷിക്കും. തനിക്ക് നല്കാനുള്ള സന്ദേശത്തെ സമത്ഥമായവിധം ഗോപനം ചെയ്യുന്നു എന്നതാണ് ഒരു കഥാകൃത്തിന്റെ നിലയിൽ ശ്രീ. സുവർവല്ലി പ്രദശിപ്പിക്കുന്ന കൈമിടുക്ക്.

ഉത്തിഷ്ഠമാനമായ നിലയിൽ മുന്നോട്ടുന്ന ഈ യുവകഥാകൃത്തിന്ന് ഞാൻ സവ്വാത്മനാ ഭാവുകമാശംസിക്കുകയും ഈ ആദ്യത്തെ ചെറുകഥാസമാഹാരത്തെ സസന്തോഷം സഹൃദയസമക്ഷം അവതരിപ്പിക്കുകയും ചെയ്തു കൊള്ളുന്നു.

പട്ടാമ്പി, 5-11-'60. } എന്നു, **ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ.**

# കൃതജ്ഞതയുടെ
# സമർപ്പണം.

"നീ ഒന്നു കനിയുമൊ?" എന്നു ചോദിച്ചുകൊണ്ടു കുറെ കൊച്ചു കവിതകളുമായാണ്, ഞാനാദ്യമായി സഹൃദയലോകത്തെ സമീപിച്ചത്. ആ സ്വാദകലോകത്തിന്റെ കൌതുകപൂർവ്വമുള്ള സ്വീകരണം എന്നെ ആവേശംകൊള്ളിക്കുകതന്നെ ചെയ്തു. അതേ ചോദ്യംതന്നെ ആവൎത്തിക്കുകയാണിപ്പോൾ. പക്ഷെ കവിതകളുമായിട്ടല്ല, കഥകളുമായിട്ട്. പല പത്രപംക്തികളിലുംകൂടി സഹൃദയരുടെ പ്രോൽസാഹനവും അഭിനന്ദനവും സമാൎജ്ജിച്ചവയാണ്, മിക്ക കഥകളും. ആവശ്യമെന്നു യുക്തിക്ക് തോന്നിയ ചില മാററങ്ങൾ വരുത്തിയിട്ടുണ്ടെന്നുമാത്രം. ആ നിലക്കും ഇവയൊന്ന് പരിശോധിക്കുന്നത് രസാവഹമായിരിക്കുമല്ലൊ.

ശ്രീ. ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായരാണ്, ആദ്യോപഹാരത്തെ സഹൃദയലോകത്തിലേക്ക് അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ അവതരണത്തോടും, ഉപദേശങ്ങളോടും, നിർദ്ദേശങ്ങളോടും എന്റെ തൂലിക വളരെയധികം കടപ്പെട്ടിട്ടുണ്ട്. സുസമ്മതനായ ആ നിരൂപകവരേണ്യനെ എനിക്കൊരിക്കലും മറക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടുതന്നേയാണ്, ഈ കഥാസമാഹാരവും അവതരിപ്പിക്കുവാൻ സ്നേഹാദരങ്ങളോടെ അദ്ദേഹത്തോട് അപേക്ഷിച്ചത്. സഹൃദയത്വം വഴിഞ്ഞൊഴുകുന്ന ആ മഹാശയൻ എന്റെ അപേക്ഷ സ്വീകരിച്ചതിലും എനിക്കുള്ള കൃതജ്ഞത അപരിമിതമാണ്.

ആദ്യോപഹാരത്തിൻെറ കാര്യത്തിൽത്തന്നെ ഞാൻ വേറെയും പലരോടും കടപ്പെട്ടിട്ടുണ്ട്. പ്രോത്സാഹനാത്മകമായ പുസ്തകാഭിപ്രായങ്ങൾകൊണ്ട് വളരെയധികം പ്രചോദനം നൽകിയ പത്രനിരൂപകന്മാർ എൻെറ ആരാധനാപാത്രങ്ങളാണ്. അതോടൊപ്പംതന്നെ ആ എളിയ ഉപഹാരം സകൌതുകം സ്വീകരിച്ചവരും, അഭിപ്രായങ്ങളും ആശംസകളും സ്നേഹപൂർവ്വം അയച്ചുതന്നവരും, സഹായസഹകരണങ്ങൾ നൽകിയവരും, മററു പലതരത്തിലും പ്രോത്സാഹിപ്പിച്ചവരും. ചുരുക്കത്തിൽ കടപ്പാടിൻെറ ഒരു കൊച്ചുലോകത്തിലാണ്, ഞാനിപ്പോൾ. കൃതജ്ഞതയങ്ങിനെ തിങ്ങിവിങ്ങിപ്പൊങ്ങുകയാണ്, ഹൃദയത്തിൻെറ അഗാധതയിൽ നിന്നും! ഓരോരുത്തരുടെയും മുമ്പിൽ ഞാൻ കൃതജ്ഞതയുടെ കൂപ്പുകൈകൾ സാദരം സമർപ്പിച്ചുകൊള്ളട്ടെ!

സന്തോഷവും, സംതൃപ്തിയും, പ്രചോദനവും ആയിരുന്നു, ആ ചോദ്യത്തിൻെറ ഫലം. ആവർത്തനത്തിന്നും അതെല്ലാം ലഭിക്കുമെന്നാണ്, എൻെറ പ്രതീക്ഷയും വിശ്വാസവും.

ഇതാ, ഈ എളിയ കഥാസമാഹാരവും ശുഭപ്രതീക്ഷയോടുകൂടിത്തന്നെ സഹൃദയത്വത്തിന്നുമുമ്പിൽ സവിനയം-സാദരം സമർപ്പിക്കുകയാണ്!

നീലേശ്വരം, } എന്നു നിങ്ങളുടെ,
5—11—'60) എ. എൻ. ഇ. സുവർണ്ണവല്ലി

# തമാശ പോയ പോക്ക്

ഇടതടവില്ലാത്ത മഴ. ആകാശം ഇരുണ്ടു കൂടിയിരിക്കയാണ്. അതോ, സൂര്യരശ്മികളെ നിശ്ശേഷം തടഞ്ഞുകൊണ്ടും എവിടേയും നിഴലിച്ചുകാണാം, ഒരു ശോകഭാവം.

ആ ചായപ്പീടികയിൽ ഒരു മങ്ങിയ വെളിച്ചമേയുള്ളൂ. റാന്തലിൻെറ നാളം അസ്വാസ്ഥ്യതയോടെ ചലിച്ചുകൊണ്ടിരിക്കയാണ്. അടുത്തുതന്നെ അതും നോക്കിയിരിക്കുന്നുണ്ടു്, കൃഷ്ണവാരിയർ. ആ ദിവസത്തോടുതന്നെയുള്ള ഒരു ചോദ്യചിഹ്നം പോലെയാണ്, അയാളുടെ ഇരിപ്പ്. അസാധാരണമായ ഒരു ഉന്മേഷമില്ലായ്മ ആ മുഖത്ത് കരിതേക്കുകയാണ്.

അയാൾ ഉന്മേഷത്തിൻെറ പ്രതീകമായിരിക്കും, മിക്കദിവസവും വിശേഷിച്ചും വൈകുന്നേരമായാൽ ഒരു നിമിഷംപോലും അയാൾക്ക് ഒഴിവുണ്ടാവില്ല ചിലപ്പോൾ സഹായത്തിന്നുണ്ടാകും, വീട്ടുകാർ ആരെങ്കിലും. ഇല്ലെങ്കിൽ കാര്യം വിഷമത്തിലാവും. ചായകൂട്ടുന്നോടത്തേക്കുപോയ് കൊള്ളണം, ഒരുമാതിരിക്കാരൊക്കെ. വേഗം വേണമെങ്കിൽ മതി നിർബ്ബന്ധമൊന്നുമില്ല. അങ്ങിനെ ചെയ്യില്ലെങ്കിൽ കുറെ താമസിക്കുമെന്നുമാത്രം. അതിന്നിടയിൽ പാൽ തീൻ്നുപോയെങ്കിൽ മടങ്ങിപ്പോകേണ്ടിവന്നേയ്ക്കും. അതെ, കാത്തിരുന്നത് വെറുതെയാവും. ചിലർ കരിഞ്ചായകൊണ്ടു് തൃപ്തിപ്പെട്ടുകൊള്ളും. പാലില്ലാത്ത ന്യൂനത അവരെ ബാധിക്കാറില്ല. കാരണം, വാരിയരു

ടെ പൊട്ടിച്ചിരിയോടുകൂടിയുള്ള പെരുമാററം അത് പരിഹരിക്കും.

സന്ധ്യയാവുമ്പോഴേക്കും പെട്ടിനിറയും. മിക്കദിവസവും അങ്ങിനെയാണ്, പതിവ്. പെട്ടി കുറെപ്പെരുതാണേ! എങ്കിലും അത് നിറഞ്ഞാൽമതി അയാളുടെ ഉത്സാഹം കരകവിഞ്ഞൊഴുകും. പെട്ടി നിറഞ്ഞ ദിവസമെല്ലാം വാരിയക്ക് ഉത്സാവഹമാണ്.

പണമെല്ലാം എണ്ണിനോക്കും. കട പൂട്ടാറാവുമ്പോൾ. ആളുകൾ അപ്പോഴും ഒഴിഞ്ഞിട്ടുണ്ടാവില്ല. ചായ കിട്ടിയവരും കിട്ടാത്തവരും അക്കൂട്ടത്തിലുണ്ടാവും. അവരെല്ലാം വാരിയരെ പ്രശംസിക്കും. അതെ, അയാളുടെ പൂർവ്വ പുണ്യത്തെക്കുറിച്ച്! മൂപ്പർക്കതിൽ സന്തോഷമേയുള്ളൂ.

എണ്ണിക്കഴിഞ്ഞാൽ ഒരു ആനന്ദനൃത്തമുണ്ട്.-വാരിയരുടെ വകയിൽ പെട്ടിയെടുത്തു ചാണത്തലയിൽ വെയ്ക്കും. മുറുക്കുകൊണ്ടു വൃത്തികേടായ നീണ്ട പല്ലുകൾ 'ഇളി'യിൽക്കൂടി പുറത്തു ചാടാൻ വെമ്പും. കുടവയറങ്ങിനെ കുലുങ്ങും. ആ കപ്പാടെ ആ ആനന്ദതാണ്ഡവം ഒന്നു കാണേണ്ടതു തന്നെയാണ്. ഏതു ഗൌരവക്കാരനും അതു കാണുമ്പോൾ പൊട്ടിച്ചിരിച്ചുപോകും. അതു കഴിഞ്ഞാൽ പെട്ടിമടിയിൽ വെച്ച് സ്റ്റൂളിന്മേൽ ഇരിക്കുകയായി. അപ്പോഴേക്കും സ്റ്റൂളിൻെറയും പെട്ടിയുടേയും ഉദ്യോഗം മാറും. മൃദംഗവും ഘടവുമായിമാറും, രണ്ടും സപ്തസ്വരത്തോടുകൂടിയാണ്, ഉപസംഹാരം. പക്ഷെ, വാരിയരുടെ സപ്തസ്വരം എണ്ണത്തിൽക്കൂടുതലാണ്. എല്ലാവരും പൊട്ടിച്ചിരിക്കും. ഇടയ്ക്കിടെയുണ്ടാവും, കയ്യടി. ഓരോ കയ്യടിയും ഓരോ പൊട്ടിച്ചിരിയും ഓരോ

വീരശൃംഖലയാണ്, വാരിയക്ക് അയാം കച്ചേരിതുടങ്ങിയാൽ ചിലപ്പോഴം അയൽപ്രദേശങ്ങളിലുള്ള എരുമക്കംകയറുപൊട്ടിച്ച് ഓടാറുണ്ടത്രെ! വാരിയരുടെ പിൻപാട്ടുകാരാണ്, നായകളും കുറുക്കന്മാരും. അവർ തങ്ങളുടെ ജോലി യഥോചിതം നിവ്വഹിക്കും.

പക്ഷെ, ആ ദിവസം! അതൊരു ദുർദ്ദിനം തന്നെയാണ്. അതെ, ശപിക്കപ്പെട്ട ദിവസം. മണി ആറായി. എന്നിട്ടും ഒരൊററ കുട്ടിയെപ്പോലും കാണാനില്ല. പിന്നെയെങ്ങിനെ വാരിയരുടെ മുഖം കരിയാതിരിക്കും?

വലിയൊരു പട്ടണമൊന്നുമല്ല, ആ പ്രദേശം നാലഞ്ചു പീടികയേ, അവിടെയുള്ളു. അവയിൽ ചായപ്പീടിക ഒന്നുമാത്രം. അതോ വാരിയാരുടേതും. കച്ചവടത്തിന്റെ കണ്ണുകണ്ട മനുഷ്യനാണയാം. വാരിയർ അക്കാര്യം സാഭിമാനം ഘോഷിക്കും. ഒരു ഹൈസ്കൂളുണ്ട്, അടുത്തുതന്നെ. ആ വഴിക്കു ഒന്നു രണ്ടു ബസ്സ് സവ്വീസ്സും. ആ ചായപ്പീടികയുടെ മുൻഭാഗമാണ് ബസ്സ് സ്റ്റാൻഡ്. വാരിയരെ ശരണം പ്രാപിക്കുകയേ നിവൃത്തിയുള്ളൂ. വല്ലതും അകത്താക്കണമെങ്കിൽ. ആരെങ്കിലും പീടികയുടെ നേരെ തിരിഞ്ഞാൽമതി. ഒരു അഭയാത്ഥിയെ സ്വീകരിക്കുന്ന ഭാവം അയാളിൽകാണാം. ചില അദ്ധ്യാപകന്മാരും വിദ്യാത്ഥികളും വാരിയരുടെ സ്ഥിരം അഭയാത്ഥികളാണ്.

അന്ന് ഒരു ഞായറാഴ്ച്യയാണ്. അതിനാൽ സ്കൂളിന്റെ കാര്യം പറയാനില്ല. ഒരു ബസ്സ് കേടുവന്നു കിടക്കുകയാണത്രെ. മററതിന്ന് യാത്രക്കാരുണ്ടായില്ല, അവിടെ ഇറങ്ങാൻ രാവിലെ മുതൽ തുടങ്ങിയതാണ്, മഴ. അതായിരിക്കാം, സക്കീട്ടുകാരുടെ അഭാവത്തിന്നു കാരണം.

തൊഴിലില്ലാത്ത കുറെ ചെറുപ്പക്കാരുണ്ടു്, ആ നാട്ടിൽ അവരുടെ ഉദ്യോഗം വാരിയരുടെ കടയിലാണ്. അഥവാ, ആ കടയാണ്, ഓഫീസ്സ്. നിത്യേന രാവിലേയും വൈകുന്നേരവും അവിടെയെത്തും. പാർട്ട്ടൈം ജോലിക്കാരണവർ. അതായത്, പെൺകുട്ടികൾ സ്കൂളിലേക്ക പോവുകയും വരികയും ചെയ്യുന്നസമയത്തേ, അവക്ക് ജോലിയുള്ളു. അതു കഴിഞ്ഞാൽ അവരവരുടെ പാട്ടിനുപോകും. ആ പോക്കിൽ ഓരോ 'സിംഗൾകടം' ഉണ്ടാവും. വാരിയരുടെ നേട്ടം അതാണ്. അതുകൊണ്ടു അയാൾ ആ ജോലിയെ പ്രോത്സാഹിപ്പിക്കാറെ ഉള്ളു. അന്നാരുമില്ല, ഗ്രഹപ്പിഴക്ക് ഇരുന്നിരുന്ന് മുഷിഞ്ഞു പൂട്ടാറാവുമ്പോഴേക്കും പെട്ടിതീരെ ഒഴിയുന്നമട്ടാണ്. അതിലാണ് വാരിയരുടെ സങ്കടം മുഴുവൻ. നേരെമറിച്ചു ആകാശംതന്നെ ഇടിഞ്ഞുവീണാലും അയാൾക്ക് യാതൊരു ക്ലേശവുമുണ്ടാവില്ല.

വാരിയർ പെട്ടിയൊന്നു തുറന്നുനോക്കി. രണ്ടു മൂന്നണയേയുള്ളു. അതോ, തലേദിവസം 'വിത്തിനുവെച്ച'തും. അന്നത്തെ സമ്പാദ്യമെന്നു പറയാനൊന്നുമില്ല. അയാൾ പെട്ടിവലിച്ചടച്ചു. ചായ കൂട്ടുന്നേടത്തേക്കൊന്നുനോക്കി. പാൽ രാവിലെ കൊണ്ടുവന്നതുതന്നെ വെറുതെ കിടക്കുകയാണ്. അടുപ്പത്തുള്ള ചെമ്പുപാത്രത്തിലെ വെള്ളം മെല്ലെ തിളക്കുന്നുണ്ട്. മുക്കാൽ കിലുങ്ങുന്ന ശബ്ദം അല്പാല്പം കേൾക്കാം. അതോ ആ പാത്രംതന്നെ വിങ്ങിവിങ്ങിക്കരയുന്നതുപോലെയും!

അയാൾ എഴുന്നേററു. തീയൊന്നു വലിച്ചുകൂട്ടി. ഏതായാലും തണുപ്പൊന്നു മാററണം. അതിന്നൊന്ന് കുടി

ക്കകതന്നെ. അടുപ്പിന്നടുത്തുതന്നെ ഇരുന്നു. അയാൾ തൻെറ ഉത്തരവാദിത്വത്തിലേക്കൊന്ന് കണ്ണോടിച്ചു.

ആ കച്ചവടമാണ് അയാളുടെ കുടുംബഭാരം മുഴുവൻ താങ്ങുന്നത്. വയസ്സായ അച്ഛനും അമ്മയുമുണ്ട്. മരണത്തെയും പ്രതീക്ഷിച്ച് കഴിയുകയാണവർ. കൂടാതെ, ഭാര്യയും അഞ്ചാറുമക്കളും. നാലു കുട്ടികൾ പഠിക്കുകയാണ്. ഒരു കുട്ടിക്ക് നാലുവയസ്സായി. മുലകുടിക്കുകയാണ്, മറെറാന്ന്. അവരെയും പഠിപ്പിച്ചേ പററൂ. അതാതു ദിവസം കിട്ടുന്നത് അതാതു ദിവസം ചെലവ്. അത്രതന്നെ. എല്ലാദിവസവും ഒരുപോലെ കിട്ടുകയാണെങ്കിൽ! അതുണ്ടാവുകയുമില്ല. കുടുംബഭാരം-അതൊരു വല്ലാത്ത ഭാരമാണ്. അത് താങ്ങുവാൻ പലരും ഞെരുങ്ങും. കറുത്തുതടിച്ച ആ ഇരുമ്പുമനുഷ്യൻപോലും അക്കൂട്ടത്തിൽ പെടും.

പക്ഷെ, അയാൾക്ക് ഉള്ളിൽ കഴമ്പുകുറയും. പെട്ടിയിൽ പണം വീഴാൻ തുടങ്ങിയാൽ മതി. പ്രാരബ്ധമെല്ലാം മറക്കും. അയാളുടെ ജീവിതം ആനന്ദസാമ്രാജ്യത്തിലായിരിക്കും, അപ്പോൾ. അവിടുത്തെ ചക്രവർത്തിയായിരിക്കും, മൂപ്പർ.

മുക്കാലിൻെറ ശബ്ദം വർദ്ധിച്ചുതുടങ്ങി. ആ തപിക്കുന്ന പാത്രത്തിൽനിന്നും പുറത്തുചാടാനുള്ള വെമ്പൽ! അതിന്നുള്ള പ്രക്ഷോഭണമാണത്. വാരിയർ എഴുന്നേററു, കോട്ടുവായിട്ടുകൊണ്ട്. പാട്ടയെടുത്ത് വെള്ളം കോരി. ചായക്കൂട്ടാനുള്ള വട്ടമാണ്.

“ഒന്നെനക്കും വേണം വാര്യരേ!”

കേവലം അപ്രതീക്ഷിതമാണ്, ആ ആവശ്യം. അയാളൊന്ന്, ഞെട്ടിപ്പോവുകതന്നെ ചെയ്തു. ചായപ്പീടിക

യുടെ എതിർ വശത്തു് ഒരു 'പലചരക്ക് പീടിക'യുണ്ടു്. അവിടെ നിന്നാണ്, ആ ആവശ്യം ഉയന്നതു്. വാരിയക്ക് ആദ്യം വിശ്വാസമായില്ല. ഒന്നു സൂക്ഷിച്ചുനോക്കി. അതെ, മമ്മദുതന്നെയാണ്, വിളിച്ചുപറഞ്ഞതു്. അവൻ അവിടെനിന്നു് വാരിയരെത്തന്നെ നോക്കുന്നുണ്ടു്. ഏതായാലും ചായ കൂട്ടുകതന്നെ. അയാൾ ഒരു പാട്ടക്കുടി കോരിയെടുത്തു. അവനും മാററട്ടെ, തണുപ്പ്.

വാരിയരുടെ സംശയത്തിന്നു കാരണമുണ്ടു്. രണ്ടുപേരും 'ലോഹ്യത്തി'ൽത്തന്നെയായിരുന്നു, മുമ്പു്. പക്ഷെ, ക്രമേണ പരസ്പരം സംഭാഷണമില്ലാതായി. വാരിയരെപ്പററി മമ്മദ് പലരോടും പലതും പറയാറുണ്ടത്രെ. അതു് അയാൾക്കത്ര പിടിച്ചില്ല. ആദ്യമാദ്യം സംഗതികൾ വാരിയരോടു് പറഞ്ഞവരോടു, മറുപടി പറഞ്ഞയച്ചു. രണ്ടുമൂന്നു തവണ നേരിട്ടു് ഗുണദോഷിച്ചുനോക്കുകതന്നെ ചെയ്തു. വാരിയർ മമ്മദിനെപ്പററിയും പലതും പറഞ്ഞതായി അവൻ കേട്ടിട്ടുണ്ടത്രെ! നാലാമത്തെ തവണ ഒരു വഴക്കിലാണ് കലാശിച്ചതു്. അതിന്നുശേഷം അന്യോന്യം സംസാരിക്കാറില്ല. അന്നാദ്യമായാണ് മമ്മദ് വാരിയരോടു് മിണ്ടിയതു്.

കുടുംബജീവിതത്തെ സംബന്ധിച്ചേടത്തോളം രണ്ടുപേരും ചങ്ങാതിമാരാണ്. ആ 'ലോഹ്യകാല'ത്തു് കുടുംബകാര്യങ്ങളെല്ലാം അന്യോന്യം കൈമാറാറുണ്ടു്. നാല്പത്തഞ്ചുകാരനാണവൻ. അഞ്ചുവയസ്സുമാത്രമേ വാരിയക്ക് കൂടുതലുള്ളു. കുടുംബഭാരത്തിൽ അവനും ഒട്ടും പിന്നിലല്ല. അല്പമെങ്കിലും കൂടുതലാണ്. അതിന്നുള്ള ഒരേയൊരു പോംവഴിയാണ് കച്ചവടം. അവൻെറ കാര്യവും അന്നു് പരുങ്ങലിൽത്തന്നെ.

വാരിയർ കട്ടപ്പത്തിൽ രണ്ടു ചായക്കൂട്ടി. അപ്പോഴേക്കും കയറിവന്നു, മമ്മദ്. "ചൂടുള്ള കടീം ബേണം" അവൻ ബെഞ്ചിന്മേൽച്ചെന്നിരിപ്പായി.

"ഇപ്പഴ് ചൂടില്ല. കടിച്ചാലുണ്ടായ്ക്കൊള്ളും." ഒരു പച്ചച്ചിരിയോടെ വാരിയർ പറഞ്ഞു.

ഉടനെ ഈരണ്ടു ദോശയെടുത്തു ഓരോ പ്ലെയിററിൽവെച്ചു ഓരോ സ്പൂൺ പഞ്ചസാരയും ഇട്ടു. യഥാസ്ഥാനം കൊണ്ടുവെച്ചുകൊടുത്തു. വാരിയരും ചായകുടിക്കാനൊരുങ്ങി.

"രണ്ടെണ്ണം ഞങ്ങൾക്കും." കുര്യക്കോസ്സ് വിളിച്ചുപറഞ്ഞുകൊണ്ടാണ്, കയറിവന്നത്. വാരിയരുടെ ഹൃദയം വികസിച്ചു. അയാൾ തിരിഞ്ഞുനോക്കിക്കൊണ്ട് പറഞ്ഞു.

"ആരാ?-കുര്യക്കോസോ?" എവ്ട്ടാന്ന്, ഇത്രനേരം? ആട്ടെ, കടിവേണോ-കടി?"

"ങ്ങ്. കടീം പിടീം കൈക്കെരിക്കട്ടെ." കണ്ണൻനായർ പിന്നിൽനിന്ന് പറഞ്ഞു.

"ആദ്യം പിടി ഇരിക്കട്ടെ. എന്നിട്ടാവാം കടി. എന്താ അങ്ങനല്ലേ, വേണ്ടത്?" അതാണ് കുര്യാക്കോസ്സിന്റെ അഭിപ്രായഗതി.

"പിടിച്ചിട്ടുവേണോല്ലോ, കടിക്കാൻ-ല്ലേ?" വാരിയർ ഉത്സാഹത്തോടെ ചായക്കൂട്ടിത്തുടങ്ങി.

"ഒന്ന് ഞമ്മള്ക്കും." നനഞ്ഞൊലിച്ചുകൊണ്ട് കയറിവരികയാണ്, സൂപ്പി.

"എന്താടോ, നിങ്ങളെല്ലാം കെടന്നൊറങ്ങാന്നോ, ഇത്‌വരെ?" വാരിയർ ചെറിയൊരു പരിഭവം തൊടുത്തുവിട്ടു.

"അയിന്ന് ഞമ്മക്ക് നസീബ് തന്നോ, പടച്ചോൻ?" സൂപ്പി വിട്ടില്ല. "ഹലാക്കിൻെറ മയ!"മഴയെ ശപിച്ചുകൊണ്ട് സൂപ്പി തൻെറ കമ്പളങ്ങത്തലയൊന്നു തടവി.

"അതന്ന്യാ, ഞാനും പറേന്നത്. ഇതുവരെ വെറുതെയിരുന്ന്, ചന്തിക്ക് തഴമ്പു പിടിച്ചു."

വാരിയർ ചായകൊണ്ടുകൊടുത്തു. ചന്തിയൊന്നുറക്കെ തടവി. സ്വാഭാവികമായ ഗോഷ്ടിയോടെത്തന്നെ. അതവിടെ ഒരു പൊട്ടിച്ചിരി സൃഷ്ടിച്ചു. ചിരികേട്ടാൽ മതി. അയാളുടെ ഗോഷ്ടികൾ വർദ്ധിക്കുകയായി. അങ്ങിനെയാണ്, പതിവ്. അയാൾ ചെന്ന് കാലിന്മേൽ കാലോറി സ്റ്റൂളിന്മേൽ ഇരുന്നു. കുടവയറൊന്നു തടവി. ഇടയ്ക്കിടെ തേട്ടിക്കൊണ്ട് ചായകുടിച്ചുതുടങ്ങി. ആ കാഴ്ചകണ്ട് എല്ലാവരും ഊറിച്ചിരിച്ചു.

"നമ്മുടെ വാര്രച്ചന്ന് മാസം പത്തും തെകഞ്ഞതല്ലോ." മമ്മദിൻെറ ഉള്ളിൽനിന്നും ഒരു ഫലിതം പുറപ്പെട്ടു.

"അല്ലാ, ആരായ്ത്, പററിച്ചത്? ഈ വയസ്സുകാലത്ത്?" കര്യാക്കോസ്സിന്ന് രസംപിടിച്ചു.

"വീടരാ." സൂപ്പി പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു. ആ ചിരിയുടെ അലകൾ മററുള്ളവരിലേക്കും വ്യാപിച്ചു.

"വാര്രച്ചന്നും പണപ്പെട്ടിക്കും എന്നും പത്തുമാസാ." മമ്മദ് തൻെറ തമാശയ്ക്ക് ഒരു വ്യാഖ്യാനം നല്കി. അത് കേട്ടപ്പോഴും എല്ലാവരും പൊട്ടിച്ചിരിച്ചു. പക്ഷെ, വാരിയർക്കത് അത്ര പിടിച്ചില്ല. അതിലെന്തൊക്കെയോ ഒളിഞ്ഞുകിടക്കുന്നതായി ഒരു തോന്നൽ. ക്ഷണനേരംകൊണ്ട് അയാൾ തീരുമാനത്തിലെത്തി. നിറഞ്ഞു

KOTTAYAM LIBRARY 70496

തുളുമ്പുന്ന അസൂയ ആ വാക്കുകളിൽ തെളിഞ്ഞുകാണാം ആ നിലയ്ക്കാണയാൾ അത് സ്വീകരിച്ചത്.

"മര്യാദക്ക് കച്ചോടം ചെയ്താലേ, പെട്ടീം കുമ്പേം തടിക്കുള്ളൂ. കള്ളക്കച്ചോടം കൊണ്ടൊന്നും കാര്യം നടക്കില്ല." ചിട ആയിട്ട് വടിതന്നെ അയാൾ പ്രയോഗിച്ചു.

"വാരര് പറഞ്ഞത്, കാര്യംശരി." കുര്യാക്കോസ് തട്ടിവിട്ടു.

"ഈ കച്ചവടംന്ന് പറേന്നത് തന്നെ പച്ചക്കപെടമാ." കണ്ണൻനായർ അതിനൊരു വ്യാഖ്യാനമുണ്ടാക്കുകയാണ്.

"ആട്ടെ, ഇതൊന്നു കൊളുത്തിക്കോട്ടേ?" മമ്മത് ഒരു ബീഡിയുമായി വാരിയരെ സമീപിച്ചു.

"ഇപ്പഴ് കൊളുത്തണ്ട, മമ്മദേ." കുര്യാക്കോസ് വെറുതെയൊന്നു തട്ടിമൂളിച്ചുവെന്നുമാത്രം.

"ഇന്നു് ദിവസം നന്നല്ലടൊ," ചെറിയൊരു വൈമനസ്യത്തോടെ വാരിയർ തീപ്പെട്ടിയെടുത്തു കൊടുത്തു.

മമ്മദ് ടവ്വൽകൊണ്ട് മുഖമൊന്നു തുടച്ചു. അത് പണപ്പെട്ടിമേൽ വെച്ച് തീപ്പെട്ടിയുരച്ചുതുടങ്ങി. ടവ്വൽ പണപ്പെട്ടിമേൽ വെച്ചത് വാരിയക്കത്ര പിടിച്ചില്ല. അത് ആ മുഖം കണ്ടാലറിയാം. വൃത്തികേടുനിറഞ്ഞ ഒരു ശീലക്കഷണമാണത്. കണ്ടാലറപ്പുതോന്നും. മൂക്കിനടുത്തുകൂടി കൊണ്ടുപോയാൽമതി. ഛർദ്ദിച്ചുപോവുക തന്നെ ചെയ്യും. പിന്നെയെങ്ങിനെ വാരിയക്കത് ഇഷ്ടപ്പെടും? തനിക്ക് വെറുപ്പ് കലശലാണെന്നാണ് അയാളുടെ ഭാവവും.

"ഛരി! എവിട്യാ വെക്ക്ന്നത്?–വൃത്തികെട്ട ശീലകഷണം! പണപ്പെട്ടിമ്മലോ? വാരിയർ അത് ഇടത്തെ

കൈവിരലുകൾകൊണ്ട് ഇറുക്കിപ്പിടിച്ച് വലിച്ചെറിഞ്ഞു. അതോ, മഴയത്തേക്കും. കാണികൾക്കൊരു തമാശയാണ് തോന്നിയത്. അതൊന്നും മമ്മദിന്നു പിടിച്ചില്ല

"ഒ! വല്ല്യേ്യാര് പണക്കാരൻ!" മമ്മദിൻെറ ഈർഷ്യ വാക്കിലും ഭാവത്തിലും ഒരുപോലെ പ്രത്യക്ഷപ്പെട്ടു. "ഇതിലപ്പൊറം വല്യ പണക്കാരനെക്കണ്ടിട്ടില്ലേ, ഞമ്മള്? ഹ്ഹും! എന്താന്ന്?"

എല്ലാവരും ചിരിയിൽ മുഴുകിയിരിക്കയാണ്. വാരിയരും ആ കൂട്ടച്ചിരിയിൽപെട്ട് ശ്വാസംമുട്ടുന്നുണ്ട്. ചിലക്ക് വയറുവേദനിച്ചുതുടങ്ങി, ചിരിച്ചിട്ടു. ആ 'കൂട്ടച്ചിരി മമ്മദിൻെറ അമർഷം ഊതിക്കത്തിച്ചതേയുള്ളു. തീപ്പെട്ടി വലിച്ചെറിഞ്ഞു. അതോടൊപ്പംതന്നെ പെട്ടിമേലുള്ള താക്കോൽക്കൂട്ടവും. രണ്ടും മഴയത്തുചെന്നുവീണു- ഒരു കരച്ചിലിൻെറ നാന്ദികുറിച്ചുകൊണ്ട്.

"ടവ്വല് വെറുതെ കിട്ട്യേതല്ല." മമ്മദ് അമർഷത്തോടെ അമറി.

"അതിന്ന് ശ്ശി വെലേണ്ടേയ്!" കുര്യാക്കോസ്സിന്ന് പിന്നെയും തമാശതന്നെ.

മമ്മദ് ഗൌരവത്തിൽ പോകാൻ തുനിഞ്ഞു. ചിരിച്ചു കുഴഞ്ഞിരുന്ന വാരിയരുടെ ഭാവം മാറി.

"അതൊക്കെ ഇങ്ങെടുത്തുവെച്ചിട്ട് പോടാ."

"ഉപ്പ വിളിച്ചോ ഞമ്മളെ എടാന്ന്? എന്നിട്ടു വേണ്ടേ, നീ വിളിക്കാൻ? മര്യാദക്ക് നിന്നോളണം. വാര്യരച്ചനാന്ന് പിന്നേ വിജാരിക്കൂ! ആ!" ശക്തിയായൊരു താക്കീതോടെ അവൻ കാലുകൾ നീട്ടിവെച്ചു.

"നില്ക്കെടാ, അവിടെ!" വാരിയർ ചാടിയെഴുന്നേററു." എടുത്തുവെക്കാനാ, പറഞ്ഞത്. അധിക പ്രസംഗി!" അയാൾ തടഞ്ഞു.

രണ്ടുപേരും തമ്മിൽ പിടിയും വലിയും ഉന്തും തള്ളുമായി. അപ്പോഴേ, മററുള്ളവക്ക് കാര്യത്തിന്റെ ഗൌരവം മനസ്സിലായുള്ളു. എല്ലാവരും എഴുന്നേററു. വഴക്കു തീക്കാനായി ശ്രമം. പക്ഷേ, അതിന്റെ പിരി മുറുക്കുകയാണുണ്ടായത്.

അതിന്നിടയിൽ മമ്മദ് വാരിയരെ ഒന്നടിച്ചു. അതോടുകൂടി അയാളുടെ ക്രോധം അസഹ്യമായി. വാരിയർ അടുപ്പിന്നടുത്തേക്ക് ഓടി. രണ്ടുപേരുടെയും കൂട്ടുകാർ തമ്മിലായി വാഗ്വാദം. ഒരു മാപ്പിള വാരിയരെ അടിക്കുകയോ? നിലതെററിയാൽ പിന്നെ വാരിയരായാലെന്താ? നമ്പൂതിരിതന്നെയായാലും വിടുമോ? രണ്ടു കക്ഷിയും വിട്ടുകൊടുത്തില്ല. ആളുകൾ തടിച്ചുകൂടി. വാഗ്വാദം വാക്കേററമായി. അപ്പോഴേക്കും വാരിയർ വിറകുകൊള്ളിയുമായി മടങ്ങിയെത്തി. അയാൾ പകരം വീട്ടി. മമ്മദിന്റെ തലയ്ക്കുതന്നെ! അവൻ മറിഞ്ഞുവീണു രക്തം കുടുകുടെ ഒഴുകിത്തുടങ്ങി!

മമ്മദിന്റെ കൂട്ടുകാർ വാരിയരുടെനേരെ ചാടിക്കയറി വാരിയരുടെ കൂട്ടുകാർ തടഞ്ഞു. അവർ തമ്മിലായി, ഉന്തും തള്ളും. അധികം താമസിയാതെ അടിപൊട്ടിത്തുടങ്ങി. തികഞ്ഞ സാമുദായികക്കുഴപ്പത്തിന്റെ കറുത്തനിറം ആ വഴക്കിൽ ആകമാനം വീശി. അതെ, ചെറിയൊരു തമാശ വലിയൊരു കാര്യമായി രൂപാന്തരപ്പെട്ടു!

പെട്ടെന്നൊരു നിശ്ശബ്ദത! ബൂട്സിൻെറ കടുത്ത ശബ്ദം അതിനെ ഭഞ്ജിച്ചു. നാലഞ്ചു പോലീസ്സുകാരും, സബ് ഇൻസ്പെക്ടരും! എല്ലാവരും വെള്ളത്തിൽവീണ എലികളുടെ മട്ടിലായി. അധികം താമസമുണ്ടായില്ല, വാരിയരടക്കം അഞ്ചെട്ടുപേർ അറസ്റ്റിൽ!

ഓരോ കുടുംബത്തിൻേറയും നെടും തൂണുകളാണ്, വഴക്കിലെ പങ്കാളികളെല്ലാം. അവരൊക്കെയും അറസ്റ്റിൽപെട്ടു. ആ കുടുംബങ്ങൾ കണ്ണീർകയത്തിലും!

# ഇളകിമറിയുന്ന ഹൃദയം

കേളുനായർ സ്തംഭിച്ചിരുന്നുപോയി! ആശയുടെ നേരിയ കിരണംപോലുമില്ല, ഡോക്ടരുടെ വാക്കുകളിൽ! ഒരുമാതിരി നിവൃത്തിയുണ്ടെങ്കിൽ രാമദാസ് വിടുകയില്ല. അക്കാര്യത്തിൽ കേളുനായക്കുറപ്പുണ്ട്. ജനസമ്മതനായ ഡോക്ടരാണ്, അദ്ദേഹം. തൻെറ ജീവിതം തകൎന്നു കഴിഞ്ഞു! പക്ഷിയില്ലാത്ത കൂട്ടുപോലെയാണിപ്പോൾ, ആ അസ്ഥിപഞ്ജരം!

അപ്പോഴേക്കും ആ കുര വീണ്ടും പൊട്ടിപ്പുറപ്പെട്ടു. നീണ്ട കുര. ആ അസ്ഥികൂടത്തെ ഞെരിക്കുകയാണത്. അയാൾ നെഞ്ഞത്തു് കൈവെച്ചു കുരച്ചു. കുരച്ചുകഴിയുമ്പോഴേക്കും കണ്ണിൽനിന്നു് ചുടുവെള്ളം അണപൊട്ടിയൊഴുകിത്തുടങ്ങി. ആപാദചൂഡം ക്ഷീണിച്ചുപോയി! അയാളൊന്നു കാക്കിച്ചുതുപ്പി. നന്നേ പണിപ്പെടേണ്ടി വന്നു, അതിന്നുതന്നെ. എന്നിട്ടോ? അല്പംപോലുമില്ല, കഫം. വരണ്ട കുരയാണത്.

കുറച്ചു് ആശ്വാസമായപ്പോൾ അയാൾ എഴുന്നേററു. ഹൃദയത്തിൻെറ അഗാധതയിൽനിന്നും നീണ്ടൊരു വീൎപ്പു പൊങ്ങി ആ തകൎന്ന ജീവിതം മുമ്പോട്ടു തള്ളിനീക്കണം. അതെ, പ്രാണൻപോകുന്ന നിമിഷംവരെ! അതെങ്ങിനെ നിൎവ്വഹിക്കും? അതാണ് അയാളെ അലട്ടുന്ന പ്രശ്നം.

കേളുനായർ വടിയെടുത്തു. പുറപ്പെടാനുള്ള വട്ടമാണ്. ഒന്നു യാത്രപറയണം, ഡാക്ടരോട്. പക്ഷെ, അദ്ദേഹത്തെ അവിടെയൊന്നും കണ്ടില്ല. രോഗികളുടെ മുറിയിലായിരിക്കും. അങ്ങോട്ടു പോകേണ്ട. അത്വി

ഷമമല്ലേ? അപ്പോഴേക്കും വന്നു, ഒരു നേർസ്. അയാളു
ടെ മുമ്പിലൂടെ മറെറാരു മുറയിലേക്ക് പോവുകയാണ
വൾ. സാമാന്യം സൌന്ദര്യമുള്ള ഒരു യുവതിയാണത്.
അവളെ കാണേണ്ട താമസം. ആ രോഗിയുടെ കണ്ണുകൾ
വിടൎന്നു! പല സുന്ദര സ്വപ്നങ്ങളും അതിൽ പ്രതിഫലിച്ചു.
അവ്യക്തമായിട്ടാണെങ്കിലും! അവൾ ഒരു സൌന്ദര്യദേവ
തയാണ്, ആ ദൃഷ്ടികൾക്ക്! നോക്കണേ, ആ ജീവപ്ലവ
ത്തിൻെറ ഭാവപ്രകടനം! കുഴിയിലേക്ക് കാലും നീട്ടി ഇരി
ക്കുകയാണ്. അപ്പോഴാണ് ഭാവനാലോകത്തിലേക്കൊരു
എത്തിനോട്ടം! സ്വന്തം ജീവിതത്തിൻെറ അപകടനില
തന്നെ അയാൾ മറന്നുപോയി! അവളാണെങ്കിൽ കണ്ട
ഭാവംപോലും നടിച്ചില്ല! ഒരു ക്ഷയരോഗിയുടെ നോട്ടം.
അതോ, മാംസദാഹം വഴിയുന്നതും! അതാരു വകവെ
ക്കും? അവളുടെ മുഖത്തു് വെറുപ്പാണ് അലയടിച്ചത്.

"ഡോക്ടരെ ഒന്നു കാണാനൊക്കുമോ?" ഉണങ്ങി
വരണ്ട ഒരു ചിരിയോടെ അയാൾ ചോദിച്ചു.

"ഉം? എന്തിന്"?-ഗൌരവത്തിലാണ്, ആ മറു
ചോദ്യം.

"വിശേഷിച്ചൊന്നുമില്ല." ഒന്നു യാത്രപറയാൻ...

"അതിന് വിഷമിക്കണമെന്നില്ല."

അവൾ തിരക്കിലങ്ങ് നടന്നുപോയി. പുളിച്ച മാ
ങ്ങ കടിച്ചതുപോലെയായി, കേളുനായരുടെ മുഖഭാവം.
അവളെക്കുറിച്ചുള്ള സ്മരണകളിലേക്ക് അയാളുടെ ചിന്ത
നീങ്ങി. അവൾക്കും ആളെ ശരിക്ക് മനസ്സിലായിട്ടുണ്ടാ
കും. അല്ലെങ്കിലെന്തിന്നു് ആ മുഖം കനപ്പിക്കണം?

അതാ, പുറപ്പെട്ടു ആ നശിച്ച കുര. കുരച്ചു കുരച്ച്
അയാൾ ഇരുന്നുപോയി. ഒരു ചോരക്കട്ടയാണ് തുപ്പി

യത്. കണ്ടാലറപ്പുതോന്നുന്ന ഒരു കഫക്കട്ട. വല്ലാത്ത നാററവും. അയാളുടെ മൂക്കുതന്നെ ഒന്നു ചുളിഞ്ഞുപോയി! അവിടെ അങ്ങിനെ ഇരിക്കേണ്ട. കുരച്ചു തുപ്പാനിടവരും. ആസ്സ്ത്രീയുടെ മുററത്ത് വൃത്തികേടുണ്ടാവും. എങ്കിലും അയാളെന്തിന് അതു് വദ്ധിപ്പിക്കണം? പകച്ച് വ്യാധിയല്ലേ? അതുനിമിത്തം ആരെങ്കിലും മരിക്കുകയാണെങ്കിൽ! അതുകൂടി തന്റെ പാപഭണ്ഡാഗാരത്തിലേക്ക് മുതൽ കൂട്ടാവും. അയാാം എഴുന്നേററു. വടിയുംകുത്തി യാത്രയായി.

വീട്ട് അവിടെ അടുത്തായിരുന്നെങ്കിൽ! എങ്കിൽ, എത്ര നന്നായിരുന്നു! മുമ്പേതന്നെ ചികിത്സിച്ചു ഭേദമാക്കിയേനേ. പക്ഷെ, എന്തുചെയ്യാം? വളരെയധികം അകലെയായിപ്പോയി. എന്നാലും തരക്കേടില്ല. മുമ്പേ അറിഞ്ഞിരുന്നെങ്കിൽ. രാമദാസ് തീച്ച്യായും മാററുമായിരുന്നു. ക്ഷയരോഗചികിത്സയ്ക്കുള്ള അവതാരപുരുഷനാണത്രെ, അയാാം. എത്ര ആളുകളെയാണ്, ആ മഹാപുരുഷൻ രക്ഷിച്ചതു്? യോഗം വേണ്ടേ, യോഗം? ആയുസ്സ് അവസാനിക്കാറായി. അത്രതന്നെ. മുമ്പുചെയ്ത പാപകമ്മങ്ങളായിരിക്കാം, ഇതിന്നെല്ലാം കാരണം. അല്ലെങ്കിൽ ഈ സംഗതി അന്നേ അറിയുമായിരുന്നില്ലേ? എത്ര പണമാണ് തുലച്ചതു്? എന്നിട്ടെന്തായി? ആ മുറിവൈദ്യന്മാരെ വിശ്വസിച്ചതല്ലേ, അപകടം? അതിൽ പകുതി പണമുണ്ടായിരുന്നെങ്കിൽ പോരായിരുന്നോ? പണം തട്ടണമെന്നേയുള്ളു അവക്ക്. രോഗം മാറണമെന്നില്ല. അവരുടെ ചികിത്സകൊണ്ടു് രോഗം വർദ്ധിക്കുകയാണ്, ചെയ്തത്. അതൊന്നും മനസ്സിലാക്കാനും സാധിച്ചില്ല, ഇതുവരെ.

അവിചാരിതമായിരുന്നു, ആ പഴയ സുഹൃത്തുമായുള്ള കൂടിക്കാഴ്ച. അയാൾ എത്ര നിർബ്ബന്ധിച്ചുവെന്നോ, സ്നേഹപൂർവ്വം?

നാട്ടിലുള്ള വൈദ്യന്മാരൊക്കെ ചികിത്സിച്ചു. പോരാത്തതിന്ന് പല ഡോക്ടർമാരും. ഉള്ള പണമെല്ലാം അതിന്നുവേണ്ടി നശിപ്പിച്ചുകളഞ്ഞു. സർവ്വസ്വവും പണയമായി. എന്നിട്ടും അതു മാറിയില്ല. പിന്നെയെന്തി ആരുമാററാൻ? രാമദാസ് എന്നല്ല, ഇന്ദ്രദാസ് വന്നാലും ശരി. അതു് മാററാൻ സാദ്ധ്യമല്ല. അങ്ങിനെ നിരാശാത്മകമാണ്, കേളുനായരുടെ വാദം. എന്തി അഥവാ, അയാൾ മാററുമെന്നതന്നെയിരിക്കട്ടെ. പണം വേണ്ടേ? വെറുതെ കാര്യം നടക്കുമോ? എവിടെനിന്നുകിട്ടും? വീടും പറമ്പുംകൂടി നഷ്ടപ്പെടുത്തുകയെന്നോ? കുത്തിയിരിക്കേണ്ടതെവിടെ? ഭാര്യയും മക്കളും എന്തു ചെയ്യും? തെരുവുതെണ്ടുകയോ? ഇപ്പോൾ തളർന്നുപോയി. കാര്യം ശരിതന്നെ. എന്നാലും പഴയൊരു തറവാടാണ്. കുറച്ചൊക്കെ നാണവും മാനവും നോക്കണ്ടേ? അങ്ങിനെ നീണ്ടുപോയി, കേളുനായരുടെ വാദഗതികൾ.

അവസാനം ആ സുഹൃത്തുതന്നെ ഒരു മാർഗ്ഗം നിർദ്ദേശിച്ചു. വീടും പറമ്പും ഭാര്യയുടെ സഹോദരന്നു പണയം എഴുതാം. അയാൾ കഴിവുള്ള വ്യക്തിയാണല്ലോ. സ്വകാര്യമായിട്ടുമതി. പരസ്യമാക്കേണ്ട. എന്നാലല്ലേ, കുറവുള്ളു? കഴിയുന്നകാലത്തു് മടക്കിയെടുക്കാം. അല്ലെങ്കിലും അയാൾ അടുത്തൊരു ബന്ധുവല്ലേ? സഹോദരിയുടേയും സന്താനങ്ങളുടെയും കഷ്ടപ്പാടുകൾ കണ്ടു സഹിക്കുമോ? രോഗം മാറിയാൽ എല്ലാററിന്നും വഴിയുമായി. തനിക്ക് കഴിവില്ലാതായിപ്പോയല്ലോ. എന്നാൽ ഈ വിഷമവും

ഇല്ലായിരുന്നു. ഈ നിലയ്ക്ക് അടങ്ങിയിരുന്നുകൂടാ. അമാന്തിക്കുന്നത് കൂടുതൽ ആപല്ക്കരമാണുതാനും. കേളുനായർക്കും പിടിച്ചു, ആ യുക്തി. അങ്ങിനെയാണ്, ആ വിദൂരയാത്രയ്ക്ക് പുറപ്പെട്ടത്. ഫലമോ, നിരാശയിൽ നിന്ന് നിരാശയിലേക്കുള്ള വഴുതിവീഴലും!

കേളുനായർ ഇഴഞ്ഞിഴഞ്ഞു സ്റ്റേഷനിലെത്തി. ടിക്കറ്റുവാങ്ങി, സ്വദേശത്തേക്ക്. ഒരു ഭാഗത്ത് ചെന്നിരുന്നു. അധികനേരം അവിടെ ഇരുന്ന് കരക്കേണ്ടിവന്നില്ല. അപ്പോഴേക്കും എത്തി, വണ്ടി. മിക്ക മുറികളിലും തിരക്കാണ്. തിരക്കിന്നിടയിൽ പെട്ടാൽ അയാൾ ഞെരിഞ്ഞുപോകും. അവസാനം ഒരു മുറി കണ്ടുകിട്ടി. അതിൽ വലിയ തിരക്കില്ല. അതിൽ കയറി ഇരിപ്പുറപ്പിച്ചു ഒരു മൂലയിൽ. ആവശ്യംപോലെ കരച്ചു തുപ്പാമല്ലോ, പുറമേയ്ക്ക്.

വണ്ടിയിൽ പരിചയക്കാർ ആരുമില്ല. ഉണ്ടെങ്കിൽത്തന്നെ എന്തു പ്രയോജനം? ജീവിതത്തിന്റെ അന്ത്യനിമിഷങ്ങൾ എണ്ണുകയല്ലേ? അതിന്നിടയിൽ കഴിഞ്ഞുപോയ പല സംഭവങ്ങളും അയാളുടെ മനസ്സിൽ കറങ്ങിത്തുടങ്ങി.

ആ യൌവ്വനം അയാളെ മദിപ്പിച്ചു. സാമാന്യം സൌന്ദര്യമുണ്ട്. അതോടൊപ്പം നല്ല ആരോഗ്യവും സമ്പത്തിന്നും കുറവില്ല. അദ്ധ്വാനശീലന്മാരായിരുന്നു, കാരണവന്മാർ. അവർ വേണ്ടുന്ന സുഖസൌകര്യങ്ങളെല്ലാം നേടിവെച്ചിട്ടുണ്ട്. പിന്നെ എന്തുവേണം? വാചാലതയും ക്ര[illegible] ആ നാട്ടിലെ യുവതികളുടെയെല്ലാം സുന്ദരസ്വപ്ന[illegible]വിത്തീർന്നു, കേളുനായർ. പല സ്ത്രീകളും അയാളെ [illegible]സിച്ചു. അക്കൂട്ടത്തിൽ അവിവാഹിതരാണധി

കം. വിവാഹിതരും കുറവല്ല. അക്കാര്യത്തിൽ പ്രായഭേദമില്ല, കേളുനായക്ക്. അതുപോലെത്തന്നെ ജാതിമതഭേദവും. തികഞ്ഞ ഒരു സാമ്യവിസ്റ്റാണയാൾ, സ്ത്രീകളെ സംബന്ധിച്ചേടത്തോളം. അതിനാൽ പല സ്ത്രീകളും തങ്ങളുടെ ചാരിത്ര്യം അയാളുടെ പക്കൽ ഏല്പിച്ചു. ആ ലമ്പടനോ? അതെല്ലാം ധൂർത്തടിച്ചുകളഞ്ഞു. വിശ്വസിച്ചവർ വഞ്ചിതരായി! ആസ്പത്രിയിലെ നേർസും അക്കൂട്ടത്തിൽ പെടും! കേളുനായരുടെ പഴയ ചരിത്രം മുഴുവൻ അവൾക്കറിയാം.

ആ നാട്ടിലെ പല കുട്ടികൾക്കും കേളുനായരുടെ ഛായയുണ്ടത്രേ! രണ്ടോ മൂന്നോ സ്ത്രീകൾ ആത്മഹത്യ ചെയ്തിട്ടുണ്ടുപോലും! ചിലർ നാടും വീടും വിട്ടു അവരുടെ കൂട്ടത്തിൽപെട്ടതാണ്, നേർസ്. ഭർത്താവില്ലാത്ത പല സ്ത്രീകളും പ്രസവിച്ചിട്ടുണ്ട്. ചിലരെല്ലാം ഭർത്തൃരഹിതരായി. സ്വഭാവദൂഷ്യംകൊണ്ടാണ്. പക്ഷെ, അവരുടെയല്ല; കേളുനായരുടെ! ഇടയ്ക്കിടെ അടികലശലുണ്ടാകും, ആ നാട്ടിൽ. അതിന്നെല്ലാം കാരണം 'പെൺപിടി'യും. ഏതു വഴക്കിലുമുണ്ടാകും, അയാളുടെ പേരും. എന്നാൽ നീതിന്യായങ്ങളുടെ പിടിയിൽ അയാൾ പെടാറില്ല. 'അണ്ടർഗ്രൌണ്ടി'ലായിരിക്കും. പണപ്പെട്ടിയും അയാളെ സഹായിക്കാറുണ്ട്. ഏതു പ്രധാന ഉദ്യോഗസ്ഥൻ വന്നാലും അയാളുടെ വീട്ടിലാണ്, താമസം. അവിടെ അവക്ക് യാതൊന്നിനും ക്ഷാമമില്ല. കേളുനായരുടെ 'സെററിൽ' കൂടിയാൽമതി. എന്തുവേണമെങ്കിലും കിട്ടും ആ നാട്ടിലെ പ്രധാനജന്മി, പ്രമാണി, കാര്യവിവരമുള്ള ഏക മാന്യൻ-അങ്ങിനെ പല വിശേഷങ്ങളും അവർ അയാൾക്ക് സമ്മാനിച്ചിട്ടുണ്ട്. അതിന്നെല്ലാം അടി

സ്ഥാനമോ? അവിടെ ഉദ്യോഗസ്ഥന്മാക്ക് ലഭിക്കുന്ന സുഖസൌകര്യങ്ങളും! കേളുനായരെന്നു കേട്ടാൽമതി, കിടിലംകൊള്ളും, ചെറുകിട ഉദ്യോഗസ്ഥന്മാരൊക്കെ! അയാളുടെ സ്വഭാവത്തിൻെറ പ്രത്യേകതയാണതിന്ന് കാരണം. ആളുകളുമായി ക്ഷണനംതെററും. അടുത്തനിമിഷത്തിൽത്തന്നെ 'ലോഹ്യ'മാവുകയും ചെയ്യും. ഇടത്തരം ഉദ്യോഗസ്ഥന്മാരൊക്കെ സങ്കോചത്തോടുകൂടിയേ പെരുമാറുകയുള്ളു. മാനം രക്ഷിക്കണമല്ലോ. ആ മാളികയിൽനിന്ന് അലച്ചയും അട്ടഹാസവും മാറി മാറി കേൾക്കാം. ആർഭാടപൂർണ്ണമാണ്. അവിടുത്തെ ജീവിതം. കുടിയും, കടിയും, പിടിയും, വലിയും, ഇടിയും, അടിയും —ഒക്കെ അവിടെ നടക്കും. ആ നാട്ടിലെതന്നെ ഏകച്ഛത്രാധിപതിയാണ്, കേളുനായർ.

ഇതിന്നെല്ലാം ഒരേയൊരു എതിർപ്പേയുള്ളു. അത് മററാരിൽനിന്നുമല്ല. കേളുനായരുടെ ഭാര്യയായ ജാനകിയമ്മയിൽനിന്നുതന്നെ എല്ലാവർക്കും പ്രിയമാണ്, ആ സ്ത്രീയെ. "നല്ല സ്വഭാവം!"—ആരും പറയും.

കേളുനായർക്കുമാത്രം ആ സ്ത്രീയെ കണ്ടുകൂടത്രെ! സൌന്ദര്യം മേലെക്കിടയിലാണെന്നു പറഞ്ഞുകൂടാ. എന്നാൽ എല്ലാററിലും പിന്നിലുമല്ല. അതായിരിക്കാം കാരണം. എങ്കിലും അവരുടെ പെരുമാററത്തിൽ ഒരു തറവാടിത്തമുണ്ട്. "നിലയും വിലയുമുള്ള സ്ത്രീ"—അതാണവരെപ്പററിയുള്ള വിദഗ്ധാഭിപ്രായം. കേളുനായർ അതിനെ എതിർക്കും. നിലയും വിലയുമില്ലാത്ത 'ഗ്രഹണി'യാണവർ, അയാളുടെ ദൃഷ്ടിയിൽ. കേളുനായരുടെ തറവാടാണ്, ജാനകിയമ്മയുടെ മാതാപിതാക്കന്മാരെ ആകർഷിച്ചത്. അല്ലാതെ സ്വഭാവമല്ല. അവരും തറവാട്ടു

കാരാണ്. അങ്ങിനെ തറവാട്ടം തറവാട്ടം കൂടി കല്യാണംകഴിച്ചുവെന്നുമാത്രം! അല്ലാതെ കേളുനായരും ജാനകിയമ്മയും തമ്മിലായിരുന്നില്ല, കല്യാണം. തറവാടിന്റെ രക്ഷയ്ക്ക് ഒന്നു രണ്ടു കുട്ടികളുണ്ടായി. എങ്കിലും ജീർണ്ണിച്ചുനാറുന്ന ആ തറവാടിത്തത്തിൽ നരകിക്കുകയാണവർ. അവർ പലപ്പോഴും സ്വജീവിതത്തെ പഴിക്കാറുണ്ട്. തന്നെത്താൻ ശപിക്കുകതന്നെ ചെയ്യും!

ആ ശാപം ബാധിച്ചതോ. കേളുനായരെയും. നാൾക്കുനാൾ ക്ഷയിച്ചുതുടങ്ങി, അയാളുടെ ആരോഗ്യം. കയററം ഇറക്കമായി മാറി. ആ ചോരത്തിളപ്പെല്ലാംപോയി. പലതരത്തിലുള്ള രോഗങ്ങളും ആ ശരീരത്തിന്റെ തറവാടിത്തം കാന്തുതിന്നു. ഇപ്പോൾ മദ്യത്തിളപ്പുമാത്രമായി.

അതാ, അയാളുടെ കുര പുറപ്പെട്ടു. അത് ആ ദുർബ്ബലശരീരത്തെ ഉലച്ചു. വണ്ടി സ്റ്റേഷനിൽ നില്ക്കുന്നതും, പുറപ്പെടുന്നതും ഓടുന്നതും ഒന്നും അയാൾ അറിയുന്നില്ല. അയാളെ അലട്ടുകയാണ്, പൂർവ്വകാലസ്മരണകൾ.

പല രോഗങ്ങളും അയാളെ മാറിമാറി ബാധിച്ചു. ചികിത്സിച്ചാൽ ഒന്നടങ്ങും. അപ്പോഴേക്കും മറെറാന്നു പുറപ്പെടും. അതിന്നെല്ലാം കാരണം, അതിരററ സ്ത്രീസമ്പർക്കമാണുപോലും. അതിന്നു പുറമെ കുടിയും. ഒരിക്കൽ, ഒരിടത്തരം ഡോക്ടരാണ് അങ്ങിനെ വിധിച്ചത്. പലരും അതേ അഭിപ്രായം ആവർത്തിച്ചു. കേളുനായർ സ്വജീവിതത്തെ വെറുത്തുതുടങ്ങി. അയാളെ ആധി പിടികൂടി. ഒരുതരം ഭ്രാന്തുതന്നെയായി. എന്തെന്നില്ലാത്ത വേവലാതികൾഅയാളെ അലട്ടിത്തുടങ്ങി. അതിന്നു

ള്ള പ്രതിവിധിയായി മാറി–സിദ്ധൌഷധംതന്നെയായി –മദ്യം. അതങ്ങ് അകത്തുചെന്നാൽ ആളൊന്നു മാറും.

കന്യകമാരെ കണ്ടാൽ ആ കുഴിഞ്ഞ കണ്ണുകൾ വികസിക്കും. ആ ചുണ്ടിൽ വരണ്ട ചിരിവിരിയും. പലപ്പോഴും ദുർബ്ബലമായ ആ കൈകൾ അവരുടെ നേരെ നീങ്ങും. വായിൽനിന്ന് പല "ഫലിത"ങ്ങളും പുറത്തു ചാടും. യഥാൎത്ഥത്തിൽ അത് ആഭാസമായിരിക്കും. പെരുവഴിയിലെ മണ്ണും പൊടിയും അയാൾക്ക് മെത്തയായി മാറും. അപ്പോഴെല്ലാം ഒരു ശിശുവായിരിക്കും, നഗ്നതയെ സംബന്ധിച്ചിടത്തോളം!

ക്രമേണ കേളുനായർ കന്യകമാർക്കെല്ലാം ഒരു പേക്കിനാവായി മാറി. അയാളെ കണ്ടാൽ ദൂരെനിന്നുതന്നെ മാറിക്കളയും. ഇടവഴിയിലും മറവുമായാൽ വിശേഷിച്ചും. "ആ ദുഷ്ടനെ തീണ്ടുവാൻകൂടി പാടില്ല." അങ്ങിനെ തോന്നും, അവരുടെ ഭാവം കണ്ടാൽ. അന്നും ഇന്നും എന്തൊരന്തരം! മുമ്പ് കേളുനായരെന്നു കേട്ടാൽ കന്യകമാർ കുണുങ്ങും. ഇപ്പോൾ ഞെട്ടും! മറ്റൊന്നുമല്ല. അപമാനഭയംതന്നെ, കാരണം. എന്താഭാസത്തരം പ്രവൃത്തിക്കാനും അയാൾ ഒരുങ്ങിയേക്കും.

കുടിക്കാത്ത സമയത്തും സങ്കോചത്തോടുകൂടിയേ അയാളെ വീക്ഷിക്കുകയുള്ളു. ഏതു നിമിഷത്തിലും അയാളൊരു ഭ്രാന്തനായി മാറിയേക്കും. സ്ത്രീകളെ കണ്ടാൽ കാമഭ്രാന്തൻതന്നെ. ചില പുരുഷന്മാരെ കണ്ടാലോ, പിശാചും. പ്രതികാരാഗ്നി ആ കണ്ണുകളിൽ ഉജ്ജ്വലിച്ചേക്കും. ആപല്ക്കരമാണത്. ആരെങ്കിലും കാണുകയോ കേൾക്കുകയോ ചെയ്താലോ? ആ വക ചിന്തയേ അയാ

ൾക്കില്ല യാതൊരു ക്രസലുമില്ലാത്ത ഒരു മനുഷ്യപ്പേക്കോലം! ചിലപ്പോൾ കണ്ടാലറയ്ക്കും. ആ വൃത്തികെട്ട 'ജന്തുവി'ൻെറ അടുത്തുകൂടി പോകാൻതന്നെ ഞെരുങ്ങും. ആക്കും വേണ്ടാത്ത മനുഷ്യനായി മാറി, അയാൾ പലപ്പോഴും ആ ദയനീയനില അയാളുടെ ഹൃദയത്തെ വ്രണപ്പെടുത്തിയിട്ടുണ്ട്.

പെട്ടെന്നു കേളുനായർ ചുററും ഒന്നു കണ്ണോടിച്ചു. എല്ലായിടത്തും ഇരുൾ വ്യാപിച്ചിരിക്കയാണ്. ഭയങ്കരമായ കാററും മഴയും ഇരച്ചുകയറുന്നുണ്ട്. അതു കണ്ട് ഭയപ്പെട്ടിട്ടാകാം, സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിൽ കയറിക്കൂടി. കഠിനമായ ഇടിയും മിന്നലും. അയാൾ ജനവാതിൽ അടച്ചുകളഞ്ഞു. കണ്ണീരിൽനിന്നും ആ നോട്ടം മുറിയിലെല്ലാം ഒന്നു പിരണ്ടോടി. തിരക്കെല്ലാം കഴിഞ്ഞു. ആരോ രണ്ടുപേർ മാത്രമുണ്ട്. ഉറങ്ങുകയാണവർ.

ഇടയ്ക്കിടെ അലട്ടിക്കൊണ്ടിരുന്ന കുര വർദ്ധിച്ചു. മഴയോടൊപ്പമുള്ള തണുപ്പ്, ഒഴുകുന്ന തോണിക്ക് ഒരു ഉന്തുമായി. ആ കുരയോ, ഭയാനകമാണ്. വരണ്ട ഒരുതരം കുരമാലകൾതന്നെ! പുറമേയ്ക്ക് ശബ്ദം കുറയും. അയാളാണെങ്കിൽ പുളയുകയാണ്!

അയാൾ തോത്തുമുണ്ടെടുത്തു കഴുത്തിനു ചുററി കുറച്ചു കഴിഞ്ഞപ്പോൾ അല്പം സമാധാനം കിട്ടി. പുറത്തു തകൎക്കുകയാണ്, കാററും മഴയും, മിന്നും ഇടിയും.

കേളുനായരുടെ ഹൃദയവും ആ അന്തരീക്ഷംപോലെ പ്രക്ഷുബ്ധംതന്നെ. വിവിധ വികാരങ്ങൾ അലയടിക്കുകയാണവിടെ. ആ ക്ഷീണിച്ച മുഖത്ത് അവയുടെ നേരിയ അലകൾമാത്രം കാണാം. ആവിയാവുന്ന വികാ

രങ്ങൾ കണ്ണീർ വർഷിക്കുകയാണ്, ധാരധാരയായിട്ട്! അ തെ, ആ മുറിക്കുള്ളിലും പുറത്തുമുണ്ട്, വർഷം. ഒരു വ്യ ത്യാസംമാത്രം. ഉള്ളിൽ ചുടുനീരാണ്. പുറത്തു തണ്ണീ രും. വികാരങ്ങൾ ഹൃദയത്തിലും വിചാരങ്ങൾ മസ്തി ഷ്കത്തിലും തിങ്ങിവിങ്ങുകയാണ്. ആ ഇരിപ്പും ഭാവവും കണ്ടാൽ ഒററ നോട്ടത്തിൽത്തന്നെ ആ സംഗതി മന സ്സിലാക്കാം. അതിനെ ഇടയ്ക്കിടെ അലട്ടുകയാണ്, ഭയങ്ക രമായ കുരമാലകൾ!

കേളുനായരുടെ ജീവിതം ബന്ധുക്കൾക്കുതന്നെ അ പമാനകരമായി. അവർ പല നയോപായങ്ങളും പ്രയോ ഗിച്ചുനോക്കി. കുറച്ചു ദിവസത്തേക്ക് ആശ്വാസംകിട്ടി. പിന്നെയും പഴയ പടിതന്നെ. അവർ അക്കാര്യത്തിൽ നിരാശരായി.

ആ നാട്ടിലെ പ്രേതമാണിപ്പോൾ, കേളുനായർ. അയാൾ വരുന്നുണ്ടെന്നു കേട്ടാൽ മതി. സ്ത്രീകൾ ഓടി യൊളിക്കും. ഓടിയടുക്കുന്നവരുണ്ട്-കടക്കാർ. കേളുനാ യരെ വേട്ടയാടുകയാണവർ. ചില്ലറക്കാരാണ്, അവരെ ല്ലാം. പലർക്കും നിരാശയാണുള്ളത്. എങ്കിലും വഴിയു ണ്ടോ എന്ന് നോക്കാമെന്നുമാത്രം. വലിയ കടക്കാർ ഉ ള്ളതെല്ലാം വിഴുങ്ങിക്കളഞ്ഞിട്ടുണ്ട്. വീടും പറമ്പും പോലും അന്യാധീനമായി. ഭാര്യാമക്കളൊക്കെ ഭാര്യാഗൃ ഹത്തിലാണ്. അവരുടെ പണ്ടവും മറവും കള്ളുകുടിച്ചു കളി ച്ചു. സഹോദരൻെറ കരുണയിലാണ്, അവരുടെ ജീ വിതം!

അപ്പോൾ കേളുനായരുടെ സർവ്വസ്വവും ഭയങ്കരമാ യ രോഗം മാത്രമാണ്! അതിനെ ആ എല്ലിൻകൂട്ടിൽ സൂക്ഷിച്ച്-തൊലിയിൽ പൊതിഞ്ഞ് തെണ്ടുകയാണ

യാൾ. ആ രോഗത്തിന്റെ ഭക്ഷണമോ, അയാളുടെ ജീവിതവും!

കാലം കുറെയായി, ആ രോഗം അസ്ഥികൂടത്തിൽ സ്ഥാനമുറപ്പിച്ചിട്ട്. കയ്യയഞ്ഞ ചികിത്സകൊണ്ട് പലപ്പോഴും അത് വിട്ടുമാറാൻ ഭാവിച്ചിട്ടുണ്ട്. പക്ഷെ, കേളുനായരുടെ കുടിയും പിടിയും വലിയും അതിനെ വിട്ടില്ല. പിന്നെയെങ്ങിനെ അതൊഴിഞ്ഞുമാറും? ചികിത്സകന്മാർ, നിർദ്ദേശങ്ങൾ, ഉപദേശങ്ങൾ, താക്കീതുകൾ, ശാസനകൾ—അങ്ങിനെ പല അടവുകളും പ്രയോഗിച്ചു. അതെല്ലാം നിരാശയിലാണ്ടു. അതോടൊപ്പംതന്നെ സഹൃത്തുക്കളുടെ ഔദാര്യശീലവും. തികഞ്ഞ തന്നിഷ്ടക്കാരനാണ് കേളുനായർ, ചെറുപ്പംമുതൽതന്നെ. പ്രായത്തോടൊപ്പം ആ ദുസ്സ്വഭാവങ്ങളും വൎദ്ധിച്ചുവെന്നുമാത്രം!

കുര വീണ്ടും പൊട്ടിപ്പുറപ്പെട്ടു. അയാൾ കിടന്നു പുളഞ്ഞു. ഇരിപ്പിടത്തിൽനിന്നു താഴെ വീണു. അവിടെ കിടന്നു പിടച്ചു, കുറെനേരം. കിടന്നു ക്രൂക്കംവലിച്ചുകൊണ്ടിരുന്ന ആ രണ്ടുപേരും ഞെട്ടിയുണൎന്നു. എന്തോ പിറുപിറുത്തു. തിരിഞ്ഞുകിടന്നു, വീണ്ടും. പുറമെ മഴ തകൎക്കുകയാണ്. എവിടെയും കുത്തിയൊഴുകുന്ന വെള്ളം. വണ്ടി അങ്ങിനെ മുന്നോട്ടുനീങ്ങും. പല സ്റ്റേഷനുകളും പിന്നിടും. അവിടങ്ങളിൽ നില്ക്കുന്നത് ഓടിയ തളൎച്ച മാററാനാണെന്നു തോന്നും. ഈ ഭയങ്കരമായ മഴയത്ത് ആരിറങ്ങും യാത്രയ്ക്ക്?

കുറച്ചു കഴിഞ്ഞപ്പോൾ കുരമാലകൾ അല്പം അടങ്ങി. അയാൾ അവിടെ എഴുന്നേററിരുന്നു. അപ്പോഴേക്കും വണ്ടി ഏതോ വലിയൊരു സ്റ്റേഷനിലെത്തി. ക്രൂക്കംവലിക്കാർ പിടഞ്ഞെഴുന്നേററു. അവർ പുറത്തേക്കു

നോക്കി. പെട്ടിയും കെട്ടും മററും എടുത്തു ഇറങ്ങി· കയറാൻ ആരുമുണ്ടായില്ല. കേളുനായർ തനിച്ചായി. കുറച്ചു കഴിഞ്ഞപ്പോൾ വണ്ടിയും പുറപ്പെട്ടു. അല്പമൊരു നിരാശ അതിൻെറ ഗതിയിലും നിഴലിച്ചുകാണാം.

ജീവിതത്തോടുള്ള ഒരു ചോദ്യചിഹ്നംപോലെയാണ്, കേളുനായരുടെ ഇരുപ്പ്. അയാൾ എന്തിനു ജീവിക്കണം? ആർക്കുവേണ്ടിയാണത്? വെറുക്കപ്പെട്ടതല്ലേ, ആ ജീവിതം? അതു് ശപിക്കപ്പെട്ടതല്ലേ? ആരെങ്കിലുമുണ്ടോ, സഹായത്തിന്നു്? അവസാനമായി വാക്കുകൊണ്ടു സഹായിച്ച ആ സുഹൃത്തിൻെറ സ്ഥിതി എന്തായിരിക്കും? വിശേഷിച്ചും ചെമ്പു പുറത്താവുമ്പോൾ? സംഗതികളെല്ലാം അറിഞ്ഞാൽ അയാളെ സ്വീകരിക്കുമോ? ആ പകച്ച്വ്യാധിയും പേറി നടന്നാൽ ആളുകൾ ആട്ടിയോടിക്കുകയല്ലേ? താനോ നശിച്ചു. മററുള്ളവരും അക്കൂട്ടത്തിൽ നശിക്കണമെന്നോ? മുമ്പു ചെയ്ത ദുഷ്കർമ്മങ്ങളുടെ ഫലമാണ് താൻ അനുഭവിക്കുന്നത്. സൽക്കർമ്മങ്ങൾ ചെയ്തവരെന്തിന്ന് നരകിക്കണം? അതു പാടുണ്ടോ? ഇല്ല ഒരിക്കലും പാടില്ല! അതിന്നു ഇടവരരുത്. ശപിക്കപ്പെട്ട ഈ ജീവിതം നാശത്തിൻെറ വിത്താണ്. അതു നാട്ടനീളെ പാവേണ്ട. മററുള്ളവരെങ്കിലും സുഖമായി ജീവിച്ചുകൊള്ളട്ടെ. ഈ കുരമാലകൾ മറെറാരു ജീവനെൻറയും കഴുത്തിൽ വെച്ചുകെട്ടരുത്. അതു് നിരപരാധജീവിതത്തെ തകർത്തുകളയും. ഈ ആപത്തിൻെറ വിത്തിനെ എനി വെച്ചുപുലർത്തിക്കൂടാ. കേളുനായർ ഉറച്ചു. എഴുന്നേററ് ജനൽ തുറന്നു. കുര...ഭയങ്കരമായ കുര... ജീവനെ പിച്ചിച്ചീന്തുന്ന കുരമാലകൾ! അയാൾ പുളഞ്ഞുപോയി! വാതിലും പിടിച്ച് ഇരുന്നു. ആ കാഴ്ച

ആരെയും കരയിക്കും. ഏതു കഠിനഹൃദയവും അലിഞ്ഞു പോകും. അത്രയ്ക്കു ദയനീയമാണതു്.

പെട്ടെന്നു വണ്ടിയുടെ ശബ്ദമൊന്നു മാറി. ഏതോ വലിയ പാലം കടക്കുകയാണ്. അതയാൾക്കു മനസ്സിലായി. പുറമേയ്ക്കൊന്നു് എത്തിനോക്കി. വലിയൊരു ചെങ്കടൽതന്നെ അയാളുടെ ദൃഷ്ടിയിൽപെട്ടു. മങ്ങിയ നിലാവെളിച്ചം അതിൻെറ ഭീകരതയ്ക്കു് മാററുകൂട്ടിയിരിക്കയാണ്. കലങ്ങിമറിഞ്ഞ് കുത്തിയൊഴുകുന്നുണ്ട്, മലവെള്ളം അയാളുടെ ഹൃദയത്തിൻെറ പ്രതീകംതന്നെയാണ് ആ പുഴ. ആ ഹൃദയത്തിലും ഇളകിമറിഞ്ഞ് കുത്തിയൊഴുകുന്നുണ്ട്. പക്ഷേ, വെള്ളമല്ല, വികാരങ്ങളാണ്. അത്രയേ ഭേദമുള്ളൂ.

വണ്ടിപ്പാലത്തിന്നു് മുട്ടിയുരുമ്മിക്കൊണ്ടാണ്, ആ മലവെള്ളത്തിൻെറ യാത്ര. ഓളങ്ങൾ കൂട്ടത്തോടെ വന്ന് മുഷ്ടിചുരുട്ടി ഇടിക്കുകയാണ്, പാലത്തിന്നു്. ആ കാഴ്ച ആരെയും കിടിലംകൊള്ളിക്കും. മഴയ്ക്കു് അല്പം സമാധാനമുണ്ട്. അതേ രംഗമാണ്, ആ രോഗിയുടെ ഉള്ളിലും. കുരമാലകളാണ് ആ പ്രാണനിൽ ഇടിക്കുന്നത്. കുരമാലകൾ—അതെ പ്രാണൻ തകക്കുന്ന കുരമാലകൾ! അതു കാണുന്നതുപോലും അസഹ്യമാണ്!

പുഴയുടെ മദ്ധ്യത്തിലെത്തി, വണ്ടി. വേദന—അസഹ്യമായ വേദന—അതയാളുടെ ശരീരത്തെയാകെ നീററുകയാണ്. അതിനി ഒരു നിമിഷംപോലും സഹിക്കാൻ സാദ്ധ്യമല്ല, നീചമായ ചെയ്തികളിൽ കോർത്തിണക്കിയ ആ കുരമാലകളുടെ ഭയങ്കരമായ മർദ്ദനം നിലയ്ക്കണം. അതോടൊപ്പംതന്നെ പാപപങ്കിലമായ ആ ജീവിതവും.

അതാ, ആ വൃത്തികെട്ട-കറുത്തു ജീർണ്ണിച്ച ചോരക്കട്ടകൾ ഒട്ടിപ്പിടിച്ച ആ അസ്ഥികൂടം ജനലിൽക്കൂടി ഞെങ്ങി ഞെരുങ്ങി പുറത്തു ചാടി!

പുഴയിൽ ഓളങ്ങൾ ആർത്തുവിളിച്ച് തുള്ളിച്ചാടി' സന്തോഷംകൊണ്ടായിരിക്കുമോ? അല്ലാ, ആ അത്യാഹിതംകണ്ട് പരിഭ്രമിച്ച് തുള്ളിപ്പോയതോ? എന്തോ-ആക്കറിയാം!

തീവണ്ടി ചൂളംവിളിച്ച് ഓടിക്കൊണ്ടേയിരുന്നു. അതൊന്നും അറിഞ്ഞതേയില്ല-!

# കണ്ണീരിൽ കുതിന്ന കുടുംബം.

"ഏയ്...ഏയ്,...അകത്തില്ലേ?"-വാസുനമ്പൂതിരി അകത്തേക്ക് എത്തിനോക്കിക്കൊണ്ടു നീട്ടിവിളിച്ചു, അതോ, ഒരിടച്ചയോടുകൂടിയും!

അല്പസമയത്തിനുള്ളിൽ അന്തർജ്ജനം വാതില്ക്കലെത്തി.

"അല്ലാ, എന്നെ വിളിച്ചോ?"

"ഉവ്വ്. വിളിച്ചു."

അദ്ദേഹത്തിന്റെ ഇരിപ്പും ഭാവവും കണ്ടു് അവർ അമ്പരന്നുപോയി. ആ കണ്ണുകളിൽനിന്ന് കണ്ണീർ ധാര ധാരയായി ഒഴുകുകയാണ്. കലങ്ങിത്തുടങ്ങിയിട്ടുണ്ടു്, രണ്ടു് കണ്ണുകളും!

ഭർത്താവിനെ ഈ നിലയിൽ അവർ ഇതുവരെ കണ്ടിട്ടില്ല. സ്വതവേ ഒരു ഗൌരവക്കാരിയാണവർ. വലിയ തറവാട്ടിലാണ്, ജനനം. താമസിക്കേണ്ടിവന്നതോ തകരാറായ ഒരു തറവാട്ടിലും. പഴയ നിലയും വിലയും ഓർത്താണത്രെ, അവരെ അവിടേയ്ക്കു് വേളികഴിച്ചുകൊടുത്തത്. ഈ പശ്ചാത്തലത്തിലാണ്, ആ ഗൌരവത്തിന്റെ ഉത്ഭവം. "ഗൌരിയുടെ ഗൌരവം പലർക്കും ചർച്ചാവിഷയമായിട്ടുണ്ടു്. എന്നാൽ ഗൌരി അന്തർജ്ജനത്തിന്നു് അതിലൊന്നും യാതൊരു കുസലുമില്ല.

ഗൌരി ചിലപ്പോഴെല്ലാം രണ്ടു തറവാടിനേയും താരതമ്യപ്പെടുത്തി പ്രസംഗിക്കും. സ്വന്തം ഭർത്താവിന്റെ കുടുംബസ്ഥിതിയെ അധിക്ഷേപിക്കുകയാണ്, പതിവ്.

അതൊരു ഛച്ച്തന്നെയായിമാറും, പലപ്പോഴും. വാസു നമ്പൂതിരിയും ഒട്ടും വിട്ടുകൊടുക്കാറില്ല. കാരണം, അ യാൾക്കമറിയാം, രണ്ടു തറവാടിന്റേറയും ശരിയായ സ്ഥി തിഗതികൾ. രണ്ടും തകൻതുടങ്ങിയിരിക്കയാണ്. അ തും, ഇന്നൊ, ഇന്നലെയൊ തുടങ്ങിയതല്ല. അവരുടെ മുത്തശ്ശൻമുതൽ ആരംഭിച്ചിട്ടുണ്ടു്. ഏറ്റെക്കുറെ ആ കാ രണവന്മാരുടെ അലസജീവിതംതന്നെ അതിന്നു കാരണ വും. പക്ഷെ ഇന്നു് ആ അലസത കുറഞ്ഞുപോയിട്ടുണ്ടു്. എങ്കിലും ജീവിക്കാൻ പ്രയാസംതന്നെ. കാലത്തിന്റെറ മാററമാണതിന്നു കാരണം. അല്ലെങ്കിൽ, നമ്പൂതിരി യുടെ കൊള്ളരുതായ്മയാണ്. അതുമല്ലെങ്കിൽ, തങ്ങളുടെ യോഗമാണ്. തലയിലെഴുത്തു് "മായ്ച്ചാൽ മായില്ല."– അങ്ങിനെയൊരു നിഗമനത്തിലെത്തിച്ചേരും രണ്ടുപേരു ടേയുംചച്ച്. ശോകപര്യവസായിയാണത്. ഛച്ച് പല വഴിക്കും തിരിയും, എങ്കിലും ഒരേ നിഗമനത്തിലെത്തി ച്ചേരാറാണ് പതിവു്.

ക്രമേണ ഛച്ച്യ്ക്കു് ശക്തി ചുരുങ്ങി. ചിന്തയ്ക്കു ക്രു ടുകയും ചെയ്തു. ജീവിതവിഷമതകൾ നാൾക്കുനാൾ വ ൪ദ്ധിക്കുകയാണ്. അഞ്ചു പെൺകുട്ടികളെ വിവാഹംചെ യ്തുകൊടുത്തു. ഒന്നിന്നു ആറായിരത്തഞ്ഞൂറും, മറേറതിന്നു അയ്യായിരത്തി ഇരുന്നൂറും. ജന്മനിലം വിററിട്ടാണ് ര ണ്ടും നടത്തിയതു്. എങ്കിലും തന്റെറ സ്ഥിതിക്കനുസരി ച്ചു നടത്താൻ സാധിച്ചു. ഉള്ളുകള്ളി പുറത്തറിയാതെ ന്നെ, പക്ഷെ ക്രമേണ കുടുംബത്തിൽ പല മാററങ്ങളും വരുത്തേണ്ടിവന്നു. കാരണം സാമ്പത്തികമായ അധഃപ തനംതന്നെ. കാര്യസ്ഥന്മാർ രണ്ടു പേരേയും പിരിച്ചു വിട്ടു. കൈയിലുണ്ടായിരുന്ന കൃഷിസ്ഥലമെല്ലാം വാര

ത്തിന്നുകൊടുത്തു. ഇതെല്ലാം കാണുമ്പോൾ ചിലർ ചോദ്യംചെയ്യാതിരുന്നില്ല. വിശേഷിച്ചും, നമ്പൂതിരിയുടേയും അന്തർജ്ജനത്തിന്റേയും ശുഭകാംക്ഷികൾ. അതിൽ നിന്നെല്ലാം അവർ ഒഴിഞ്ഞുമാറി. 'വാക്സാമർത്ഥ്യം' കൊണ്ടു്! അങ്ങിനെ കാലം മുന്നോട്ടുനീങ്ങി.

ഓരോ പെൺകുട്ടികളും വളരും. അതനുസരിച്ചു് രണ്ടുപേക്ഷമുള്ള തിക്തചിന്തകളും. പ്രായം വന്ന പെണ്ണിനെ ഇല്ലത്ത് നിറുത്താൻ പററുമോ? വല്ല അപവാദവും കേൾക്കേണ്ടിവന്നാലൊ? അതു നാട്ടു നീളെ വ്യാപിക്കും. എല്ലാ ചരാചരങ്ങൾക്കുമുണ്ടു് ചെവികളും, കണ്ണുകളും! സ്വതവേതന്നെ അപവാദത്തിന്നു് പേരുകേട്ട നാടാണതു്. അപവാദം പറഞ്ഞു പരത്തി സമയം കളയുന്നത് ഒരു രസമാണ് അവിടുത്തുകാർക്ക്. ജോലിയില്ലാത്ത കുറെ വൃദ്ധകളുണ്ടു്, അവിടെ. അവരുടെതൊഴിലാണതു്. അക്കൂട്ടത്തിൽ നമ്പൂതിരിസ്ത്രീകളും മററുള്ളവരുംപെടും. ജോലിയില്ലാത്ത കുറെ ചെറുപ്പക്കാരായ അന്തർജ്ജനങ്ങളും. അവരും കൂടും വൃദ്ധകളുടെ ഒപ്പം. അവരുടെ സൊള്ളലിന്നു് 'സരളി' പിടിക്കലാണ് ചെറുപ്പക്കാരികളുടെ വിനോദം. ആ നാട്ടിൽ രണ്ടു പ്രക്ഷേപണകേന്ദ്രങ്ങളുണ്ടു്. ഓതിക്കോന്മാരുടെ ഇല്ലങ്ങൾ. അവിടെ എല്ലാ വർത്തമാനവും എത്തിച്ചേരും-ഉള്ളതും ഇല്ലാത്തതും ഒക്കെ! ചിലതെല്ലാം പുതുതായി അവിടെനിന്നുമുത്ഭവിക്കും. ഉച്ചക്ക്, ഒരുമണിമുതൽ നാലുമണിവരെയാണ് പ്രക്ഷേപണസമയം. പലപ്പോഴും അവിടെ വമ്പിച്ച ചർച്ചകൾ നടക്കും. നാട്ടിലെ എല്ലാതരം വ്യക്തികളും ചർച്ചക്കു വിധേയരാണ്. കൂട്ടച്ചിരിയും കൈയ്യടിയും ഇടയ്ക്കിടെ കേ

ം ക്കാം. ആ പരിപാടികൾ രണ്ടു കേന്ദ്രങ്ങളിലും മാറി മാറി നിശ്ചയിക്കുകയാണ് പതിവ്.

വാസുനമ്പൂതിരിയുടെ മൂന്നാമത്തെ മകൾ അവിടെ ചർച്ചയ്ക്കു വിഷയമായി. അവളുടെ വിവാഹാലോചന നടക്കുന്ന സമയമായിരുന്നു അത്. അടുത്തുള്ളവരെല്ലാം ആലോചന പിൻവലിച്ചു. അതാണ് ആ ചർച്ചയുടെ ഫലം. അതിനിടയിൽ കുറെ അകലെനിന്നും ഒരു ആലോചന വന്നു. ഒരു പണക്കൊതിയനാണയാൾ. "മൂവായിരത്തഞ്ഞൂറ് ഉറുപ്പിക"–കിട്ടണമെന്ന് ഒരേ ശാഠ്യം. വാസുനമ്പൂതിരി വല്ലാതെ വിഷമിച്ചു. അതു തള്ളിക്കളയാൻ ഒരുമ്പെട്ടു. പക്ഷെ ഗൌരി അന്തർജ്ജനത്തിന്റെ നിർദ്ദേശമനുസരിച്ചു അയാൾ വഴങ്ങി. അങ്ങിനെ ആ വിവാഹം ഉപായത്തിൽ നടന്നു! അതോടുകൂടി തല്ക്കാലം ഒരാശ്വാസമായി–നിലംവിററിട്ടാണെങ്കിലും!

അതുമുതൽ വലിയ ഭയമാണവർക്ക്. വേഗം വേഗം വിവാഹങ്ങൾ നടത്തുവാൻതന്നെ അവർ മനസാ തീരുമാനിച്ചു. അതുപ്രകാരം ഓരോ വിവാഹവും ആലോചനയ്ക്കനുസരിച്ചു നടത്തിത്തുടങ്ങി. വാരത്തിന്നു കൊടുത്ത നിലം സന്ദർഭോചിതം ഒഴിപ്പിച്ചുവാങ്ങും. വിവാഹം നടത്തും. അങ്ങിനെ അതൊരു പതിവായിത്തീർന്നു. ആ വില്പനയിലൊന്നും ഒരു കുസലുമില്ല, അച്ഛന്നും അമ്മയ്ക്കും! പെൺമക്കളുടെ രക്ഷയ്ക്ക് അതു കൂടിയേ കഴിയൂ. ഇല്ലെങ്കിൽ അവരുടെ ജീവിതം നശിച്ചുപോകും. അതോടൊപ്പംതന്നെ തങ്ങളുടെ ആഢ്യത്വവും തകരും. രണ്ടിനേയും സംരക്ഷിക്കണം. അഥവാ ആഢ്യത്വത്തിനെ നിലനിർത്താനുള്ള വഴിയാണത്. അതാണവരുടെ ഉറച്ച വിശ്വാസം. ഏതായാലും ഉണ്ടാവാനുണ്ടായി. അവർക്ക്

സ്വത്തിൽ അവകാശമുണ്ട്. പിന്നെ എന്തുകൊണ്ടു അവ ക്ക്വേണ്ടി നിലംവിററുകൂടാ? അതാണ്ണവരുടെ യുക്തി. ബന്ധുക്കൾ ചോദിച്ചാലുള്ള മറുപടിയാണതു്. അതെ, ചോദിച്ചാലേ, അതുമുള്ളു. ഇല്ലെങ്കിൽ ഒന്നുമില്ല. ആരുമായിട്ടും സംസാരിക്കുന്നതു് ചുരുക്കിയിരിക്കയാണ്, രണ്ടുപേരും.

പെൺകുട്ടികളുണ്ടാകാതിരിക്കാൻ അവർ നിത്യേന പ്രാൎത്ഥിക്കും. പക്ഷെ, ഉണ്ടാകുന്നതൊക്കെ പെൺകുട്ടികളും. ഒരു ആൺകുട്ടിയുടെ മുഖം കണ്ടാൽകൊള്ളാം. രണ്ടുപേരുടേയും ആഗ്രഹമാണതു്. പല പ്രാൎത്ഥനകളും നടത്തി. എന്നാൽ അതുകൊണ്ടൊന്നും ഫലമില്ല. പിന്നേയുമുണ്ടാകുന്നതു് പെൺകുട്ടിതന്നെ. ഇനി ഈ ഭാരം ചുമക്കാൻ സാധിക്കുകയില്ല. പത്തു് പ്രസവിച്ചു, ആ അന്തർജ്ജനം. പത്തും പെൺകുട്ടികൾതന്നെ. ഇനിയും പെൺകുട്ടികൾതന്നെ ഉണ്ടാവുകയാണെങ്കിലൊ? അവരെയൊക്കെ ഓരോരുത്തനെ ഏല്പിക്കണ്ടേ? അതിന്നെല്ലാം വേണം ആയിരക്കണക്കിൽ പണം! എവിടെനിന്നുണ്ടാകും? അഞ്ചു പെൺകുട്ടികളെക്കൊടുത്തപ്പോഴേക്കും അധികഭാഗവും നഷ്ടപ്പെട്ടു. ഇനി പത്തേക്കർ മാത്രമേ കൃഷിസ്ഥലമുള്ളു... അതിൽനിന്നു കിട്ടുന്ന വാരംകൊണ്ടുവേണം ഉപജീവനംകഴിക്കാൻ. നാലേക്ര പറമ്പുണ്ടു് ബാക്കി, ഇല്ലപ്പറമ്പോടുകൂടി അഞ്ചു പെൺമക്കളും! രണ്ടുപേർ വിവാഹപ്രായമായി. ആലോചനനടക്കുന്നുണ്ടു്. മൂന്നുപേർ പ്രായമാവുന്നേയുള്ളു. അവരേയും കൊടുക്കണം! ബാക്കിയുള്ളതും വിററു് അവരേയും കൊടുക്കാം. അവസാനകാലത്തു് അവരിൽ ആരെയെങ്കിലും ആശ്രയിച്ചുകഴിയാം. പിന്നെ തറവാടും ആഢ്യത്വവും! അ

തെന്തിന്ന്? നശിച്ചുപോകട്ടെ! അങ്ങിനെ അവർ തീരുമാനിച്ചു. പക്ഷെ ഇനിയും ഭാരം വന്നാൽ നിവൃത്തിയില്ല. ആ കുട്ടികൾ കഷ്ടപ്പെടും. നശിച്ച തറവാട്ടിൻെറ—തകൎന്ന ആഢ്യത്വത്തിൻെറനേരെ അപവാദം ഇളിച്ചുകാട്ടും! അതുകൊണ്ട് വേണ്ട, ഇനിയൊന്നും വേണ്ട! അങ്ങിനെ രണ്ടുപേരും സ്വയം തീരുമാനിച്ച് നിയന്ത്രിച്ചു തുടങ്ങി. പക്ഷെ, പ്രകൃതിയുടെ ശക്തിയെ അവരെങ്ങിനെ ജയിക്കും? അതാ, ആ സ്ത്രീ പതിനൊന്നാമത്തും ഗർഭം ധരിച്ചു! ഓരോരുത്തരും തന്നത്താൻ പശ്ചാത്തപിച്ചു തുടങ്ങി. രണ്ടുപേരുടേയും മനസ്സിന്ന് തീ പിടിച്ചു. ആധിതന്നെ പിടിപെട്ടു!

അവസാനം അന്തർജ്ജനം പ്രസവിച്ചു. ഒരു ആൺകുട്ടി! ചൈതന്യം കുറഞ്ഞ ഒരു ചെറിയ പൈതൽ. കുറെ ആദ്യമായിരുന്നെങ്കിൽ അവർ സന്തോഷത്തിൽ ആറാടിയേനേ! പക്ഷെ ഇപ്പോൾ ആൺകുട്ടിയുടെ ജനനം അവരെ സന്തോഷിപ്പിച്ചില്ല-അല്പംപോലും!

അപ്പോഴേക്കും ആറാമത്തെ പെൺകുട്ടിയുടെ വിവാഹാലോചന മുറുകി. അന്യനാട്ടിൽനിന്നും വന്ന ആലോചനയാണ്. അതുവരെ വന്നതിലും കുറെ ഭേദപ്പെട്ടതാണത്. അതിനെകുറിച്ചു സംസാരിക്കാൻ "അമ്മാത്തേക്കു"പോയതായിരുന്നു വാസുനമ്പൂതിരി. നാലായിരത്തി എണ്ണൂറുറുപ്പിക വരെ സംസാരിച്ചു. ആലോചനക്കാരന്ന് തൃപ്തിയായിട്ടില്ല, അല്പംപോലും! അയാൾക്കു പിന്നേയും കുറെ വേണം. വേറെ ആലോചനയൊന്നും വന്നിട്ടുമില്ല. കുട്ടിക്കുപ്രായം ഇരുപതിലധികമായി. വിവാഹം ഉടനെ നടത്തണം. കാരണം പ്രക്ഷേപണകേന്ദ്രത്തിൽ അവൾ ചർച്ചാവിഷയമായിട്ടുണ്ട്. ആലോചന നീട്ടിവെച്ചാൽ, ഫലം ആപൽക്കരമായേക്കും. എന്താണ്

മാറ്റം? അയാൾ പലരുമായി ആലോചിച്ചു അപ്പോഴാണ് മനസ്സിലായതു് തൻെറനില ആപത്തിൻെറ വക്കിലാണെന്നു്. ഇല്ലവുംഇല്ലപ്പറമ്പും മാത്രമേ സ്വന്തം കൈവശമുള്ളു. മററുള്ളതെല്ലാം ഓരോരുത്തരുടെ കൈവശമാണ്. ഒന്നും ഒഴിഞ്ഞുകിട്ടുകയില്ല. ഒഴിപ്പിച്ചെടുക്കാനും അസാദ്ധ്യംതന്നെ. വെട്ടിച്ചുരുക്കിയ വാരവും പാട്ടവും തന്നെ ശരിക്കു കിട്ടാനില്ല. കിട്ടിയാൽത്തന്നെ കുടുംബജീവിതം നടത്താൻ ഞെരുങ്ങും. അപ്പോൾ വിവാഹം നടത്തണമെങ്കിൽ ഇല്ലവും പറമ്പും അന്യാധീനപ്പെടുത്തണം. അങ്ങിനെയായാൽ പിന്നെ തെരുവിലേക്കിറങ്ങേണ്ടിവരും. അതോ കൂട്ടത്തോടേയും. അതാണ് അവരുടെ അപ്പോഴത്തെ, നിലപാട്!

വാസുനമ്പൂതിരി, തങ്ങളുടെ ആപൽക്കരമായ തല്ക്കാലികനില ദയനീയസ്വരത്തിൽ ഇടർച്ചയോടെ വിവരിച്ചു കൊടുത്തു. അന്തർജ്ജനത്തിൻേറയും കണ്ണിൽ വെള്ളം നിറഞ്ഞൊഴുകി.

"അപ്പൂഴയ്...ഹെന്നി...ഏന്താ...ചെയ്യാ?"

ഗൌരി അന്തർജ്ജനത്തിൽനിന്നു് ആ അക്ഷരങ്ങൾ തെറിച്ചുതെറിച്ചു വീണു.

"എങ്ങ്ന്യെങ്കിലും.....മരിക്ക്യന്നെ......ജീവിക്കാൻ സാധ്യ്യോല്ല!"

"പക്ഷെ......"?

അന്തർജ്ജനം തന്നത്താനറിയാതെ പിന്നിലേക്കൊന്നു തിരിഞ്ഞു നോക്കിപ്പോയി. അടുത്തുതന്നെ നിറഞ്ഞ കണ്ണുകളോടെ നില്ക്കുകയാണ്, പെൺ മക്കൾ!

അതു കണ്ടപ്പോൾ അവർ പൊട്ടിക്കരഞ്ഞുപോയി! അതോടൊപ്പംതന്നെ പെൺകുട്ടികളും.

ബഹളംകേട്ട് ഞെട്ടിയുണർന്ന ആൺകുട്ടി തൊട്ടിലിൽനിന്നും പൊട്ടിക്കരഞ്ഞു!

# എല്ലാം നശിക്കുകയാണ്!

"ആ സംഗതി ഞാൻ നിങ്ങളോടു പറഞ്ഞോ?"

"ഏതു സംഗതി?"

എനിക്കു മനസ്സിലായില്ല. ശങ്കുണ്ണിമേനോൻ അവിചാരിതമായാണ്, ആ ചോദ്യം എൻെറ നേക്കെറിഞ്ഞത്. അയാഠം വീണ്ടും ആലോചനയിൽ മുഴുകി. എനിക്കൊന്നും തീരെ മനസ്സിലായില്ല. കുറച്ചു ദിവസമായി, അയാശം സംസാരംതന്നെ ചുരുക്കിയിട്ട്. അതിനുമുമ്പ് ധാരാളം സംസാരിക്കാറുണ്ട്. സ്വതവേതന്നെ ഒരു 'വായാടി'യാണയാഠം. സൊള്ളൽ അയാളുടെ കൂടപ്പിറപ്പാണ്. അതിൽ പങ്കാളിയാവുന്നത് എനിക്കും ഇഷ്ടം തന്നെ. ഒഴിവുസമയത്തെല്ലാം ഞാൻ അദ്ദേഹത്തെ സമീപിക്കും. പലപ്പോഴുമുണ്ടാകും, വേറെയും ആളുകഠം.

പക്ഷെ, 'ഭേദപ്പെട്ട'വർ മാത്രമേ ആ 'വട്ടമേശാസമ്മേളന'ത്തിൽ പങ്കുകൊള്ളാറുള്ളു. മേശമേൽ സിഗററുടിന്നും തീപ്പെട്ടിയും എപ്പോഴുമുണ്ടാകും. തൊട്ടടുത്തു തന്നെ മുറുക്കാനുള്ള ചെല്ലവും. ചായയുടെ സമയത്താണെങ്കിൽ ചായ. ഊണിൻെറ സമയത്താണെങ്കിൽ ഊണ്. കഴിച്ചുകൊള്ളണം. വിശേഷിച്ചും ഭേദപ്പെട്ടവരായാൽ. മററുള്ളവക്കും വിഷമമൊന്നുമില്ല. ഇതാണ് അവിടുത്തെ പൊതുനിയമം. കാര്യം മനസ്സിലാക്കിയശേഷം ആ സമയം കഴിഞ്ഞേ ഞാൻ പോകാറുള്ളു. മേശയ്ക്കു ചുററുമുള്ള കസാലകഠം നിറയെ ഉണ്ടാവും, ആളുകഠം. ചിലപ്പോഠം അങ്ങിനെയുള്ള ഒരു സന്ദർഭത്തിൽ അവിടെ ചെന്നുപെട്ടാൽ സമയം പോകുന്നത് അറിയാറില്ല.

എന്നാൽ ഈയ്യിടെയായി അതൊക്കെ ഒന്നു മാറി യിരിക്കയാണ്. ശങ്കുണ്ണിമേനോനു് അതിലൊന്നും വലി യ ശ്രദ്ധയില്ല. എപ്പോഴും ആലോചനതന്നെ. ശരീരം തന്നെ ഒന്നു ക്ഷീണിച്ചിട്ടുണ്ടു്. എന്തൊന്നില്ലാത്ത ഒരു അസ്വാസ്ഥ്യം അയാളെ അലട്ടുകയാണ്. ആരോടും അ ധികം സംസാരിക്കാറില്ല. അതു മനസ്സിലായതോടു കൂടി ഞാനും യാത്ര ചുരുക്കി. അതിന്നു് വേറെയുമുണ്ടു്, കാര ണം. പുതിയ പുതിയ നിയമങ്ങളുടെ ഉത്ഭവത്തോടു കൂടി എൻെറയും ചുമതലകൾ വർദ്ധിച്ചിരിക്കയാണ്. ജോലിക ൾ പിടിപ്പതുമുണ്ടു്. ഓഫീസ്സിൽനിന്നും തീരില്ല. മിക്ക വാറും വീട്ടിൽ നിന്നു ചെയ്യേണ്ടിവരും. ഒരു ഗവൎമ്മേണ്ടു ഉദ്യോഗസ്ഥനല്ലേ? ചെയ്യാതൊക്കുമോ? വിശേഷിച്ചും ഇന്നത്തെ പരിതസ്ഥിതിയിൽ!

ഒരു ഞായറാഴ്ചയായിരുന്നു, അത്. വലിയതിരക്കുമി ല്ല. കുറച്ചു ദിവസമായി മേനോൻെറ വീട്ടിലേക്കു പോകാ തെ. അദ്ദേഹം എന്തു വിചാരിക്കും? ഏതായാലും ഒന്നു പോയ്ക്കുളയാം. വല്ല പരിഭവവുമുണ്ടെങ്കിൽ തീൎത്തുവരണം. അതു വിചാരിച്ചാണ് ഞാൻ പുറപ്പെട്ടത്. അയാളെ ക്കൊണ്ടു് പരിഭവിപ്പിക്കുന്നതു് ശരിയല്ല. കാരണം അ യാളുടെ എടുപ്പിലാണ് എൻെറ ജീവിതം-താമസം. അ വിടെനിന്നും അര നാഴിക അകലെയാണ്, പട്ടണം. ആ ദ്യമായി ആ നാട്ടിലേക്കു സ്ഥലമാററം കിട്ടിയപ്പോൾ ഞാൻ വിഷമിച്ചു. കുടുംബസമേതം താമസിക്കണം. ഉൾനാട്ടോടു ചേൎന്നതാകണം സ്ഥലം. പക്ഷേ, പട്ടണ ത്തിൻെറ ബന്ധം വിടാൻ പററില്ല. അതാണ് എൻെറ ആശയം. പലരോടും അന്വേഷിച്ചു. സൌകര്യത്തിൽ ഒരു വീടു കിട്ടാതെ കുഴങ്ങി.

അപ്പോഴാണ് ആ വീടിനെപ്പററി അറിഞ്ഞത്. ചെന്നുനോക്കിയപ്പോഠംത്തന്നെ എനിക്കത് ഇഷ്ടപ്പെട്ടു. നല്ലൊരു തെങ്ങിൻതോപ്പിൻെറ മദ്ധ്യത്തിലാണ്, വീട്. തേങ്ങയും മററും സൂക്ഷിക്കുന്ന വീടാണത്. പണിക്കാരുടെ വെപ്പും, ഊണും, കിടപ്പും മററും അവിടെയാണത്രെ. എങ്ങിനെ ചോദിക്കും?

എങ്കിലും ആ വീടുതന്നെ ഞാൻ ആവശ്യപ്പെട്ടു. എൻെറ സൌകര്യത്തെ മാത്രം മുൻനിത്തികൊണ്ട്. ആദ്യം അദ്ദേഹം ആലോചിച്ചു പറയാമെന്നേ പറഞ്ഞുള്ളു. അതുതന്നെ ഒരു അലസമനോഭാവത്തിലും. ആ ആലോചന എനിക്ക് അനുക്രൂലമാകാനിടയുണ്ടോ? ഞാൻ ആലോചിച്ചു. അദ്ദേഹത്തിൻെറ സൌകര്യവും നോക്കേണ്ടേ? സംശയാസ്പദമാണ്, കാര്യം. പല ദിവസങ്ങളും അങ്ങിനെ ഇഴഞ്ഞുപോയി. പെട്ടെന്നൊരുദിവസം ഒരാഠം ഓഫീസ്സിലേക്കുവന്നു, ഒരെഴുത്തുമായിട്ട്. മേനോൻെറ വീട്ടിലേക്ക് പോകാനാണ്, കത്ത്. അന്നു വൈകുന്നേരംതന്നെ ഞാൻ പോയി. വീട് അനുവദിക്കപ്പെട്ടു. വാടകയുടെ കാര്യം അയാഠം പറഞ്ഞില്ല. എന്തെങ്കിലും കൊടുത്താൽമതിയത്രെ. കൊടുത്തില്ലെങ്കിലും വിരോധമില്ല! അങ്ങിനെ ഞാൻ കുടുംബത്തോടുക്രൂടി അവിടെ താമസം തുടങ്ങി.

അല്പദിവസമേ വേണ്ടിവന്നുള്ളു, എൻെറ ധമ്മ പത്നിയും മേനോൻെറ ധമ്മപത്നിയും തമ്മിൽ സ്നേഹത്തിലാവാൻ. അതോടൊപ്പംതന്നെ മേനോനും ഞാനും തമ്മിലും ക്രൂടുതൽക്രൂടുതൽ അടുത്തുതുടങ്ങി. ആ അടുപ്പവും സ്നേഹത്തിലാവലും ചില്ലറപ്പെട്ട നേട്ടമായിരുന്നില്ല.

എൻെറ കുടുംബച്ചെലവുതന്നെ ചുരുങ്ങിക്കിട്ടി. അതിന്നു ള്ള പ്രധാന കാരണം ആ സ്ത്രീകൾ തമ്മിലുള്ള സ്നേഹ ബന്ധമാണ്.

"സ്നേഹിക്കാൻ കൊള്ളാവുന്ന ഒരു സ്ത്രീ!" എൻെറ ഭാര്യ അവക്കു നല്കിയ സർട്ടിഫിക്കറ്റാണത്. "എന്തു വേണമെങ്കിലും വാരിക്കൊടുക്കും." അതവൾ പലപ്പൊ ഴും ആവത്തിക്കാറുള്ളതാണ്.

"രണ്ടാളും കുറവില്ല. ഭത്താവും ഭാര്യയും ഒരുപോ ലെ! എന്തൊരു ഔദാര്യം!" അങ്ങിനെ ഞാനും ആ അ ഭിപ്രായത്തെ പിൻതാങ്ങി. തികഞ്ഞ ആത്മാത്ഥതയോ ടെയാണത്. അദ്ദേഹത്തെ ആശ്രയിച്ച് അനവധിപേർ ഉപജീവനം കഴിക്കുന്നുണ്ട്. ആ നാട്ടിലെ പ്രധാന ജന്മി യാണത്രെ, മേനോൻ. അനേകം ഏക്ര സ്ഥലം അയാളു ടെ തറവാട്ടുവകയിൽ പെട്ടം. അതൊക്കെ കാരണവ ന്മാർ പരമ്പരയായി സമ്പാദിച്ചതാണത്രെ. പുറമെ കുറെ സ്വന്തം സമ്പാദ്യമുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്തു വലിയ പരാക്രമികളായിരുന്നുവത്രെ, ശങ്കുണ്ണിമേനോ ൻെറ കാരണവന്മാർ. അതെല്ലാം അദ്ദേഹംതന്നെ എ ന്നോട് പറഞ്ഞിട്ടുണ്ട്, പലപ്പൊഴും. പഴയ കാലത്തെ കുറിച്ച് ഓക്കുമ്പോൾത്തന്നെ ആ മുഖഭാവം മാറും. ആ മുഖത്തു് അഭിമാനം തിരതല്ലും.

മേനോന്ന് വ്യക്തിപരമായ പല അഭിപ്രായങ്ങളു മുണ്ട്. പഴയകാരണവന്മാർ നേടിവെച്ച നിലയും വില യും കളഞ്ഞുകുളിക്കരുതു് - അതാണ് അവയിൽ പ്രബ ലം. കാലസ്ഥിതികൊണ്ടു് അതിന്നുതന്നെ അദ്ദേഹം ഞെരുങ്ങാറുണ്ടത്രേ. വിശേഷിച്ചും രാഷ്ട്രീയ കക്ഷികൾ

സ്വാധീനശക്തി ചെലുത്തുവാൻ തുടങ്ങിയതോടുകൂടി. ജനങ്ങളെല്ലാം തെമ്മാടികളായിരിക്കുകയാണ്. അതദ്ദേഹം പലപ്പോഴും ആവത്തിക്കാറുണ്ട്. "തറവാടിത്തം നശിപ്പിക്കുന്ന ജന്തുക്കൾ!" അതാണ് രാഷ്ട്രീയകക്ഷികളെപ്പററി അദ്ദേഹത്തിൻെറ അഭിപ്രായം. ഉണ്ടചോറിന്ന് നന്ദിയില്ലാതാക്കുകയാണത്രെ, അവർ. അദ്ദേഹത്തിൻെറ തോട്ടങ്ങളിലും കൃഷിസ്ഥലങ്ങളിലും നിരവധിപേർ നിത്യേന പണിയെടുക്കാറുണ്ട്. അവക്കെല്ലാം എന്തുവേണമെങ്കിലും അദ്ദേഹം വാരികൊടുക്കും. പ്രായമുള്ള ആശ്രിതന്മാക്ക് ആ'അറിവ്' ഇപ്പോഴുമുണ്ട്. അവരുടെ മക്കളാണ് വെറും തെമ്മാടികളായിപ്പോയത്!

ആവക കാര്യങ്ങളാണ് കുറച്ചുകാലമായി ശങ്കുണ്ണിമേനോൻെറ സംസാരവിഷയങ്ങൾ. അഭിപ്രായങ്ങൾ ആരുടെ മുമ്പിൽ വെച്ചും അദ്ദേഹം വെട്ടിത്തുറന്നു പറയും. ആ സംഭാഷണത്തിന്നുതന്നെ ചില പ്രത്യേകതകളുണ്ട്. പലപ്പോഴും അതിലൊരു തറവാടിത്തം മുഴച്ചുനില്ക്കും. ഇടയ്ക്കിടെ പൊട്ടിച്ചിരിയും കേൾക്കാം. പ്രവൃത്തിസ്ഥലത്താണെങ്കിൽ ആ ശബ്ദത്തിന്ന് ഗാംഭീര്യംകൂടും. ഇടയ്ക്ക് ആ കൂലിക്കാരോടു തട്ടിക്കയറുന്നതുകാണാം. ദേഷ്യവും സന്തോഷവും ആ മുഖത്ത് വേഗംവേഗം മാറിമാറി പ്രത്യക്ഷപ്പെടും. കൂലിക്കാക്ക് കൊടുക്കുന്ന കാര്യത്തിലും പിശുക്കില്ല, അല്പംപോലും. കീഴിലുള്ളവർ ഭയഭക്തി ബഹുമാനങ്ങൾ കാണിക്കണം. അതാണ് അദ്ദേഹത്തിൻെറ ശാഠ്യം. അതിന്നു കുറവുകണ്ടാൽ മേനോന്ന് കലികയറും. അത്രതന്നെ.

അടുത്തകാലത്തായി ആവക വിഷയങ്ങളിൽ മേനോന്നു വലിയ അതൃപ്തിയാണ്. ആ മുഖത്ത് എന്തെന്നി

ല്ലാത്ത അമഷ്വും, നിരാശയും, വെറുപ്പും, ക്രൌര്യവും മാറി മാറി സ്ഫുരിക്കും, അത്തരം വിഷയങ്ങളിലേക്കുകടന്നാൽ. ആകപ്പാടെ ഒരു പന്തിയില്ലായ്മ. പലപ്പോഴുമായി ഞാൻ നിരീക്ഷിച്ച് മനസ്സിലാക്കിയതാണ്, ഇതെല്ലാം.

അങ്ങിനെ പല സ്മരണകളും എൻെറ മനസ്സിൽ ക്കൂടി പറന്നുപോയി, അല്പനിമിഷങ്ങൾക്കുള്ളിൽ. അതൊക്കെയോ കൂട്ടംകൂട്ടമായും! എന്നിട്ടും തീന്നില്ല, അവയുടെ അണികൾ. പക്ഷെ അപ്പോഴേക്കും മേനോൻ ആലോചനയിൽനിന്നും ഉണൎന്നുകഴിഞ്ഞു. കൂട്ടത്തോടെ ഉയൎന്നുകൊണ്ടിരിക്കുന്ന സ്മരണകളെ ശങ്കുണ്ണിമേനോൻെറ ശബ്ദം സ്തംഭിപ്പിച്ചുകളഞ്ഞു. വിദ്യുച്ഛക്തിയുടെ പ്രവാഹമേററതുപോലെ!

"ആ സംഗതി ഞാൻ പറഞ്ഞില്ല, അല്ലേ?"

"ഏതു സംഗതി?–മനസ്സിലായില്ലല്ലോ?"

"ഈയ്യിടെ ഉണ്ടായ വിശേഷം?"

"വിശേഷമോ? ഏയ്,–ഓക്കുന്നില്ലല്ലോ."

"ഇല്ല. ഉണ്ടാവില്ല. അതിനുശേഷം നമ്മൾ തമ്മിൽ കണ്ടിട്ടില്ല. അല്ലേ, നമ്പ്യരേ?"

"എന്നാൽ ഇപ്പോൾതന്നെയങ്ങ് പറഞ്ഞേക്കണം"

"അതെ, പറഞ്ഞുകളയാം."

ശങ്കുണ്ണിമേനോൻെറ ഭാവം മാറി. എവിടെയൊക്കെയോ അലഞ്ഞുതിരിഞ്ഞ ശ്രദ്ധയെ ഒരു ബിന്ദുവിലേക്ക് തിരിച്ചുവിട്ടു. അതു ആ മുഖത്ത് നോക്കിയാലറിയാം ഞാനും എൻെറ ശ്രദ്ധയെ നിയന്ത്രിച്ചു. ആ 'വിശേഷ' ത്തിലേക്കായി, അതിൻെറ നോട്ടം.

"അന്നു രാത്രി എനിക്കു തീരെ വന്നില്ല, ഉറക്കം. കുറെ നേരം തിരിഞ്ഞും മറിഞ്ഞും നോക്കി. പിന്നെയും ഫലം അതു തന്നെ. പല ആലോചനകളും മനസ്സിൽ കടന്നു കൂട്ടുകയാണ്. ഒന്നിന്നും ഒരു തീരുമാനവും ആവുന്നില്ല. ആകപ്പാടെ കുഴങ്ങിയിരിക്കയൊണ്. പല ഉദ്യോഗസ്ഥന്മാരുമുണ്ട്, സ്നേഹിതന്മാരായിട്ട്. അതുപോലെത്തന്നെ 'എമ്മെല്ലെ'മാരും, വക്കീലന്മാരും,മററും. എന്നിട്ടെന്തു പ്രയോജനം? ആക്കെങ്കിലും ഇക്കാര്യത്തിൽ എന്നെ സഹായിക്കാനൊക്കുമോ? അവർ തന്നെ കുഴങ്ങുകയല്ലെ? നാടോടുമ്പോൾ നടുവെ ഓടണമത്രെ. അതാണ് ചിലരുടെ ഉപദേശം. അത് കേൾക്കുമ്പോൾത്തന്നെ കലികയറുകയാണ്, എനിക്ക്. തറവാടിത്തം നശിപ്പിക്കാൻ കണ്ടൊരുന്യായം!

ഏതായാലും എല്ലാം നശിക്കാൻ പോവുകയാണ്. കലിയുഗത്തിന്റെ അവസാനമായില്ലേ? അങ്ങിനെയല്ലാതെവരുമോ? അതുകൊണ്ടല്ലേ, കമ്മ്യൂണിസ്റ്റ്കാർ തന്നെ അധികാരത്തിൽ വന്നത്? ഈ രാഷ്ട്രീയക്കാർ തന്നെ കൊള്ളരുതാത്തവരാണ്. അവരിൽ അഗ്രഗണ്യന്മാരാണ്, കമ്മ്യൂണിസ്റ്റ്കാർ. അവക്ക് എന്തും ചെയ്യാം, ഇഷ്ടം പോലെ. ആരെതിക്കാൻ? എതിത്താൽ തന്നെ എന്തു്? അവരുടെ ഉദ്ദേശമേ നടക്കുകയുള്ളൂ. ഓരോ നിയമങ്ങളും, ബില്ലുകളും കണ്ണുമടച്ചങ്ങ് പടച്ചുവിടും. മററുള്ളവരുടെ മാനവും മര്യാദയും നശിപ്പിക്കണം. അത്രയേ വേണ്ടൂ, അവക്ക്. അതിന്നു വേണ്ടിത്തന്നെ ഒരുങ്ങിപ്പുറപ്പെട്ടിരിക്കയൊണിവർ. അക്കൂട്ടത്തിൽ തറവാട്ടിന്റെ കാര്യവും കുന്തമാകും. ഈ ശങ്കുണ്ണിമേനോ

നം അതിന്നു വഴങ്ങേണ്ടിവരും! ഞാനത് എങ്ങിനെ സഹിക്കും?

എത്ര സ്വത്താണ് ഞാനും കാരണവന്മാരും കൂടി സമ്പാദിച്ചത്? എല്ലാം അന്യാധീനത്തിലാണ്, ഇപ്പോൾ. അതല്ലേ, സങ്കടം? എന്നാലും ക്ഷമിക്കാം. ഞാൻ പറയും പോലെ അവർ കേൾക്കുകയാണെങ്കിൽ. വാരവും പാട്ടവും ഒന്നും തരില്ല, നിശ്ചയപ്രകാരം. പുതിയ നിയമങ്ങളാണത്രെ, അവർക്ക് പ്രധാനം. അങ്ങിനെ ഉള്ളതൊക്കെ വെട്ടിച്ചുരുക്കി. പേരിന്നു മാത്രം എന്തെങ്കിലും കിട്ടും. അത്ര തന്നെ. അതോ മനമില്ലാമനസ്സോടെയും. ഒരു മണിനെല്ലോ, ഒരു ചില്ലിക്കാശോ തരുന്നത് അവർക്കിഷ്ടമല്ല. നന്ദിയില്ലാത്ത ഒരു വർഗ്ഗം!

അവരെ എന്തിന് കുററപ്പെടുത്തണം? അതൊക്കെ ഈ ഗവർമ്മേണ്ടല്ലേ, പററിക്കുന്നത്? കമ്മ്യൂണിസ്റ്റ്കാർ മുമ്പെ തന്നെ ജന്മികളുടെ ആജന്മ ശത്രുക്കളാണ്. കോൺഗ്രസ്സുകാരും കൂടെ ഇങ്ങിനെ ആയിപ്പോയല്ലോ. അതല്ലേ, അത്ഭുതം! ഇതിനെല്ലാം 'എസ്സ്' മൂളാൻ കുറെ 'സിൽബന്ധി'കളും. എല്ലാം നശിക്കാറായി. മറെറന്തു പറയാൻ!

എന്നാലും ഉണ്ടചോററിൽ കല്ലിടാൻ പാടുണ്ടോ? എൻെറ കീഴിൽ, എൻെറ ഇഷ്ടത്തിന്നനുസരിച്ച് പ്രവർത്തിച്ച എൻെറ ആശ്രിതന്മാർ, എനിക്കെതിരായി നില്ക്കുകയാണ്! രാവും പകലും ഒരു പോലെ പ്രചരണം നടത്തുകയാണവർ, എനിക്കെതിരായിട്ട്. അതോ എൻെറ പറമ്പുകളും വയലുകളും കൊണ്ട് ഉപജീവനം കഴിക്കുന്നവരും. അതിന്നു എന്നോടവർക്ക് യാതൊരു കടപ്പാടുമില്ലത്രെ! നേരെ മറിച്ച് കമ്മ്യൂണിസ്റ്റ് ഗവർമ്മേണ്ടോടാ

ണത്രെ, അവരുടെ കടപ്പാടുകഠം മുഴുവൻ! നോക്കണേ, ധിക്കാരം! 'അധികപ്രസംഗ'ത്തിന്നും വേണ്ടേ, ഒരതിരൊക്കെ?"

ഇത്രയും പറഞ്ഞ് ശങ്കുണ്ണിമേനോൻ മുരുക്കാൻ തുടങ്ങി. അദ്ദേഹത്തോടു പലതും പറയണമെന്നുണ്ട്, എനിക്ക്. അതെ, അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെപ്പററിത്തന്നെ. പക്ഷെ, അതൊന്നും അയാഠംക്ക് രസിക്കുകയില്ല. അതേപടി സമ്മതിക്കുന്നതാണ് ഭേദം. അല്ലെങ്കിൽ കാര്യം മാറും. എന്തിന്ന് വെറുതെ, മൂലയിൽ കിടക്കുന്ന മഴുവെടുത്തു കാലിന്മേലിടണം? ഞാൻ അടങ്ങിയിരുന്നു, ഒരു കുട്ടിയെപ്പോലെ. കഥ കേഠംക്കുകയല്ലേ? അദ്ദേഹം തുടൎന്നു, മുരുക്കുന്നതിന്നിടയിൽത്തന്നെ.

"ഞാൻ കിടക്കയിൽനിന്നു എഴുന്നേററു ടോർച്ചടിച്ച് സമയം നോക്കി. രണ്ടുമണിയായി. എന്നിട്ടും ഉറക്കം വന്നിട്ടില്ല. കുറെദിവസമായി, ശരിക്കുറക്കമില്ലാതെ. ഇതിന്നൊരു നിവൃത്തിമാർഗ്ഗം കാണണം: ഞാൻ മാളികപ്പുറത്തുനിന്നു പുറമേയ്ക്കൊന്നു എത്തിനോക്കി. ലോകം മുഴുവൻ ഉറങ്ങുകയാണ്. ഞാൻ മാത്രമാണ് ഉറക്കമില്ലാതെ വിഷമിക്കുന്നത്. എനിക്ക് എന്തെന്നില്ലാത്ത അസൂയ തോന്നി, ലോകത്തോടു തന്നെ!

ഭാര്യയും കുട്ടികളും അടുത്തുതന്നെ കട്ടിലിൽ കിടന്നുറങ്ങുന്നുണ്ട്. അവരെ ഞാനൊന്നു സശ്രദ്ധം നോക്കി. മൂത്തമകൻ മാത്രമെ പ്രായപൂൎത്തിയെത്തിയിട്ടുള്ളു. ബോമ്പെയിൽ ഒരു ഉദ്യോഗസ്ഥനായി ഭാര്യാമക്കളോടുകൂടി സുഖിക്കുകയാണവൻ. മററുള്ള മക്കഠം കോളേജിലും ഹൈസ്കൂളിലുമായി പഠിക്കുന്നുണ്ട്. അവരെല്ലാം എ

ങ്ങിനെയെങ്കിലും ജീവിച്ചുകൊള്ളും. പക്ഷെ, എനിക്കു സാദ്ധ്യമല്ല, ഈ അപമാന ഭാരവും ചുമന്നുജീവിക്കുവാൻ. മരിക്കുകയാണ്, ഇതിനേക്കാൾഭേദം. ജീവിക്കുന്നെങ്കിൽ മാനവും, മര്യാദയും, നിലയും, വിലയും, തറവാടിത്തവും അന്തസ്സും വിടാതെ ജീവിക്കണം. ഏതായാലും ഈ തറവാട്ടിൽ ഇങ്ങിനെ ഇനി ജീവിക്കുവാൻ സാദ്ധ്യമല്ല. തകരുകയാണിത്. സ്വത്തില്ലാത്ത തറവാട് എന്തിനു കൊള്ളും? ദാരിദ്ര്യവും കഷ്ടപ്പാടും, തൊഴുത്തിൽകുത്തും മററും, മററും! അതൊന്നും എനിക്ക് ഓക്കാൻ കൂടി വയ്യ. അതെല്ലാം ഓക്കുമ്പോൾ തന്നെ ഞാൻ ലജ്ജിച്ചു പോവുകയാണ്!

ആ നന്ദിയില്ലാത്ത വർഗ്ഗമാണ്, ഇതിന്നെല്ലാം കാരണം. എങ്ങിനെയെന്നു ചോദിക്കും; അല്ലേ? പറയാം. വിസ്തരിച്ചു പറഞ്ഞുകളയാം. എൻെറ ഇഷ്ടത്തിന്നു വിപരീതമായാണ് അവർ കമ്മ്യൂണിസ്റ്റ്കാരായത്. ആ ധിക്കാരികൾ ആ ദുഷ്ടന്മാക്ക് വോട്ടു കൊടുത്തു. അങ്ങിനെ അവർ അധികാരത്തിലെത്തി. എന്തും ചെയ്യാമെന്നായി, അവക്ക്. അവർ ചെയ്താൽ ചോദിക്കാനാളില്ല. ഗവമ്മേണ്ട് അവരുടെ ഭാഗത്തായല്ലൊ. ഇന്ന് എൻെറ നേരെയാണ്, അവരുടെ എതിപ്പുകൾ. നാളെ എൻെറ മക്കളുടെ നേരെനായിരിക്കും. എൻെറ കുടുംബ ദ്രോഹികളായിത്തീന്നിരിക്കയാണ് അവർ. ആ ജന്തുക്കൾ നശിക്കണം. അതോടൊപ്പം തന്നെ അവരുടെ സ്ഥിരാവകാശവും. സൃഷ്ടിക്കാൻ, കഴിയുന്ന ആൾക്ക് സംഹരിക്കാനും സാധിക്കും. ഞാനും എൻെറ കാരണവന്മാരും സമ്പാദിച്ചത് അവരുടെ വായയിൽ കൊണ്ടി

ടാൻ മാത്രമല്ല, പഠിച്ചിട്ടുള്ളു. ഈ തെമ്മാടിത്തരം നശിക്കണം. ഇതെനി ആവത്തിക്കാനിടവരരുത്. അവരുടെ അവകാശവും, അധികാരവും, അവഹേളനവും നശിക്കണം. എന്നാലേ എൻെറ ആത്മാവിനു പോലും ശാന്തിയുള്ളു!"

ചാരുകസേലയ്ക്കടുത്തുള്ള കോളാമ്പിയിലേക്കു തുപ്പി കാക്കിച്ചുകൊണ്ട്. എന്തെന്നില്ലാത്ത ഒരമഷം അതിൽ മുഴങ്ങി. മേനോൻെറ ചിന്താഗതികൾ ആപല്ക്കരമാണ്. അതു് പല വിനകളിലേക്കും നയിക്കും. അദ്ദേഹത്തെ സമാധാനിപ്പിക്കണം. ഇല്ലങ്കിൽ ഏതു നിമിഷവും ആളിക്കത്തിയേക്കാനിടയുണ്ട്, ആ പുകയുന്ന കൊള്ളി. അങ്ങിനെ പലതും എന്നെ ഉപദേശിച്ചുകൊണ്ടിരുന്നു, എൻെറ മനസ്സാക്ഷി. പക്ഷെ, വിവേകം എന്നെ തടഞ്ഞു. ഒന്നരക്കൊല്ലത്തെ പരിചയമുണ്ട്, അയാളുമായിട്ട്. അതിനെ ഉപയോഗിക്കാനറിയണമല്ലൊ. അങ്ങിനെ സ്വയം സമാധാധിച്ചു. അപ്പോഴേക്കും അദ്ദേഹം തുടന്നു തുടങ്ങി.

"ഞാൻ നേരെ കോണിയിറങ്ങി. തീപ്പെട്ടിയും, ടോച്ചും, കത്തിയും, വടിയും മററും കരുതിക്കൊണ്ട്. പുറമെ എത്തിയപ്പോൾ ഞാനല്പം നിന്നുപോയി. എന്തെല്ലാമോ ആലോചനകളാണ്, എന്നെ തടഞ്ഞത്. പക്ഷെ, നൈരാശ്യം എന്നെ മുമ്പോട്ടു പിടിച്ചു വലിച്ചു. ഞാൻ വീണ്ടും നടന്നു തുടങ്ങി. എന്തെന്നില്ലാത്ത ഒരു ധൈര്യം 'കട്ടകെട്ടി'യിരിക്കുകയാണ്!

വീണ്ടും അയാൾ കോളാമ്പിയിലേക്ക് തുപ്പി. അടുത്തുണ്ടായിരുന്ന കിണ്ടിയെടുത്തു 'കുലുക്കുഴിഞ്ഞു'.

എൻെറ ജിജ്ഞാസ കുതിച്ചോടുകയാണ്, പുറത്തിറങ്ങിയ മേനോൻെറ പിന്നാലെ തന്നെ!

"നേരെ ആ പുൽപ്പുരയുടെ വാതില്ക്കലേക്കാണ്, ഞാൻ ചെന്നത്. ടോർച്ചൊന്നു മിന്നിച്ചുനോക്കി. വാതിലടച്ചു കിടന്ന് എല്ലാവരും കൂർക്കം വലിക്കുകയാണ്. ഞാൻ എൻെറ പറമ്പിൽ കെട്ടിച്ചുകൊടുത്ത വീട്ടിൽ എൻെറ ശത്രുക്കൾ കിടന്നുറങ്ങുകയാണ്! എൻെറ ആത്മാഭിമാനം അമർഷത്തിൻെറ ചൂടിൽ തിളച്ചുമറിഞ്ഞു: ആ ജന്തുക്കൾ നശിക്കണം. വെന്തു ചാമ്പലാകണം!

അതുകൊണ്ടു മാത്രം കാര്യമില്ല. എൻെറ ശത്രുക്കളൊന്നും ജീവിക്കാനിടവരരുത്. പ്രതികാരത്തിൽ വെന്തു നീറി ചാമ്പലായേ പറ്റൂ! ആ കുന്നിൻ ചെരുവിലെ ഓരോ വീടും എനിക്ക് അവകാശപ്പെട്ടതാണ്. എവിടെയോ തെണ്ടിത്തിരിഞ്ഞവൎക്ക് ഇരിക്കാനിടം കൊടുത്തു. അതിൻെറ ഫലമാണ്, ഞാനിന്നു അനുഭവിക്കുന്നത്. അവർ എൻെറ ആത്മാഭിമാനത്തെപ്പോലും ചോദ്യം ചെയ്യുകയാണിപ്പോൾ. ഞാനതെങ്ങിനെ സഹിക്കും? അതെ, അവർ എൻെറ ശത്രുക്കളായി മാറിയിരിക്കുകയാണ്. സുഖമായിക്കിടന്നു കൂർക്കം വലിക്കുകയാണിപ്പോൾ. എൻെറ—കുടുംബത്തിൻെറ വ്യക്തിത്വത്തെ ചവിട്ടി മെതിച്ചിട്ട്!

എല്ലാററിനെയും ഒന്നു പോലെ തുലയ്ക്കണം. ഒരോ പുരയും വെന്തുനീറി ചാമ്പലാകട്ടെ! അങ്ങിനെ ആ നന്ദിയില്ലാത്ത വൎഗ്ഗം മുഴുവൻ പിടഞ്ഞു മരിക്കണം. കൂട്ടത്തിൽ ഞാനും നശിക്കുമായിരിക്കാം. ആദ്യം അവർ. പിന്നീട് മാത്രമാണ്, എൻെറ ഊഴം. ശത്രുക്കളെ

കൊന്നു നശിപ്പിക്കുന്നതിൽ പാപമില്ല. ദേവന്മാർ പോലും അങ്ങിനെ ചെയ്തിട്ടുണ്ട്. അങ്ങിനെ, എൻെറ ചിന്തകൾ തീപ്പൊരി ചിതറിത്തുടങ്ങി! എന്തെന്നില്ലാത്ത നൈരാശ്യം തിങ്ങിവിങ്ങുകയാണ്, എന്റെ മനസ്സിൽ!"

മേനോൻ അല്പം നിർത്തി. ദീർഘമായി ഒന്നു നിശ്വസിച്ചു. സിഗരററും തീപ്പെട്ടിയുമെടുത്തു. ആ പുകച്ചുരുളുകൾ പോലെത്തന്നെ തിങ്ങിയുരുണ്ടുകൂടുകയാണ്, ആ മുഖത്ത് അഭ്രുതപൂർവ്വമായ ഒരു രൂക്ഷത! ഞാൻ അദ്ദേഹത്തെ ഉററു നോക്കിത്തുടങ്ങി. എൻെറ ജിജ്ഞാസ ചങ്ങല പൊട്ടിച്ചു കുതിക്കുകയാണ്!

"ഞാൻ തീപ്പെട്ടിയെടുത്തു കൊളുത്തി, വീട്ടിൻെറ പുറകിൽ ചെന്നിട്ട്. അവിടെ വൈക്കോൽ കുന്നു കൂടി കിടപ്പുണ്ട്. എൻെറ വയലിൽ കൃഷി ചെയ്തുണ്ടാക്കിയ നെല്ലിൻെറ വൈക്കോലാണത്. ആ വീടിനോട് തൊട്ടുരുമ്മിക്കിടക്കുകയാണ്. അതിന്നു് തീ കൊളുത്തി. അടുത്ത വീട്ടിലേക്കോടി. അതിന്നും തീ കൊടുത്തു. മൂന്നാമത്തെ വീട്ടിലേക്ക് ചെന്നു. തീ അതിന്നും പിടിപ്പിച്ചു!

അപ്പോഴേക്കും ബഹളമായി. നാലുഭാഗത്തുനിന്നും ആളുകൾ അങ്ങുമിങ്ങും ഓടിത്തുടങ്ങി. അവർ എന്നെ പിടികൂടും. തീർച്ചയാണ്. പക്ഷെ, അതിന്ന് അനുവദിച്ചു കൂടാ. എന്താണ് വഴി?

മൂന്നു പുരകളും അങ്ങിനെ ആളിക്കത്തുകയാണ്. നാലാമത്തെ വീട്ടിലേക്കും ഓടി. ഒളിച്ചുകൊണ്ടാണ് ഞാൻ അവിടെ എത്തിയത്. അവിടെയുള്ളവരെല്ലാം അടുത്ത വീട്ടിലേക്ക് ഓടിയിരിക്കുകയാണ്. കുട്ടികൾ മാത്രം അകത്തുനിന്നു നിലവിളിക്കുന്നുണ്ട്. ആ വീടിന്നും തീ കൊളുത്തിവിട്ടു. എല്ലാം ആളിക്കത്തുകയാണ്.

അല്പനിമിഷങ്ങൾക്കുള്ളിൽ ചാമ്പലാവും! ഞാനൊന്നു പൊട്ടിച്ചിരിച്ചുപോയി. പൈശാചികമായ ഒരു ചിരി. ഞാനറിയാതെതന്നെ അത് എന്നിൽനിന്നും പുറത്തു ചാടി. അതുകേട്ട് പലരും എൻെറ നേരെഓടിത്തുടങ്ങി. വടിയും, ടോർച്ചും, ചൂട്ടും, കത്തിയും മററുമായിട്ടാണ് അവരുടെവരവ്. ഞാനും ഓട്ടമായി. ഓടി ഓടി കുറെ ദൂരമെത്തി. അവിടെ വഴിയരികിൽത്തന്നെ ഒരു കിണറുണ്ട്. ഞാൻ അതിലേക്ക് ഒരൊററചാട്ടം-പൈശാചികമായ ഒരു ചിരിയോടെ!

ഞാൻ ഞെട്ടിയുണർന്നു, പെട്ടന്ന്! 'ഹയ്യോ!' എന്ന ഒരു നിലവിളിയോടെയാണത്.

"എന്താ എന്താ?" എന്നു ചോദിച്ചുകൊണ്ട് ഭാര്യ എൻെറ നേരെ ടോർച്ചടിച്ചു.

എനിക്കൊന്നും പറയാൻ കഴിഞ്ഞില്ല. അവൾ സ്വിച്ചിട്ടു. ആ വെളിച്ചത്തിൽ ഞാൻ ചുററുമൊന്നു കണ്ണോടിച്ചുനോക്കി. അപ്പോഴാണ്, കണ്ടതെല്ലാം സ്വപ്നമാണെന്ന് ബോദ്ധ്യമായത്!

തല്ക്കാലം അതിനെക്കുറിച്ച് ഒരെത്തും പിടിയും കിട്ടിയില്ല. മേലാകെയൊരു വേദന. എന്തെന്നില്ലാത്ത ഒരസ്വാസ്ഥ്യം എന്നെ അലട്ടി. പിന്നീടന്നു ഉറക്കമുണ്ടായില്ല!"

അങ്ങിനെ ആ കഥകഴിഞ്ഞു. മേനോൻെറ മുഖഭാവം ആകെയൊന്നുമാറി. ആ മുഖത്ത് ഒരു ഭയം പ്രത്യക്ഷപ്പെട്ടുകയാണ്!

എൻെറ മനസ്സിലുമുണ്ടായി, ഒരു അസ്വാസ്ഥ്യം.

"ഈ സ്വപ്നം ഒരിക്കലും യാഥാർത്ഥ്യമാവാതിരിക്കട്ടെ!" ഞാൻ മനസാ പ്രാർത്ഥിച്ചു!

# കാരുണ്യത്തിൽ

# പൊതിഞ്ഞ കാമം.

ഒരു മുടന്തനാണ്, രാധയുടെ ഭർത്താവ്. പക്ഷെ അവൾക്ക് അതിരററ സ്നേഹമാണ്. സ്വന്തം പ്രാണനോടുപോലും അത്രക്കുറില്ല. രണ്ടു പേരും അലഞ്ഞ് തിരിഞ്ഞ് പിച്ചവാങ്ങും. സന്ധ്യവരെ അതാണവരുടെ ജോലി. ആതാതു ദിവസം കിട്ടുന്നതുകൊണ്ട് കഴിഞ്ഞുകൂടും. അവരുടെ ജീവിതത്തിൽ അതൃപ്തിയുടെ നിഴൽ കാണുകയില്ല.

തെണ്ടികളാണവർ. കീറിമുഷിഞ്ഞ പഴന്തുണികളാണ് ധരിക്കുന്നത്. ചേറ് ധാരാളമുണ്ടാകും, ദേഹത്തിൽ. മാസത്തിൽ രണ്ടോ മൂന്നോ തവണമാത്രമെ കുളിക്കാറുള്ളൂ. സ്വതേവതന്നെ വിരൂപനാണ് മുടന്തൻ. ആ വൈരൂപ്യത്തിന്ന് മാററു കൂട്ടുകയാണ്, അവൻെറ വേഷം.

രാധ ഒരു സുന്ദരിയാണ്. ആ ദയനീയ നിലയിലും അവളിൽ ഒരു ആകർഷകത്വമുണ്ട്. കണ്ടാലാരും സൂക്ഷിച്ചുനോക്കിപ്പോകും. അതുകൊണ്ടു തന്നെയായിരിക്കാം, അവളിലാണ് മുടന്തൻെറ ശ്രദ്ധമുഴുവൻ. അവന് സ്നേഹത്തെക്കാൾ ആദരവാണ്, അവളോടുള്ളത്. രാധ അവൻെറ സർവ്വസ്വവുമാണ്.

ആ സൌന്ദര്യവും വൈരൂപ്യവും എങ്ങിനെ സംയോജിച്ചു? എന്തോ?—ആർക്കറിയാം?

നല്ലൊരുസായാന്തനം. ഇളംകുളിർ കാററ് വീശുന്നുണ്ട്. ആ പച്ചപ്പുൽ മൈതാനത്തിൽ രണ്ടു പേർ ഉലാത്തുകയാണ്. നടേശനും, ജേക്കബും. 'ഓറിയൻടൽ ഫിലിം കമ്പനി'യുടെ മാനേജരാണ് നടേശൻ. ജേക്കബ് അയാളുടെ 'കേമറാമേനും'. മനോരാജ്യങ്ങളിൽ മുഴുകിയിരിക്കുകയാണവർ.

"എന്തെങ്കിലും തരണേ, ബാബൂ! വിശപ്പ് സഹിക്കാൻ വയ്യേ!" രാധയാണ്; ആ അപേക്ഷ സമർപ്പിച്ചതു് അതോ, ദയനീയഭാവത്തിലും. നടേശന്ന് അതൊട്ടും പിടിച്ചില്ല. കുറെ ശകാരിക്കാനാണ് ആദ്യം തോന്നിയത്. ഇടയ്ക്കയാൾ അവളെയൊന്നു സൂക്ഷിച്ചുനോക്കി. അയാളറിയാതെതന്നെ കൈ പോക്കററിലേക്ക് നീങ്ങി. എട്ടണയാണ് കയ്യിൽ കിട്ടിയത്. അത് അവളുടെ കയ്യിലേക്ക് കുതിച്ചു. മുടന്തൻെറ മുഖത്ത് എന്തെന്നില്ലാത്ത ഒരത്ഭുതരസം കളിയാടി. അവൻ അയാളെയൊന്നു ശ്രദ്ധിച്ചുനോക്കി.

നടേശൻ തിരിഞ്ഞു, അതു് ശ്രദ്ധിക്കാതെ. സിഗരററു കൊളുത്തി. ആ പുകച്ചുരുളുകളോടൊപ്പം എന്തൊക്കെയോ ചില മനോരാജ്യങ്ങളും അയാളുടെ മനസ്സിൽ കറങ്ങുകയാണ്. അങ്ങിനെ കുറച്ചുനേരം മുമ്പോട്ടു നീങ്ങി നടേശനും, ജേക്കബും. നടേശൻ തൻെറ കൂട്ടുകാരനെയൊന്നുനോക്കി. തല ചൊറിഞ്ഞു കൊണ്ട് പറഞ്ഞു—

"എന്താ—സാധനം തരക്കേടുണ്ടോ? പറയുമോ?"

ജേക്കബ് വീണ്ടും അവളെയൊന്നു തിരിഞ്ഞു നോക്കിക്കൊണ്ടു് പറഞ്ഞു—

"തരക്കേടില്ല. ഒപ്പിക്കാം."

"നമ്മുടെ ലെയിററസ്റ്റ് ഫിലിമുണ്ടല്ലോ— "ടാജ് മഹലിലെ പിച്ചക്കാരി." അതിൽ നായികയുടെ പാട്ട് കൊടുത്താലെന്താ

"എനിക്ക് വിരോധമൊന്നുമില്ല. പക്ഷെ, 'ലൽ ഫിന്ന'യുടെ ഭാഗമല്ലെ? വിജയിക്കുമോ?"

"അതിന്നൊക്കെ ഞാനില്ലേ?" വലംകൈകൊണ്ടുള്ളൊരു കളിയാണിത്."

നടേശൻെറ ഹൃദയം രാധയുടെ പിന്നാലെ, ഓട്ടകയായിരുന്നു, വാസ്തവത്തിൽ. അതറിയാനുള്ള കഴിവ് ജേക്കബിനുമുണ്ട്. നടേശൻെറ ഹൃദയമറിഞ്ഞു പ്രവത്തിക്കുന്ന ഏക വ്യക്തിയാണയാൾ. ഉടനെ തന്നെ ആ പിച്ചക്കാരനെ സമീപിച്ചു.

"ഇവിടെ വരൂ. ചോദിക്കട്ടെ. എന്തിനാ ഇങ്ങിനെ വെറുതെ അലഞ്ഞു തിരഞ്ഞു നടക്കുന്നത്?"

"ജീവിക്കാൻ വേണ്ടിയാണേ!"–മുടന്തനാണ് മറുപടി പറഞ്ഞത്. ജേക്കബ് വിട്ടില്ല. വലിയൊരു ദയാലുവിൻെറ ഭാവത്തിൽ പറഞ്ഞു.

"അതിനെന്താ വെഷമം? സുഖമായി ജീവിക്കാനുള്ള വഴി ഞാനുണ്ടാക്കിത്തരാം. എൻെറ ഒപ്പം വന്നുകൊള്ളു."

അവരുടെ മുഖത്ത് എന്തൊക്കെയോ സംശയങ്ങൾ ജനിച്ചു. ജേക്കബ് അത് ശ്രദ്ധിക്കാതിരുന്നില്ല.

"ആട്ടെ, ഇവൾക്ക് സിനിമയിൽ അഭിനയിക്കാനൊക്കുമോ? ധാരാളം പണം കിട്ടും. എന്താ, വെഷമമുണ്ടോ? ഞങ്ങൾ സിനിമയുടെ ആളുകളാ."

രാധ ഭർത്താവിൻെറ നെരെനോക്കി അവളുടെ ആശയം അവനു മനസ്സിലായി. ചെറിയൊരു പ്രതീക്ഷ അവനിലും അങ്കുരിച്ചു.

"ആട്ടെ, എന്തുകിട്ടും?"

അപ്പോഴേക്കും നടേശനും അവിടെയെത്തി. ജേക്കബ് അയാളെയൊന്നു നോക്കി. നടേശൻ തന്നെ പറഞ്ഞു, ആലോചനാഭാവത്തിൽ.

"അഞ്ഞൂറു രൂപ തരാം. നന്നായാൽ അധികം കിട്ടും."

"അഞ്ഞൂറു രൂപയോ?"—മുടന്തൻെറ ഹൃദയം സന്തോഷം കൊണ്ട് തുള്ളിച്ചാടി. പക്ഷെ, ചെറിയൊരു സംശയം. "അതിന്ന് എന്തൊക്കയാവേണ്ടത്.?"

"വിശേഷിച്ചൊന്നും വേണ്ടതില്ല. ഇതേരൂപത്തിൽ ഇവളുടെ ഫോട്ടോ എടുക്കണം. അത്രതന്നെ. ആട്ടെ, വരാൻ തയ്യാറുണ്ടോ?"-നടേശൻ ഗൌരവം വിടാതെ ചോദിച്ചു.

"ഓഹോ. വന്നുകൊള്ളാം."—ഭാണ്ഡം ഒതുക്കിക്കൊണ്ട്, മുടന്തനാണ് മറുപടി പറഞ്ഞത്. രാധയിലും എന്തെന്നില്ലാത്ത ഒരു സന്തോഷം ഓളംതല്ലിത്തുടങ്ങി.

ജേക്കബ് ഉടനെ ഡ്രൈവറെ വിളിച്ചു. എല്ലാവരും കാറിൽ കയറി. ഒരു മണിക്കൂറിന്നുള്ളിൽ സ്റ്റുഡിയോവിലെത്തി.

നടന്മാരും നടികളും ചുററും വന്നുകൂടി. രണ്ട് പിച്ചക്കാരെയും കൂട്ടി വന്നിരിക്കയല്ലേ, മേനേജരും കേമറാമേനും. കാറിൽ കയററിയാണ് കൊണ്ടുവന്നതും. അവരുടെ ജിജ്ഞാസ എങ്ങിനെ അടങ്ങിയിരിക്കും?

ച്ചറവും ഒരു 'കുശുകുശുപ്പ്'! ആ പിച്ചക്കാരി നായികയുടെ പാട്ട് അഭിനയിക്കാൻ വന്നിരിക്കയാണ്. അതോ, "ടാജ്മഹ"ലിലെപിച്ചക്കാരിയിലും! പെട്ടന്നു ചിരി വന്നുപോയി അവർക്ക്! അവരുടെയെല്ലാം ചിന്താവിഷയമായി മാറി, നടേശൻ ക്രമേണ ആ 'കുശുകുശുപ്പ്' 'മുറുമുറു'പ്പായി രൂപാന്തരപ്പെട്ടു.

"തനി കഴുതയാണിയാൾ!"

"ഇയാളെങ്ങിന്യാ മേനേജരായത്?"

"അത്യാഗ്രഹത്തിന്നും വേണ്ടേ ഒരതിരൊക്കെ?"

"അയാളെന്താണ് ചെയ്യുന്നതെന്ന് അയാളറിയുന്നില്ല"

"ഇതുകൊണ്ടുതന്ന്യാ, ഈ കമ്പനീടെ ഫിലിമൊന്നും നന്നാവാത്തത്."

"വാസ്തവം. വെറുതെ നമ്മുടെ പേരുകൂടി ചീത്തയാക്കാമെന്നു മാത്രം.

"ഞാൻ ഈ കമ്പനി വിടാൻ നിശ്ചയിച്ചിരിയ്ക്കാ"

"അതാ, നല്ലത്. ഇവിടെ നമ്മളൊന്നും സാരൊല്ല്യ."

"ഓരോ ദിവസവും പുതിയ പുതിയ താരങ്ങൾ വേണം."

അങ്ങിനെ നീണ്ടുപോയി, നടീനടന്മാരുടെ മുറുമുറുക്കൽ.

നടേശൻ അതൊന്നും അത്ര ശ്രദ്ധിച്ചില്ല. അയാൾ തന്റെ പരിപാടികൾ ആസൂത്രണം ചെയ്യുകയാണ്. ആ പിച്ചക്കാരെ രാജകീയവേഷത്തിൽ ഒന്നു കാണണം. അതിന്ന് വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു.

സമയം സന്ധ്യയായി. വൈദ്യുത ദീപങ്ങൾ ചുററും പ്രകാശിച്ചു. നടേശൻെറ ഹൃദയം പ്രതീക്ഷാനിർഭരമായിരിക്കുകയാണ്!

അതാ, വരുന്നു—ഒരു സൗന്ദര്യ്യറാണി! നടേശൻ അവളെ ഉററുനോക്കി. ആദ്യം അയാളുടെ കണ്ണുകൾക്ക് വിശ്വാസ്യമായില്ല, ആ കാഴ്ച! ജേക്കബ് അമ്പരന്നുപോയി! എങ്ങിനെ അമ്പരക്കാതിരിക്കും? നടേശൻെറ നിരീക്ഷണ പാടവം മുഴുവൻ ഒന്നായി ഉടലെടുത്തു പ്രത്യക്ഷപ്പെട്ടുകയില്ലേ? നടീനടന്മാർ ഒന്നു പരിഭ്രമിക്കുകതന്നെ ചെയ്തു!

അതെ, പാടേ മാറിക്കഴിഞ്ഞിരുന്നു, രാധ! മുമ്പു കണ്ട പിച്ചക്കാരിയാണെന്നേ, തോന്നുകയില്ല! സൌന്ദര്യ്യറാണിയായി മാറിയിരിക്കയാണവൾ! ആ വേഷഭൂഷണങ്ങൾക്കിടയിൽ നവ യൌവനം തുളളിത്തുളുമ്പുകയാണ്! ആ പിച്ചക്കാരിയിൽ ഇത്രയും സൌന്ദര്യ്യം ഒളിഞ്ഞു കിടന്നിരുന്നുവെന്നോ? ഇതെന്തൊരത്ഭുതം! ജേക്കബ് സ്വപ്നത്തിൽപോലും ഇതോർത്തതല്ല. നടേശൻെറ ഹൃദയത്തിൽ ആനന്ദം തിരതല്ലുകയാണ്. അത്ഭുതപൂർവ്വമായ ഒരു സംതൃപ്തി ആ മുഖത്തു കാണാം.

പിന്നാലെയാണ് മുടന്തൻെറ വരവ്. അവൾക്ക് കണ്ണുകൊളളുമായിരുന്നു, അവൻ വന്നില്ലെങ്കിൽ! തനി വേക്കോലം തന്നെ. ലോകത്തിലെ കോമാളിത്തം ഒന്നാകെ ഉടലെടുത്തുവരികയാണ്! അങ്ങിനെ തോന്നും അവനെ കണ്ടാൽ. എല്ലാവരും ഒരുപോലെ പൊട്ടിച്ചിരിച്ചുപോയി!

നടേശൻ ആ കോമാളിയെ ഒന്നുതിരിഞ്ഞു നോക്കുകകൂടി ചെയ്തില്ല. അയാളുടെ കണ്ണും കരളും മുഴുവൻ രാധയിലാണ്—ആ സൌന്ദര്യ്യറാണിയിൽ!

"വരൂ രാധേ, ഇവിടെ അടുത്തിരിക്കൂ!"— നടേശ ൻെറ ഹൃദയത്തിൽനിന്നാണ് ആ വാക്കുകൾ പുറത്തു ചാടിയത്! മാദകവികാരം ഓളം വെട്ടുകയാണവയിൽ!

രാധ അല്പം അടുത്തുചെന്നു. അവളുടെ മുഖത്തു ലജ്ജ വിരിയുകയാണ്. അത് ആ സൌന്ദര്യത്തെ കൂടുതൽ ആകർഷകമാക്കി.

"രാധേ, നിനക്ക് ഞാൻ അഞ്ഞൂറല്ല, എണ്ണൂറാണ് തരാൻ പോകുന്നത്! ഒരിക്കൽ മാത്രമല്ല. ഓരോമാസവും തരും! ഇങ്ങിനെ ലജ്ജിക്കയൊന്നും വേണ്ട. ഇവിടെ ഇരുന്നോളൂ. പിന്നെ,-കേട്ടോ. വരുന്ന ബുധനാഴ്ച ആഗ്രയ്ക്കുപോകണം. അവിടെയാണ്, ടാജ്മഹാൾ. കേട്ടിട്ടുണ്ടോ? ആ. അവിടെവെച്ചാണ് നിൻെറ ഫോട്ടോ എടുക്കേണ്ടത്. മനസ്സിലായോ?"

"അപ്പോ......ഞാനോ?"—നേരിയ സംശയത്തോടേ മുടന്തൻ ചോദിച്ചു.

ആ ചോദ്യം നടേശനു അത്ര പിടിച്ചില്ല. ഒരു വെറുപ്പാണ് തോന്നിയത്. എങ്കിലും അത് വെളിപ്പെടുത്താതെ പറഞ്ഞു

"നീ വരണമെന്നില്ല. അവിടെ നാലാളുകളേ, വേണ്ടു—രാധ, ഞാൻ, കേമറാമേൻ, ഒരു പിയൂൺ."

മുടന്തൻെറ ഉത്സാഹം നിലച്ചു. എന്തൊക്കെയോ സംശയങ്ങൾ അവൻെറ മനസ്സിൽക്കൂടെ പറന്നുപോയി. അവൻ വിട്ടില്ല.

"രാധയെ തനിയെ അയക്കാൻ പററില്ല. ഞാനും കൂടെ ഉണ്ടായിരിക്കണം."

"അതൊന്നും വേണമെന്നില്ല."

"ഉണ്ട്. ഞാൻ ഒരുമിച്ചുണ്ടാവണം. എന്നാലേ അവളെ അയക്കു"

"അതൊന്നും സാദ്ധ്യമല്ല. ഞാൻ പറയുന്നത് അനുസരിച്ചുകൊള്ളണം. കമ്പനി മേനേജരാണ് പറയുന്നതെന്നു ഓക്കണം!"

മൂടന്തൻ ഭീഷണികൾക്ക് വഴിപ്പെട്ടില്ല. പല പ്രലോഭനങ്ങളും നല്കിനോക്കി. പിരട്ടും മിരട്ടും—ഒക്കെ പരാജയപ്പെട്ടു. തല്ക്കാലം ആലോചനകൾ നിർത്തിവെച്ചു.

നടേശനും ജേക്കബ്ബും തമ്മിലായി പിന്നത്തെ കൂടിയാലോചനകൾ.

"ആ മൂടന്തനൊരു തെമ്മാടിയാണ്. പറഞ്ഞതൊന്നും അനുസരിക്കാൻ ഭാവമില്ല. രാധയെ ഒരു നിമിഷത്തേക്കുപോലും വേർപെടാൻ വിടുന്നമട്ടല്ല, അവനിൽ കാണുന്നത്. കാര്യം ആകപ്പാടെ വിഷമത്തിലായല്ലോ. എന്താ മാർഗ്ഗം?"

"ഇതൊന്നും സാരമാക്ക്യാ. എന്തിനാ ഇതിനൊക്കെ വെറുതെ തല പുണ്ണാക്കുന്നത്? ആ പിച്ചക്കാരിയേക്കാളും നല്ലനല്ല ചരക്കുകൾ എത്രയുണ്ട്! രണ്ടെണ്ണോം പോയിത്തുലയട്ടേന്ന്!"

"പക്ഷെ, രാധ—" നടേശൻ ഒരു നെടുവീർപ്പിട്ടു. "അവളുടെ കാര്യമൊന്നു വേറെത്തന്നെ. ആ കണ്ണുകളിൽ മാദകമായ ഒരു ലഹരിയുണ്ട്. അതെൻെറ കണ്ണും കരളും കവർന്നുകഴിഞ്ഞു. ആ സൌന്ദര്യധാമത്തെ എനിക്കൊന്നു ആസ്വദിക്കണം—മതിവരുവോളം. ഇല്ലെങ്കിൽ എനിക്ക് ആധി പിടിച്ചുപോകും. വേറെ നല്ല നല്ല ചരക്കുകളുണ്ടെങ്കിൽ ആസ്വാദനവും വേറെവേറെയാകാം.

എന്നാലും രാധയെ അങ്ങിനെ വിടാനൊക്കില്ല. ജേക്കബ്, ഈ ആഗ്രഹം സാധിച്ചില്ലെങ്കിൽ ഞാൻ ക്ഷയം പിടിച്ച് മരിച്ചുപോകും. തീർച്ചയാണ്!"

ജേക്കബിൻെറ തല തിരിഞ്ഞുതുടങ്ങി. അയാൾ അല്പനേരം ആലോചനയിൽ മുഴുകി. ആലോചനാഭാവത്തിൽത്തന്നെ പറഞ്ഞു.

"ആ മടന്തൻ ജീവിച്ചിരിക്കുന്നേടത്തോളം അത് സാദ്ധ്യമല്ല. അവൻ അവളെ അത്യധികം സ്നേഹിക്കുന്നുണ്ട്......ശരി. ഏതായാലും ഒരുമിച്ചു വന്നുകൊള്ളട്ടെ. വഴിക്കുവെച്ച് കാര്യം ശരിപ്പെടുത്താം. ശത്രുന്തരമില്ലെങ്കിൽ തറിച്ചു യമുനയിലിടുകതന്നെ. പിന്നെ രാധ നമ്മുടെ കൈപ്പിടിയിലായ്ക്കൊള്ളും!"

"ഭേഷ്! അതുതന്നെ മാർഗ്ഗം!" നടേശന്ന് സമാധാനമായി. അങ്ങിനെ ആ കൂടിയാലോചന ഒരു തീരുമാനത്തിലെത്തി.

എല്ലാവരും ഒന്നാംക്ലാസ്സിലാണ്, യാത്ര ചെയ്യുന്നത്. നടേശൻ രാധയുടെ സൌന്ദര്യത്തിൽ മുഴുകിയിരിക്കുകയാണ്. കാമലഹരി തിങ്ങിനിറഞ്ഞിരിക്കുകയാണ്, ആ കണ്ണുകളിൽ. ആ കൈകൾ ഏതുനിമിഷവും മുമ്പോട്ടു കുതിച്ചേയ്ക്കും!

ജേക്കബും സൌന്ദര്യാസ്വാദനത്തിൽത്തന്നെയാണു മുഴുകിയിരിക്കുന്നത്. അയാളുടെ മുമ്പിൽ പാരീസ്സിലെ വേശ്യകളുടെ നഗ്നചിത്രങ്ങൾ കാണാം. ആ നഗ്നസൌന്ദര്യങ്ങൾ മാറി മാറി ആസ്വദിക്കുകയാണയാൾ.

അതിലൊന്നും മടന്തൻെറ കണ്ണുകൾ പതിയുന്നില്ല. അവൻ ജനലിൽക്കൂടി പുറമേക്ക് നോക്കുകയാണ്.

പ്രകൃതിലാവണ്യം ആസ്വദിക്കുകയാണെന്നുതോന്നും, കണ്ടാൽ.

യഥാർത്ഥത്തിൽ പിടച്ചുകൊണ്ടിരിക്കുകയാണ്, മുടന്തൻെറമനസ്സ്. നടേശൻെറ ഭാവഭേദങ്ങൾ അവൻ മനസ്സിലാക്കി. തൻെറ സ്നേഹഭാജനം—ഒരു പക്ഷേ താനും അപകടത്തിലാണിപ്പോൾ. അവൻെറ ഹൃദയം ജ്വലിച്ചു തുടങ്ങി. എന്താണ് പോംവഴി? അവൻ ആലോചിച്ചു. നടേശൻെറ കഥ കഴിക്കണം. അതേ രക്ഷാമാർഗ്ഗമുള്ളു. സർവ്വകഴിവും അതിന്നാണ് ഉപയോഗിക്കേണ്ടത്. ഇല്ലെങ്കിൽ ജീവിച്ചിരുന്നിട്ട് കാര്യമില്ല. അങ്ങിനെ അവൻ ചൂടുപിടിച്ച ചിന്തയിൽ മുഴുകി.

അവൻെറ കൺമുമ്പിൽക്കൂടി കുതിച്ചോടുകയാണ് മനോഹരമായ കാഴ്ചകൾ. വയലുകൾ, പർവ്വതങ്ങൾ, വയലുകൾ—അങ്ങിനെ പലതും. ഒന്നും രണ്ടുമല്ല ആയിരക്കണക്കിൽ!

പക്ഷേ, അതിലൊന്നും അവൻെറ ശ്രദ്ധ പതിഞ്ഞില്ല. നടേശൻെറ ഓരോ ശബ്ദവും അവൻെറ ഹൃദയത്തിൽ ആഞ്ഞുതറക്കുകയാണ്. പൈശാചികമായ കാമത്തിൻെറ വികാരവായ്പ് തുളുമ്പുകയാണ്, അതിലെല്ലാം. അതവൻ എങ്ങിനെ സഹിക്കും? ആ പൊട്ടിച്ചിരികൾ അട്ടഹാസങ്ങളായി മുഴങ്ങുകയാണ്. ശരീരമാകെ കോരിത്തരിച്ചുപോവുകയാണ്, ഓരോന്നും കേൾക്കുമ്പോൾ! ആ മുടന്തൻെറ ഹൃദയം വികാരവിജ്രംഭിതമായി! ഒരൊററ കുതിക്കൽ! നടേശൻെറ കഴുത്തു അവൻെറ ഇരുമ്പുമുഷ്ടികൾക്കുള്ളിൽഞെരിയും! ചാടിവീഴലും ഞെരിക്കലും ഒരുമിച്ച്—ഒരേയൊരു നിമിഷത്തിൽ... !

പെട്ടെന്ന് എല്ലാവരുമൊന്ന് ഞെട്ടിപ്പോയി! കുതിച്ചോടുന്ന വണ്ടിക്ക് ആകെയൊരു കുലുക്കം! എല്ലാവരും പേടിച്ചു വിറച്ചു. എന്ത്—എന്തുപററി? ആലോചിക്കാൻ സമയമില്ല. അപ്പോഴേക്കും വണ്ടി മറിഞ്ഞുകഴിഞ്ഞു!

അനവധിപേർക്ക് പരുക്കുകൾ പററി. പലരും മരിച്ചു. നിരവധിയാളുകൾ ചതഞ്ഞുപോയിരിക്കുകയാണ്. എവിടെനോക്കിയാലും രക്തക്കളം! കേൾക്കുന്നതെല്ലാം ആർത്തനാദം! അതെ, മരണത്തിന്റെ ഭീകരരംഗം!

വിരിപ്പിന്നടിയിൽ പതുങ്ങിയിരുന്നു, ആ മുടന്തൻ. ആ ഹൃദയം ശക്തിയിൽ മിടിക്കുകയാണ്! പെട്ടന്നു ആരോ വിരിപ്പുനീക്കി. അവനെ എഴുന്നേല്പിച്ചു. അവന്റെ സ്നേഹഭാജനം തന്നെയായിരുന്നു, അത്. അവരുടെ ഹൃദയങ്ങൾ സന്തോഷാധിക്യംകൊണ്ട് തുള്ളിപ്പോയി!

അവർ ചുററുമൊന്നു കണ്ണോടിച്ചു.

പലകകൾക്കിടയിൽ ചതഞ്ഞു കിടക്കുകയാണ്, നടേശൻ. തുറിച്ച കണ്ണുകൾ—ഉടഞ്ഞ തല—ചതഞ്ഞ ഉടൽ! രക്തം തുരുതുരെ പ്രവഹിക്കുന്നു.

അടുത്തുതന്നെയുണ്ട്, ജേക്കബ്ബും. ഉടലും തലയും വേർപെട്ടുകിടക്കുന്നു. ആ നഗ്നചിത്രങ്ങൾ ചുററും ചിതറിക്കിടക്കുന്നുണ്ട്!

ഹാവൂ! ആശ്വാസത്തിന്റെ നെടുവീർപ്പുകളാണ് മുടന്തന്റെ ഹൃദയത്തിൽനിന്നും ഉയർന്നത്!

പെട്ടന്നു അവനെന്തോ ഓർത്തു. നടേശനെ സമീപിച്ചു. പോക്കറെറാന്നു തപ്പിനോക്കി. അയ്യായിരം

രൂപയുടെ പുതിയ നോട്ടുകൾ! അവൻെറ സന്തോഷം അണപൊട്ടിയൊഴുകി! ഒരു ചെറുചിരിയോടെ അതെല്ലാം അവൻെറ കീശയിലേക്ക് നീങ്ങി.

"രാധേ, ഒന്നെൻെറ കൈപിടിക്കൂ. മേലാകെയൊരു വേദന. എവിടെയെങ്കിലും ചെന്നു ഇത്തിരി വിശ്രമിക്കണം!"

ആ സ്നേഹഭാജനം അവനെ അനുസരിച്ചു. ഭീകരമായ ആ രംഗത്തിൽനിന്നും അവർ പരസ്പരം കൈകോർത്തു പിടിച്ചുകൊണ്ട് മുന്നോട്ട് നീങ്ങി. വിജയോത്സവം ആഘോഷിക്കുവാൻ വെമ്പൽകൊള്ളുന്ന ഒരു ചക്രവർത്തിയുടെ ഭാവം അവനിൽ തെളിഞ്ഞുകാണാം.

അങ്ങിനെ ആ വൈരൂപ്യവും സൌന്ദര്യവും പരസ്പരം മുട്ടിയുരുമ്മിക്കൊണ്ട് മരക്കൂട്ടത്തിൽ മറഞ്ഞു!

[ആശയം: ഹിന്ദിയിൽനിന്ന്]

# തല തിരിഞ്ഞ പ്രണയം

എങ്ങിനെ നടന്നുപോവും? അസഹ്യമായ വെയിൽ. അങ്ങോട്ടു നോക്കാൻതന്നെ പ്രയാസം. വിയർത്തൊലിക്കുന്നുണ്ട്. ആൾത്തിരക്കിൽനിന്ന് ഞെങ്ങിഞെരുങ്ങി. മേലാകെ വേദനിക്കുകയാണ്. ഒരാഴ്ചത്തെ സുഖചികിത്സ തന്നെ വേണ്ടിവരും. എന്നാലേ ഭേദപ്പെടുകയുള്ളൂ. എന്തു ചെയ്യും? കൂടാതൊക്കുമോ? ഏതായാലും നടക്കുക തന്നെ. ചെരിപ്പുണ്ടല്ലോ.

ഛെ: വയ്യ! ഒന്നരനാഴിക നടക്കണ്ടേ? അതോ, പൊരിയുന്ന വെയിലത്തും! പോരാത്തതിന്ന് നിരത്ത് താറിട്ടതുമാണ്. സാദ്ധ്യമല്ല.

"വണ്ടിവേണോ? സാറേ, വണ്ടിവേണോ?–വണ്ടി?" ഔചിത്യപൂർവ്വം ഉയർന്നൊരു ചോദ്യം. ഞാൻ തിരിഞ്ഞു നോക്കി. ഒരു ചെറുപ്പക്കാരൻ എന്നെ ഉററുനോക്കുകയാണ്. കീറിപ്പറിഞ്ഞൊരു കുപ്പായം. അതിന്ന് യോജിച്ച ട്രൌസറ്. തലയിലൊരു കെട്ടും. അതാണവൻെറ വേഷം. ആരോഗ്യം കുറയും. ആ കുഴിഞ്ഞ കണ്ണുകളിൽ ആശയും നിരാശയും മാറിമാറി സ്ഫുരിക്കുകയാണ്. ഞാനവൻെറ ഔചിത്യബോധത്തെ മനസാ അഭിനന്ദിച്ചു.

അവനെ എവിടെയോ കണ്ടതുപോലൊരു തോന്നൽ. ശരിയായിരിക്കാം. ഇങ്ങനെ എത്രപേരെ കാണുന്നുണ്ട്? അവരെയൊക്കെ പരിചയപ്പെടാനൊക്കുമോ? എങ്കിൽപോലും, എങ്ങിനെ ഓർമ്മിക്കും?

"വണ്ടി കൊണ്ടുവരട്ടേ സാറേ? വീണ്ടും ഉയരുകയാണ്, ചോദ്യം.

ഞാൻ വാച്ചുനോക്കി. സമയം പന്ത്രണ്ടര കഴിഞ്ഞു. വണ്ടിയിറങ്ങിയ ഉടനെ വെളിയിലേക്കു വന്നതാണ്. ഒട്ടും താമസിക്കേണ്ടിവന്നില്ല. കാരണം, സുഹൃത്തുക്കളൊന്നും മുമ്പിൽ പെടാഞ്ഞതുതന്നെ. അല്പം മനസ്സിരുത്തേണ്ടിയും വന്നിട്ടുണ്ട്. വേഗം നടന്നുകളയാമെന്നായിരുന്നു, ഉദ്ദേശം. പക്ഷെ, പുറത്തിറങ്ങിയപ്പോഴാണ് കാര്യം പരുങ്ങലിലാണെന്ന് ഓർത്തത്. ഭാര്യവീട്ടിലേക്കുള്ള യാത്രയാണ്. ഈ പൊരിവെയിലത്ത് നടന്നുപോകുന്നത് അവിടുത്തുകാർ കണ്ടാലോ? സുശീല ആക്ഷേപിക്കുകതന്നെ ചെയ്യും. അവൾക്ക് വലിയ ഔചിത്യബോധമൊന്നുമില്ല. ആരുടെ മുമ്പിൽവെച്ചായാലും ശരി. വായിൽ തോന്നിയതങ്ങു തട്ടിമൂളിക്കും. അതാണവളുടെ സ്വഭാവം. കയ്യിൽ പണം കുറവാണുതാനും. കുറെ ശീലത്തരങ്ങൾ എടുക്കണമെന്നുമുണ്ട്. എന്താണ് മാർഗ്ഗം? ആളുകളുടെ കൂട്ടത്തിൽവെച്ച് അവളെന്നെ പിശുക്കനൊക്കിയാലോ? അതു പററില്ല. പണത്തിന്നു മുട്ടിയാൽ മററു വല്ല വഴിയും നോക്കാം. ഏതായാലും നടന്നുപോകുന്നത് ശരിയല്ല.

"എന്താ സാറേ ഒന്നും മിണ്ടാതെ......"

"ഉം?" ആലോചനയിൽനിന്നുള്ള ഉണർച്ചയുടെ മൂളലായിരുന്നു, അത്. പക്ഷെ, അവനതിനെ സമ്മതമായി കണക്കാക്കി.

അവൻ വണ്ടിയുമായി തിരിച്ചെത്തി. അടുത്തുതന്നെയുണ്ടായിരുന്നു, അത്. നേരിയൊരു സന്തോഷം അവൻെറ മുഖത്ത് സ്ഫുരിച്ചു. അതെ, ഞാൻ നിഷേധിക്കാതിരുന്നപ്പോൾ. അതോടൊപ്പംതന്നെ ഒരു സംതൃപ്തിയും തെളിഞ്ഞു.

വണ്ടിയിൽ കയറി. അതങ്ങിനെ നീങ്ങുകയാണ്. മനസ്സാക്ഷിക്ക് വലിയ തൃപ്തിയൊന്നും തോന്നിയില്ല. ശാരീരികാവശ്യം വിജയിച്ചുവെന്നു മാത്രം. ആ അസംതൃപ്തിക്ക് കാരണമുണ്ട്. എൻെറ തത്വസംഹിതയാണതിന്ന് പ്രേരകം. മനുഷ്യൻ മനുഷ്യനെ വഹിച്ചുകൊണ്ടുപോവുക. അതോ, ഉപജീവനത്തിന്നു വേണ്ടിയും. എനിക്കത് ഇഷ്ടമല്ല. എങ്കിലും സന്ദർഭത്തിൻെറ സമ്മർദ്ദമല്ലേ? എങ്ങിനെ വഴങ്ങാതിരിക്കും? പല ത്യാഗങ്ങളും സഹിക്കേണ്ടിവരാറുണ്ട്. അക്കൂട്ടത്തിൽ ഇതും. അത്ര തന്നെ. പണം വലിയ പ്രശ്നമൊന്നുമല്ല. അതെവിടെനിന്നായാലും ഉണ്ടാക്കാം. എങ്കിലും തത്വസംഹിത! അതെന്നെ പലപ്പോഴും വിഷമിപ്പിക്കാറുണ്ട്. അഥവാ, ആദർശംതന്നെ ശാപമാവാറില്ലേ? അങ്ങിനെ നീണ്ടുപോയിത്തുടങ്ങി, തത്വവിചാരം.

പെട്ടെന്ന് വണ്ടിനിറുത്തി. തിരിഞ്ഞുനോക്കിക്കൊണ്ട് അവൻ ചോദിച്ചു.

"എവിടേയ്ക്കാ, സാറേ?"

"മെയിൻ റോഡിലൂടെ നേരെ കിഴക്കോട്ട്. ആ കവലയിൽനിന്നു വടക്കോട്ടു തിരിച്ചോളൂ." വീണ്ടും നീങ്ങിത്തുടങ്ങി, വണ്ടി. വീട്ടുപേരൊന്നും പറഞ്ഞില്ല. അവനെന്തറിയാം? കേവലമൊരു കൂലിക്കാരൻ. പറഞ്ഞേടത്തേക്ക് കൊണ്ടുപോകുമെന്നുമാത്രം. കാളകളെയും കുതിരകളെയുംപോലുള്ള ഒരു ജീവി. അതെ, ഒരു ഇരുകാലിമൃഗം. അത്രേയുള്ളൂ. അല്ലെങ്കിൽ ഈ പൊരിവെയിലത്ത് ഓടുമോ? അതോ താറിട്ടറോഡിലൂടെയും. കാളയ്ക്കും മററും ലാടൻ തറക്കും. അവന്ന് അതുമില്ല.

കേവലം നഗ്നമാണ് ആ പാദങ്ങൾ. ഉപജീവനത്തിന്നു വേണ്ടി, അതും സഹിക്കുകയാണ്.

ഇടയ്ക്കവൻ ഒന്നു തിരിഞ്ഞുനോക്കി. ആ മുഖം ഞാനൊന്നുകൂടി സൂക്ഷിച്ചു.

ഏതാണ്, ഈ വണ്ടിക്കാരൻ? എവിടെയോ കണ്ടു പരിചയിച്ചതുപോലെ തോന്നുന്നല്ലോ. വീണ്ടും ആ വിചാരം എന്നെ അലട്ടിത്തുടങ്ങി. പലപ്പോഴും ജിജ്ഞാസ അനാവശ്യമാവാറുണ്ട്. എന്നാൽ ഇത് അങ്ങിനെയല്ല. ഒരു തറവാടിത്തം അവനിൽ തെളിഞ്ഞുകാണാം. ആകൃതിയിലും പ്രകൃതിയിലും അതുണ്ട്. ഏതായാലും അന്വേഷിക്കുകതന്നെ. എങ്ങിനെയാണ് തുടങ്ങേണ്ടത്?

വേഗം നടക്കുകയാണ് അവൻ: മുന്നോട്ടു ആഞ്ഞു വലിച്ചുകൊണ്ട്. ചിലപ്പോഴൊക്കെ ഓടുകയും ചെയ്യുന്നുണ്ട്.

ആളുകൾ നന്നേ കുറവാണ്, പാതയിൽ. അധിക പീടികകളും പൂട്ടിയിരിക്കുകയാണ്. ഞായറാഴ്ചയായതു കൊണ്ടായിരിക്കാം. അതൊന്നും അവൻ ശ്രദ്ധിക്കുന്നില്ല. യാന്ത്രികമായി മുന്നോട്ടു നീങ്ങുന്നുവെന്നുമാത്രം. ഏതായാലും പററിയ അവസരംതന്നെ.

"എന്താ പേര്?" ഞാൻ ചോദിച്ചു. അവൻ കേട്ടില്ല. ഒന്നുകൂടെ ഉറക്കെയായി പിന്നത്തെ ചോദ്യം. ഒരുപക്ഷെ, ചെകിടിന്റെ കാര്യം പരുങ്ങലിലാണെങ്കിലോ? അല്ലെങ്കിൽ, വല്ല ആലോചനയിലും മുഴുകിയിരിക്കാം. ആവർത്തിക്കുന്നതാണ് ശരി.

"തന്റെ പേരെന്താണ്?"

"എന്താ സാറേ?—പേരോ?"

"അതെ."

"ദാമോദരൻ."

"എവിട്യാ സ്വദേശം?"

"അങ്ങ് വടക്കാ."

ഞാനും ഒരു വടക്കൻ തന്നെ. അപ്പോൾ ഒരു മമത തോന്നാതിരിക്കുമോ?

"ഇവിടെ എത്രകാലമായി വന്നിട്ട്?"

"ഒന്നര മാസത്തോളമായി."

"ഇതിന്ന് മുമ്പ്?"

"പലദിക്കിലും ചുററിത്തിരിഞ്ഞു."

"ജോലി?"

"വിശേഷിച്ചൊന്നും ഉണ്ടാന്നില്ല. ചുമട്ടുകാരനായാണ് കഴിഞ്ഞുകൂടിയത്. ഇവിടെ വന്നതിൽ പിന്നെ ഇതു തന്നെ."

ഇത്രയുമായപ്പോഴേക്കും, ജിജ്ഞാസ വർദ്ധിച്ചു. ചോദ്യത്തിന്ന് ഉത്തരം കിട്ടുന്നുമുണ്ടല്ലോ.

"ഭാര്യാമക്കളൊക്കെ ഇല്ലേ?"

"ഉണ്ടെന്നാതോന്നുന്നത്."

നേരിയ വിഷാദച്ഛായ അതിൽ നിഴലിച്ചു. അതെൻെറ ജിജ്ഞാസയ്ക്ക് മാററു കൂട്ടി. സ്വദേശംവിട്ട് കാലം കുറച്ചായി. എന്തായിരിക്കാം കാരണം? കുടുംബക്കാരെയൊക്കെ ഉപേക്ഷിച്ചിരിക്കുമോ? അതിന്ന് പ്രേരകമായ സംഗതികൾ? പരിണിതഫലം? അങ്ങിനെ നിരവധി ചോദ്യങ്ങൾ. ഓരോന്നും മനസ്സിൽ തടിച്ചുകൂടുകയാണ്. തിക്കിത്തിരക്കിക്കയറുന്ന പ്രശ്നങ്ങൾ!

എൻെറ സ്വഭാവത്തിൻെറ പ്രത്യേകതയാണത്. ഒരു ഗവേഷണമനോഭാവമാണ് പലകാര്യത്തിലും. ഉ

ണമോ, ദോഷമോ,—എനിക്കറിഞ്ഞുകൂടാ. വിശേഷിച്ചും കരുണാത്മകമായ സംഭവങ്ങൾ എന്നെയാകർഷിക്കും അത്തരം വിഷയങ്ങളിലേക്ക് ജിജ്ഞാസ കുതിച്ചോട്ടം. കഥകൾ, കവിതകൾ, ദൃശ്യങ്ങൾ-അങ്ങിനെ പലതിലും ഞാൻ ലയിക്കാറുണ്ട്. ആത്മസംതൃപ്തിയാണ്, അതിൻെറ അവസാനഫലം. അങ്ങിനെ ജിജ്ഞാസയുടെ കുതിച്ചോട്ടം ആവർത്തിച്ചു.

"എന്നുവെച്ചാൽ—?മനസ്സിലായില്ല.

"അവരെപ്പററി എനിക്ക് യാതൊരു വിവരവുമില്ല കുറച്ചുകാലമായിട്ട്. അതുപോലെത്തന്നെ എന്നെപ്പററി അവർക്കും ഉണ്ടാകാനിടയില്ല."

"കാരണം?" അല്പമൊരു സംശയത്തോടെയാണെങ്കിലും ഞാൻ ചോദിച്ചു. അവന്ന് അതൊരു വിഷമമായി തോന്നരുതല്ലോ.

അപ്പോഴേക്കും ഞങ്ങൾ കവലയ്ക്കരികിൽ എത്തി. അവൻ വണ്ടി വടക്കോട്ട് തിരിച്ചു. അവിടുന്നങ്ങോട്ട് ചിലതണൽ മരങ്ങളുണ്ട്. ചൂടുകുറയും. അവൻ വേഗതയൊന്നു ചുരുക്കി.

"അവരുമായി തെററിപ്പിരിഞ്ഞതാണോ?" ഞാൻ വീണ്ടും ചോദിച്ചു.

"തെററിപ്പിരിഞ്ഞതുതന്നെ. പക്ഷേ, അവരുമായിട്ടല്ല. ആ ചുററുപാടുമായിട്ട്."

"കടം പിടിച്ചാണോ?"

"അല്ല."

"പിന്നെന്താണ് കാരണം?—പറയാൻ വിരോധമില്ലെങ്കിൽ.........."

"വിരോധമൊന്നുമില്ല. പറയാം. പലരോടും ആ കഥ ഞാൻ പറഞ്ഞിട്ടുണ്ട്. മററൊന്നുകൊണ്ടുമല്ല. മനസ്സിന്ന് ഒരാശ്വാസം കിട്ടാൻവേണ്ടിമാത്രം. നിങ്ങളോടും പറയാം. അങ്ങിനെയെങ്കിലും എൻെറ അസ്വാസ്ഥ്യത്തിന്ന് ഒരു ശമനമുണ്ടാകട്ടെ."

വണ്ടിയുടെഗതി കുറെക്കൂടെ മന്ദീഭവിച്ചു. ക്ഷീണിച്ചിട്ടുണ്ടാകാം. അവൻ വണ്ടി നിത്തി. വിയർപ്പൊന്നു തുടച്ചു. ഒരു നെടുവീർപ്പിട്ടു.

ഞങ്ങൾക്കെതിരായിവന്നു, ഒരു കാറ്. ധൃതിയിൽ കടന്നുപോയി. ഞാനത് അത്ര ശ്രദ്ധിച്ചില്ല. ഒരു പട്ടണപ്രദേശമല്ലേ, അത്? വാഹനങ്ങളങ്ങിനെ ഓടിക്കൊണ്ടിരിക്കും. അത് സ്വാഭാവികമാണ്.

പല കഥകളുടെയും സമാഹാരമാണ്, ഒരു പട്ടണം. അവിടെയുള്ള ഓരോ മൺതരിക്കുപോലുമുണ്ടാകും, ഓരോ കഥ പറയാൻ! പലതിലും പുതുമയുണ്ടാകും. സ്വതേതന്നെ ഞാനൊരു കഥാതല്പരനമാണ്. പോരാത്തതിന്ന് ഒരു പട്ടണജീവിയും. പിന്നെയെങ്ങിനെവിട്ടും, ഒരു കഥയ്ക്കുള്ള സന്ദർഭം കിട്ടിയാൽ? അവൻെറ കഥ കേൾക്കാൻ കൂടുതൽ താല്പര്യമുണ്ടായി. അതിൽ എന്തെല്ലാമോ ഒളിഞ്ഞുകിടക്കുന്നതായി ഒരു തോന്നൽ. യാത്ര ചെയ്യുകയുമാണല്ലോ. വഴിയാത്രക്ക് പല അസ്വാസ്ഥ്യവുമുണ്ട്. അത് അനുഭവിച്ചേപററൂ. കഥയിൽക്കൂടി അത് മറന്നുകളയാം. ഏതായാലും ആ ജിജ്ഞാസയുടെ സങ്കേതം ഒന്നു പരിശോധിക്കുക തന്നെ. ഞാൻ എൻെറ ശ്രദ്ധയെ അവൻെറ കഥയിലേക്ക് തിരിച്ചുവിട്ടു.

"ഞാനൊരു വിദ്യാൎത്ഥിയായിരുന്നു, അന്ന്. പ ത്താം തരത്തിലാണ് പഠിച്ചിരുന്നത്. നാട്ടിൽത്തന്നെ യുള്ള ഒരു ഗവൎമ്മേണ്ട് ഹൈസ്ക്കൂളിൽ. ചെറിയൊരു പട്ടണത്തിലാണത് സ്ഥിതിചെയ്യുന്നത്. പലേടത്തു നിന്നും വന്നുതാമസിക്കുന്നവരുണ്ടവിടെ. ഉദ്യോഗസ്ഥ ന്മാരും അക്കൂട്ടത്തിൽപെടും. അവരുടെ കുട്ടികൾക്കും അവിടെ പഠിക്കാം. അഥവാ, ആനാട്ടിലെത്തിയാൽ അ തേ സൌകര്യപ്പെട്ടു. ഓരോകൊല്ലവും കുറെ കുട്ടികൾ വിട്ടുപോകും. അതിലധികം വന്നുചേരുകയുംചെയ്യും. അങ്ങിനെയാണ്, പതിവ്.

ഒരിക്കൽ പുതിയൊരു താരം പ്രത്യക്ഷപ്പെട്ടു. അ തെ, പുതിയൊരു പെൺകൊടി. യൌവ്വനത്തിലേക്ക് എത്തിനോക്കുന്നപ്രായം. സാമാന്യം സൌന്ദൎയ്യവുമുണ്ട്. ആ വേഷഭൂഷണങ്ങൾ അതിന്നു് മാററുകൂട്ടി. ഒരു ഉദ്യോഗസ്ഥന്റെ മകളാണവൾ. ഒററനോട്ടത്തിൽത്ത ന്നെ ആൎക്കും അത്രമനസ്സിലാകും.

അവളൊരു വിലാസിനിയാണ്. ആ കണ്ണുകൾ എപ്പോഴും ചലിച്ചുകൊണ്ടിരിക്കും. മുഖത്തിന്നു് ഒരു വശീകരണ ശക്തിയുണ്ട്. പരിമളം വിതറിക്കൊണ്ടേ, അവൾ വരാറുള്ളൂ. പൂത്തുനടക്കുന്നൊരു വള്ളി. മിക്ക കണ്ണുകളേയും കരളുകളേയും അതാകൎഷിക്കും. ആ വെള്ളിനക്ഷത്രം പുതുമയുടെ ഉറവിടമായിരുന്നു, ഞങ്ങ ൾക്ക്. ഒരുപക്ഷേ, എനിക്ക് എന്നുതന്നെ പറയാം. അതായിരിക്കും, കൂടുതൽ ശരി.

ആ നോട്ടങ്ങൾ എന്റെ അടുത്തേക്ക് പാറിവന്നു തുടങ്ങി. അതെന്നെ ഇക്കിളിപ്പെടുത്തി. എന്റെ ഹൃദയ

തന്ത്രികൾ ചലിച്ചു. ഭാവന, മധുരമനോഹരമായ പ്രേമഗാനം ആലപിച്ചുതുടങ്ങി. അത്,മൌനഭാഷയിലാണേ! അനുദിനം ഉയൎന്നുകൊണ്ടിരിക്കയായിരുന്നു, ഞാൻ- ഏതോ സുന്ദരലോകത്തിലേക്ക്. സ്വാഭാവികമല്ലേ, അത്? സൌന്ദര്യധാമത്തിൻെറ നേത്രാരാധനയ്ക്കു് പാത്രമാവുക. ഒരു യുവാവിന്നു് ഇതിലപ്പുറം എന്തു വേണം? ഞാൻ തന്നത്താൻ മറന്നു ജീവിച്ചു തുടങ്ങി.

അന്നൊരിക്കൽ ആ നോട്ടത്തിൽ എനിക്കൊരു ചെറിയ സംശയം ജനിച്ചു. അതെന്നെ കൂടുതൽ ശ്രദ്ധാലുവാക്കി. അപ്പോഴാണ് മനസ്സിലായത് അത് എൻെറ നേൎക്കല്ലെന്നു്! നേരെമറിച്ച് എൻെറ സുഹൃത്തിൻെറ നേൎക്കാണ്. ആ യാഥാൎത്ഥ്യം എന്നിൽ ഒരു കോളിളക്കം തന്നെ സൃഷ്ടിച്ചു. പ്രതീക്ഷകൾ മുഴുവൻ ഒന്നായി തകരുന്നതുപോലൊരു തോന്നൽ!

എങ്കിലും, ഞാനെൻെറ വികാരങ്ങളെ കടിഞ്ഞാണിട്ടുനിൎത്തി. അതിന്നെന്താണ് കാരണം? അങ്ങിനെയൊരു ആലോചനയിലേക്ക് തിരിഞ്ഞു മനസ്സ്.

ക്ലാസ്സിലെ ലീഡറാണ് അവൻ. ആളൊരു സുമുഖനാണ്. ചുരുളൻ തലമുടിയുണ്ട്. ചുകപ്പുകലൎന്ന വെളുപ്പാണ് നിറം. ആകൎഷകമായ പെരുമാററം. വാചാലത കൂടും. ഇങ്ങനെ പല പ്രത്യേകതകളും അവനിൽ കാണാം. നല്ലവണ്ണം പഠിക്കുകയും ചെയ്യും. പല വിഷയത്തിലും അവന്നാണ് കൂടുതൽ മാൎക്കുകിട്ടുക. അദ്ധ്യാപകന്മാൎക്ക് വലിയ ഇഷ്ടമാണ്. ഇതിൻെറയൊക്കെ ഫലമാണ് അവന്നു് കിട്ടിയ നേതൃത്വം.

അവൻെറ ഉല്ലൎഷത്തിൽ കണ്ണുകടിയുള്ളവരും ഇല്ലാതിരുന്നില്ല. അവരിൽ അഗ്രഗണ്യനാണ്, ഞാൻ. അവൻെറ വലിയ ചങ്ങാതിയാണെന്നാണ് വെപ്പ്. വേറൊരാളുടെ പേരാണ് ലീഡർ സ്ഥാനത്തേക്ക് നിർദ്ദേശിച്ചത്. എനിക്ക് കിട്ടുകയില്ലെന്ന് ഉറപ്പുണ്ട്. പക്ഷെ, എൻെറ ഉദ്ദേശം സഫലമായില്ല. കാരണം പെൺകുട്ടികളാണ്. അവർ മുഴുവൻ അവനു് വോട്ടുകൊടുത്തുകളഞ്ഞു. കണ്ടാൽ കൊള്ളാവുന്നവനാകണം. എന്നാലവർ ഐകകണ്ഠ്യേന തിരഞ്ഞെടുത്തുകൊള്ളും.

എങ്കിലും അതൊന്നും എനിക്ക് വലിയൊരു പ്രശ്നമായിരുന്നില്ല. ആ വെള്ളിനക്ഷത്രത്തിൻെറ കടാക്ഷങ്ങൾ മുഴുവൻ അവൻ തട്ടിയെടുക്കുന്നതിലാണ് എനിക്കു സങ്കടം. എനിക്കാണ് അതിനുള്ള അർഹത. പക്ഷെ, അവൻ അപഹരിക്കുകയാണ്. അങ്ങിനെയൊരു തോന്നൽ. എന്തു ചെയ്യും?

അവൻെറ നേരെയുള്ള അസൂയ വളൎന്നുതുടങ്ങി. അതുവരെ മുരടിച്ചുനിന്നതേയുള്ളു. ഇപ്പോഴതു് നാൾക്കുനാൾ തഴുത്തിതയ്ക്കുകയാണ്. കാരണമോ, ഒരു വിലാസിനിയും.

എൻെറ അന്വേഷണവിഷയമായിത്തീൎന്ന, അവർ രണ്ടുപേരും അന്യോന്യം സ്നേഹിക്കുകയാണത്രെ. അനുകൂലമായ സാഹചര്യമാണ് അവൎക്കുള്ളതും. സുഹൃത്തിൻെറ അയൽവീട്ടിലാണ്, അവളുടെ താമസം.

ഒരിക്കൽ ഞാനവൻെറകൂടെ പോയി. അവൻെറ വീട്ടിലേക്കുതന്നെ. കാര്യമൊന്നുമില്ല. വെറുതെയാണെ

ന്നു നടിച്ചു. സുഹൃത്തിൻെറ വീട്ട് കാണാനെന്നുമാത്രം പറഞ്ഞു. യഥാർത്ഥത്തിൽ അവൻെറവീടല്ല എനിക്കാവശ്യം. അവളുടെതാണ്.

രണ്ടു വീടുകളും തമ്മിലുള്ള അടുപ്പം എൻെറ ദൃഷ്ടിയിൽപെട്ടു. അവിടുത്തെ പരിതസ്ഥിതികഠം മുഴുവൻ ഞാൻ ശ്രദ്ധിച്ചു.

അവളുമായി ഒന്നു സംസാരിക്കണം. സ്നേഹിതൻെറ 'കേറോഫി'ൽ. എന്താണ് മാർഗ്ഗം? അതായിത്തീൻ എൻെറ ചിന്താവിഷയം."

പെട്ടെന്ന് അവൻ വണ്ടിനിർത്തി. തിരിഞ്ഞുനിന്നു ചോദിച്ചു.

"ഇവിടെയാണോ സാറേ, ഇറങ്ങേണ്ടത്?"

ഞാൻ വെളിയിലേക്കൊന്നു ഏന്തിനോക്കി. അവിടെ ഒരു പടിപ്പുരയും മാളികയുമുണ്ടു്. അതുകൊണ്ടായിരിക്കാം, അവൻ സംശയിച്ചത്. ഞാൻ പറഞ്ഞു–

"അല്ല. ആയാൽ പറയാം. കഥ തുടന്നോളൂ".

അവൻ നെററിയിലെ വിയപ്പൊന്നു തുടച്ചുകളഞ്ഞു. വീണ്ടും കഥയിലേക്ക് പ്രവേശിച്ചു.

നേരിട്ടങ്ങ് ചെല്ലുന്നത് ശരിയല്ല. അതിന്നൊരു കുറുക്കുവഴി കണ്ടുപിടിക്കണം. ഉപായത്തിലേ കാര്യം നേടാനൊക്കൂ. സമയം രാത്രിയേ പററൂ. ഏകാന്തത അനിവാര്യമാണ്. ആരും അറിയരുത്. അവളെ ഒററയ്ക്കു കിട്ടണം എന്നാൽ എന്തും ചെയ്യാം. സ്വന്തം ഇഷ്ടംപോലെ. അവഠം എന്തിനും വഴങ്ങിക്കൊള്ളും!

അവളുടെ വീട്ടുപറമ്പിന്നു് തൊട്ടടുത്തു് വലിയൊരു മാവുണ്ടു്. ആ സംഗതി ഞാൻ ഓർത്തു. ഏകാന്തതയും

രാത്രിയുടെ മറവും മാത്രമേ ആവശ്യമുള്ളു. ബാക്കിയെല്ലാ സൌകര്യവും അവിടെയുണ്ട്. അവിടത്തേക്ക് ആ ആശാകേന്ദ്രത്തെ വരുത്തണം. അതിന്നുള്ള ഉപായമാണ് ആലോചനാവിഷയം.

നേരിട്ടങ്ങ് ആവശ്യപ്പെടാം. അതിന്ന് സൌകര്യം കിട്ടും. പക്ഷെ, അവൾ വരികയില്ല. സുഹൃത്തിനെയാണവൾ സ്നേഹിക്കുന്നത്. അതുകൊണ്ട് ആ വഴിക്ക് അവളെ പാട്ടിലാക്കണം. അതേ, പറയൂ. പക്ഷെ, അതിനെന്താണ് വഴി?

ദിവസം കഴിയുന്തോറും ആഗ്രഹത്തിന്ന് ശക്തി കൂടി. പഠിപ്പിൽ തീരെ ശ്രദ്ധയില്ലാതായി. എപ്പോഴും അവളിലാണ്, എൻെറ ശ്രദ്ധമുഴുവൻ. ആ ചേഷ്ടാവിശേഷങ്ങൾ നോക്കിരസിക്കും. വീട്ടിലെത്തിയാൽ അതെല്ലാം അയവിറക്കുവാനേ നിവൃത്തിയുള്ളു. പല രാത്രികളും ഉറക്കമില്ലാതെയാണ് തള്ളിനീക്കിയത്. മുഖം വിളറിത്തുടങ്ങി. ഒരു ദിവസം രാവിലെ ഞാനത് ശ്രദ്ധിച്ചു. കണ്ണാടിയുടെ ദോഷമായിരിക്കുമോ? അല്ലെങ്കിലെന്തേ ഇത്രയൊക്കെ വിളറിപ്പോകാൻ? രക്തപ്രസാദമില്ലന്നോ തീരെ? കണ്ണുകൾ കുഴിയിലാണ്ടിരിക്കുകയാണ്. നെററിയിൽ കൈവെച്ചുനോക്കി. ചൂടുണ്ടോ എന്നൊരു സംശയം. ഒരു പക്ഷെ, പ്രണയപ്പനിയായിരിക്കാം. അങ്ങിനെയൊന്നുണ്ടത്രെ. ഏതോ ഒരു ചങ്ങാതി പറഞ്ഞതായി ഓർത്തു. ആശ സഫലമാവുന്നതുവരെ മാത്രമെ അതുണ്ടാവുകയുള്ളു. പിന്നീടത് താനേ മാറിക്കൊള്ളുമത്രെ.

എൻെറ ചാപല്യങ്ങൾ ക്ലാസ്സ് ടീച്ചരുടെ ശ്രദ്ധയിൽ പെടാതിരുന്നില്ല. രണ്ടുമൂന്നു തവണ എന്നെ ക്ലാസ്സിൽ

നിത്തി. ആദ്യത്തെ തവണ സംഗതി മററാക്കും മനസ്സി ലായില്ലായിരിക്കാം. രണ്ടാമത്തെ തവണ ചിലർ എ ന്നെനോക്കി ഊറിച്ചിരിച്ചു. മൂന്നാമതു നിത്തിയപ്പോഠം ക്ലാസ്സിൽ ഒരു പൊട്ടിച്ചിരിതന്നെയുണ്ടായി. അതെന്നെ വേദനിപ്പിച്ചു. അപമാനബോധം എൻെറ തലതാഴ്ത്തി ക്കളഞ്ഞു. എങ്കിലും നേരിയൊരു ആശ്വാസം. അവളാ ണല്ലോ എന്നെ കുററവാളിയാക്കിയത്. അതിൽക്കൂടി എൻെറ ഹൃദയത്തിലേക്കൊന്ന് കണ്ണോടിക്കാൻ അവ ഠംക്കു സാധിച്ചെങ്കിൽ! എന്നോട് ഒരു അനുഭാവമെങ്കി ലും ഉണ്ടാവാതിരിക്കുമോ? ഒരുപക്ഷെ, സഹതാപംത ന്നെയായാലും ദോഷമില്ല. അതിൽനിന്ന് പ്രണയം ഉദി ക്കുമെങ്കിൽ. ചില സ്ത്രീകഠംക്കു അങ്ങിനെയും പതിവു ണ്ടത്രെ.

അങ്ങിനെയിരിക്കെ എൻെറ ചാപല്യം നാലാമതും ശ്രദ്ധാവിഷയമായി. അന്നെനിക്ക് ശക്തിയായൊരു താക്കീതാണ് കിട്ടിയത്. "ക്ലാസ്സിൽ ശ്രദ്ധിക്കണം സാദ്ധ്യമല്ലെങ്കിൽ പുറത്തുപോയ്ക്കൊള്ളണം. ദിവാസ്വ പ്നത്തിന്നുള്ള സ്ഥലം ഇതല്ല!"

തീഷ്ണമായ സ്വരത്തിലാണത്. രൂക്ഷമായ നോട്ടം അതിന്ന് ശക്തികൂട്ടി. അദ്ധ്യാപകൻെറ ഹൃദത്തിൽനി ന്നാണ് ആ വാക്കുകഠം പുറപ്പെട്ടത്. ക്ലാസ്സിൽ ഭയാനക മായ ഒരന്തരീക്ഷം അത് സൃഷ്ടിച്ചു:

പക്ഷെ, എൻെറ ഹൃദയത്തെ ഒതുക്കിനിത്താൻ അ തിന്നു കഴിഞ്ഞില്ല. ശ്രദ്ധ മുഴുവൻ പിന്നേയും അവളിൽ ത്തന്നെ. ബുദ്ധി, ഹൃദയത്തിൻെറ അടിമയായി മാറിയി രിക്കുകയാണ്. അവളെ പാട്ടിലാക്കണം. അതുമാത്രമാണ് എൻെറ ആഗ്രഹം. ഉദ്ദേശവും ലക്ഷ്യവും അതു മാത്രമാ

യി മാറിക്കഴിഞ്ഞു. എന്തു ത്യാഗവും അതിന്നുവേണ്ടി സഹിക്കാം. അപമാനവും അപവാദവുമൊക്കെ നിസ്സാരങ്ങൾ! ആശയുടെ സാഫല്യത്തിൽ അതെല്ലാം മങ്ങിപ്പോകും.

പക്ഷെ, ലക്ഷ്യത്തിൽ എത്തണമല്ലോ പല വഴികളും ആലോചിച്ചു ഒന്നും തൃപ്തികരമായില്ല. ആലോചനകൾ തുടൎന്നുപോയി. അവസാനം ഒരു ഉപായം കണ്ടു പിടിച്ചു."

ഞാനൊന്നു ചുററും നോക്കി. വീണ്ടും, ശ്രദ്ധയെ ഞാൻ കഥയിലേക്കുതന്നെ തിരിച്ചു.

"അന്നുരാത്രി മുഴുവൻ ഉറക്കമൊഴിഞ്ഞു ഒരു പ്രേമസന്ദേശം തയ്യാറാക്കി.

"എന്നെ നീ ആത്മാൎത്ഥമായി സ്നേഹിക്കുന്നുണ്ടെന്ന് എനിക്കറിയാം. അതുപോലെത്തന്നെ ഞാൻ നിന്നേയും അത്യധികം സ്നേഹിക്കുന്നുണ്ട് എൻെറ ജീവൻെറ ജീവനാണ് നീ. എനിക്ക് നിന്നോടൊന്ന് ഹൃദയംതുറന്ന് സംസാരിക്കണമെന്നുണ്ട്.. ......" അങ്ങിനെ നീണ്ടു പോകുന്നൊരു കത്ത്.

"ഇന്നുരാത്രി പതിനൊന്നുമണിക്ക് ഞാൻ ആ മാഞ്ചുവട്ടിൽ എത്തും. അപ്പോഴേക്കും നീ അവിടെ ഉണ്ടാവണം. ആത്മനിർവൃതി നമ്മെ അനുഗ്രഹിക്കും!"

അങ്ങിനെയാണത് ഉപസംഹരിച്ചത്. അടിയിൽ സ്നേഹിതൻെറ പേരും ചേൎത്തു!

അടുത്തദിവസം രാവിലെതന്നെ പോസ്റ്റുചെയ്തു.

ആകാശക്കോട്ടകൾ ഭദ്രമാക്കിക്കൊണ്ടാണ്, എൻ്റെ അന്നത്തെ യാത്ര. അവൾ ആ പ്രേമലേഖനം വായിക്കും. ആനന്ദാ ശ്രുറഞ്ഞുവഴിയും അതിനെ അവൾ മാറോടണ

യ്യും. രാത്രി പതിനൊന്നുമണിക്ക് എന്നോയും. കണ്ടഉട ൻതന്നെ ഒരാലിംഗനം. പിന്നീട് സുദീർഘമായൊരു ചുംബനം. അതിന്നുശേഷമാണ് പ്രണയസല്ലാപങ്ങൾ! അതുംകഴിഞ്ഞാൽ......... കഴിഞ്ഞാൽ..........ഹാ!.... ആനന്ദത്തിൻെറ നിർവൃതി.........സ്വർഗ്ഗീയസൌഖ്യം! അതെ, ഏകാന്തമായ ആ രാത്രി എൻെറ ആശകൾ മുഴു വൻ സഫലമാകും! ജീവിതത്തിലൊരിക്കലും മറക്കാത്ത ഒരു ദിവസം. ഓർക്കുന്തോറും അയവിറക്കാവുന്ന ഒരു സു ദിനം. പരമമായ ആനന്ദത്തിൻെറ ഉറവിടം. ജീവിതാ ശയുടെ സുപ്രഭാതം. മാദകമായ വാസന്തത്തിൻെറ കേ ളീരംഗം! ഇതിനപ്പുറം എന്തുജീവിതം? അങ്ങിനെ അ ങ്ങിനെ പലതും. മനസ്സിൽക്കൂടി പറക്കുകയാണ്, ഭാവന കൾ! ക്ലാസ്സിൽ എത്തിയതെ, അറിഞ്ഞുള്ളു.

പക്ഷെ. ആ കാഴ്ച എന്നെ ഞെട്ടിപ്പിച്ചു. കവറിൽ നിന്ന് എഴുത്തെടുത്തു വായിക്കയായിരുന്നു, അവൾ. മറെറാരുത്തിയുടെ കുടിലനേത്രങ്ങൾ അതിൽ പതിഞ്ഞു. ആ ദുഷ്ട, അത് തട്ടിപ്പറിച്ചു എൻെറ പ്രേമസന്ദേശം പല കൈകളിലുംക്കൂടി നീങ്ങി. ആ പെൺകുട്ടികളെ യൊക്കെ തല്ലിച്ചതയ്ക്കണമെന്നു തോന്നി, എനിക്ക്. ആ എഴുത്ത് തട്ടിപ്പറിക്കേണ്ട ആവശ്യമെന്താണ്? അ ങ്ങിനെ ചെയ്താൽതന്നെ എല്ലാവരേയും കാണിക്കണമെ ന്നുണ്ടോ? ഒരുത്തിയങ്ങ് കൊടുക്കുമ്പോഴേക്കും മററുള്ള വരെല്ലാം എന്തിനാണ് വായിക്കുന്നത്? എനിക്ക് അമ ർഷം സഹിക്കാൻ കഴിഞ്ഞില്ല. പക്ഷെ, അത് വെളി പ്പെട്ടുത്താനൊക്കുമോ? ചെമ്പു പുറത്തായെങ്കിലോ? അട ങ്ങിയിരിക്കുകതന്നെ.

അപ്പോഴേക്കും അതാ അവൾ കരഞ്ഞുതുടങ്ങി. മുഖം കുനിച്ചിരുന്ന് വിങ്ങിവിങ്ങിക്കരയുകയാണ്. ആളൊരു വിഡ്ഢിതന്നെ. അവളുടെതന്നെ കൊള്ളരുതായ്മയല്ലേ? അല്ലെങ്കിലത് തട്ടിപ്പറിക്കാനിടവരുമോ? അതിന്ന് കരഞ്ഞിട്ടെന്തു പ്രയോജനം?

ആൺകുട്ടികളുടെ ശ്രദ്ധ അങ്ങോട്ടു തിരിഞ്ഞു. പെൺകുട്ടികൾ എന്തൊക്കെയോ കുശുകുശുക്കുകയാണ്. ഒന്നും വ്യക്തമാവുന്നില്ല. ചിലർ കണ്ണുഞ്ചിച്ചിരിക്കുന്നുണ്ട്.

ആൺകുട്ടികളും എന്തെല്ലാമോ ഊഹിച്ചിരിക്കണം. അവരും അന്യോന്യം പിറുപിറുപ്പുതുടങ്ങി. ഇടയ്ക്കിടെ പൊട്ടിച്ചിരിക്കാനും. ആകപ്പാടെ ക്ലാസ്സിൽ ഒരു ബഹളം.

ക്ലാസ്സ്‌ലീഡറുടെ നേക്കാണ്, പെൺകുട്ടികളുടെ ദൃഷ്ടികൾ പറക്കുന്നത്. ആൺകുട്ടികളുടെ ദൃഷ്ടികളും അവയെ അനുഗമിച്ചുതുടങ്ങി. എല്ലാവരുടേയും ശ്രദ്ധ അവനിലേക്ക് തിരിഞ്ഞു. അവന്ന് കാര്യമൊന്നും മനസ്സിലായില്ല. പാവം, ക്ലാസ്സ്ലീഡർ!

ക്ലാസ്സ്ടീച്ചർ വന്നു. എഴുത്തു അദ്ദേഹത്തിൻെറ കയ്യിലെത്തി. എല്ലാവരുടേയും ജിജ്ഞാസ അങ്ങോട്ടു കുതിച്ചുചാടി. ക്ലാസ്സ്ലീഡറായ ആ ധീരകേസരിയും കരഞ്ഞുതുടങ്ങി. അദ്ധ്യാപകൻ എഴുത്തു സശ്രദ്ധം വായിച്ചു നോക്കി. ക്ലാസ്സിൽ മുഴുവൻ ഒന്നു കണ്ണോടിച്ചു. കുട്ടത്തിൽ ഒന്നു എന്നെ സൂക്ഷിച്ചുനോക്കുകതന്നെ ചെയ്തു. അല്പനേരം ആലോചിച്ചുകൊണ്ടിരുന്നു.

വിവിധ വികാരങ്ങൾ പൊട്ടിപ്പുറപ്പെട്ടുകാണ്, എന്നിൽ. അവയെ ഒതുക്കിനിർത്താൻ അത്യദ്ധ്വാനംചെ

 യ്യുന്നുണ്ട്. അത് സഫലമാവുന്നുണ്ടെന്നായിരുന്നു, എൻെറ വിശ്വാസം.

അദ്ധ്യാപകൻ എഴുത്തുമായി ക്ലാസ്സുവിട്ടു. ഓഫീസ്സ് റൂമിലേക്കായിരിക്കുമോ? ഹെഡ്മാസ്റ്റർ ലീവിലാണൊ? എങ്കിൽതന്നെ എന്താണ് പ്രയോജനം? അങ്ങിനെ പല ആശങ്കകളും എന്നെ മർദ്ദിച്ചുതുടങ്ങി. ഞാൻ ചുററുമൊന്ന് കണ്ണോടിച്ചു. എവിടേയും ഒരു നിശ്ശബ്ദതയാണ് ക്ലാസ്സിൽ പൊട്ടിത്തെറിക്കാറായ ഒരു അഗ്നിപർവ്വതത്തിൻെറ പ്രതീതിയാണ്! എന്താണ് സംഭവിക്കാൻ പോകുന്നത്! ആർക്കുമറിഞ്ഞുകൂടാ.

പെട്ടെന്ന് പിയൂൺവന്നു. എല്ലാവരുടേയും നോട്ടുപുസ്തകങ്ങൾ വാങ്ങിക്കൊണ്ടുപോയി. ഞാൻ വല്ലാതെ പരിഭ്രമിച്ചു. അതൊന്നു ഒതുക്കിനിർത്താൻ വളരെയധികം പണിപ്പെട്ടു.

അല്പസമയംകഴിഞ്ഞു. പിയൂൺ വീണ്ടുംവന്നു. അവളെ കൂട്ടിക്കൊണ്ടുപോയി. പിന്നീട് ക്ലാസ്സ്ലീഡറേയും. എൻെറ ഹൃദയം ശക്തിയിൽ മിടിച്ചുതുടങ്ങി. ബുദ്ധിശക്തി മരവിക്കുകതന്നെ ചെയ്തു. ഓരോ നിമിഷങ്ങളും യുഗങ്ങളായി മാറുകയാണ്. തൂക്കുമരത്തിലെത്തിയ ഒരു കുററവാളിയുടെ മനോഭാവമാണെനിക്ക്. മാരകായുധത്തിൻെറ കുതിപ്പും പ്രതീക്ഷിച്ചാണിരിക്കുന്നത്.

അവസാനം പ്രതീക്ഷിച്ചതും സംഭവിച്ചു. പിയൂൺ പിന്നേയും എത്തി. എന്നെ കൂട്ടിക്കൊണ്ടുപോകാൻതന്നെ!

എൻെറ ശരീരമാകെ വിറക്കുകയാണ്. ഓഫീസ്സ് റൂമിൻെറ മുമ്പിൽ എങ്ങിനെയോ എത്തിയെന്നുമാത്രം. ഹെഡ്മാസ്റ്ററുടെ മുഖഭാവം കണ്ടപ്പോൾതന്നെ ഞാനൊന്നു ഞെട്ടിപ്പോയി.

"ഇങ്ങോട്ട് കടന്നുനില്ക്കൂ!"—ആ ആജ്ഞ കേട്ടപ്പോൾ ഞാൻ വീണ്ടും ഞെട്ടി. അത്ഭുതപൂർവ്വമായ ദ്രുക്ഷസ്വരത്തിലാണ് അദ്ദേഹം സംസാരിച്ചത്. ഞാൻ വേച്ചുവിറച്ചുകൊണ്ടു അകത്തേക്കുകടന്നു. എഴുത്തും നോട്ടുപുസ്തകവും ഒരുമിച്ച് എൻെറ നേരെ നീക്കി.

"നിൻെറ കൈപ്പടയല്ലേ ഇതുരണ്ടും? അല്ലേന്നാ ചോദിച്ചത്? എന്താടാ, നിൻെറ നാവങ്ങ് ഇറങ്ങിപ്പോയോ?"

എനിക്കൊന്നും പറയാൻ തോന്നിയില്ല. ഹെഡ്മാസ്റ്റർ നിന്നുവിറക്കുകയാണ്. എൻെറ തല താനേ കുനിഞ്ഞുപോയി! വീണ്ടും ഉയന്നു, ആ ഭയങ്കരശബ്ദം.

"ഉം. ശരി. പോയ്ക്കോളൂ. ഇനിമേൽ ഈ ഗെയ്റ്റിങ്ങട്ട് കടക്കേണ്ട!"

വികാരം അണപൊട്ടിയൊഴുകി. ലോകംമുഴുവൻ ഇരുളുകയാണ്. എല്ലാ വസ്തുക്കളും തിരിഞ്ഞുതുടങ്ങി. ഞാൻകണ്ണുകൾ ഉറക്കെച്ചിമ്മി. ചുടുബാഷ്പം കാലുകൾ നനച്ചു!

ഞാനൊരു അപരാധിയാണ്. അവിടെ നില്ക്കുന്നത്. ശരിയല്ല. നിയമത്തെ ധിക്കരിക്കലാണത്. എങ്ങിനെയെങ്കിലും പുറത്തുകടക്കുകതന്നെ. മെല്ലെ മെല്ലെ നടന്നു. ഗെയിററുകടന്ന് പുറത്തെത്തി. എങ്ങോട്ടെന്നില്ലാതെ നടന്നുതുടങ്ങി.

സമയം സന്ധ്യയായി. വീട്ടിൽചെന്നുകയറി. ക്ഷോഭിച്ചിരിക്കുകയാണ്, അച്ഛനും അമ്മയും. അതെ, രണ്ടുപേരും ഒരുപോലെ. അങ്ങിനെയൊരു കാഴ്ച പുത്തരിയാണെനിക്ക്. അവരും ഈ സംഗതി അറിഞ്ഞിരിക്കണം അതുതന്നെയാണ്, കാരണം. എനിക്ക് മനസ്സിലാകുവാൻ വിഷമമുണ്ടായില്ല.

"ഇങ്ങോട്ടു കയറേണ്ട. പോ പുറത്ത്! ഇനിമേലിൽ ഈ വീട്ടിൽ കാലുകുത്തിപ്പോകരുത്!—" അച്ഛൻെറ സുഗ്രീവാജ്ഞയാണത്!

ഞാനങ്ങനെ പുറത്തിറങ്ങി. അപ്പോൾത്തന്നെ ആ പരിസരം വിട്ടു. ലോകംമുഴുവൻ വെറുക്കുകയാണെന്നെ. പിന്നെയെന്തിന് ഞാനവിടെ നില്ക്കണം? ഇനി ആർക്കു വേണ്ടി ജീവിക്കണം? ആത്മഹത്യചെയ്യുകയല്ലേ, ഭേദം?

എങ്കിലും ആത്മഹത്യചെയ്തില്ല. പകരം നാടുവിടുകയാണുണ്ടായത്. രാവിലെതന്നെ.

അങ്ങിനെ പല ദിക്കിലും ചുററിത്തിരിഞ്ഞു. എവിടേയും ഒരു ജോലി കിട്ടിയില്ല. അവസാനം ഒരു ചുട്ടുകാരനായി. പല ബസ്സ്സ്റ്റാൻണ്ടുകളിലും തീവണ്ടിസ്റ്റേഷനുകളിലും അങ്ങിനെ കഴിഞ്ഞുകൂടിയിട്ടുണ്ട്.

ഇപ്പോൾ ഒരു കൊല്ലത്തോളമായി ഇവിടെയാണ് പകൽമുഴുവൻ ഇതുതന്നെയാണ്, ജോലി. രാത്രി വല്ല പീടികത്തിണ്ണകളിലോ മററോ കിടന്നുറങ്ങും. അങ്ങിനെ തള്ളിനീക്കുകയാണ്, ഈ നശിച്ച ജീവിതം. ആ തലതിരിഞ്ഞ പ്രണയമാണ് ഇതിനെല്ലാം കാരണം. അതെൻെറ ജീവിതത്തെത്തന്നെ തുലച്ചുകളഞ്ഞു!"

ആ കാമുകൻ ഒരു നെടുവീർപ്പിട്ടു. പ്രണയകഥയുടെ പൂർണ്ണവിരാമമാണത്. അതെ, തകന്ന പ്രതീക്ഷകളുടെ ഉപസംഹാരം!

ഞാൻ പുറമേയ്ക്കൊന്നു നോക്കി. വണ്ടിയിൽനിന്നു് ഇറങ്ങേണ്ട സ്ഥലം അടുത്തു. കഥയെപ്പററി നേരിയൊരു സംശയം. അതും തീർത്തുകളയാം ഞാൻ ചോദിച്ചു.

"ആ ക്ലാസ്സ്ലീഡറുടെ പേരെന്താ?ഓർമ്മയുണ്ടോ?"

"ഉണ്ട്. ഗോപീനാഥൻ, പി കെ. അറിയുമോ, സാറേ?"

"അറിയും."

"വിലാസിനിയായ ആ കാമുകിയുടെ പേരോ?"—

"സുശീല, കെ. സി.-" അവൻ തിരിഞ്ഞുനോക്കി. ആ കണ്ണുകൾ നിറഞ്ഞിട്ടുണ്ട്. ഒന്നു രണ്ടു കണ്ണീർക്കണങ്ങൾ താഴെ വീണു. ചെറിയൊരു സംശയം ആ സ്വരത്തിലുണ്ടോ? എനിക്ക് അങ്ങിയൊരു തോന്നൽ!

ഏതായാലും ആളെമനസ്സിലായി. എങ്കിലും, ആ പഴയ സഹപാഠിയുടെ ദയനീയതയിൽ സഹതാപമാണ് തോന്നിയത്!

"ഇവിടെത്തന്നെ.-" ഞാൻ പറഞ്ഞു. അവൻ വണ്ടിനിർത്തി. ഞാൻ ഇറങ്ങി. അഞ്ചുറുപ്പയുടെ നോട്ടെടുത്തു് നീട്ടി. അവൻ അമ്പരന്നുപോയി.

"വാങ്ങിക്കോളൂ-"ഞാൻ പറഞ്ഞു.

"ബാക്കി......ചില്ലറ......" അവന്നു് സംശയം തീരുന്നില്ല.

"വേണ്ട." ഞാനതു് അവൻെറ കയ്യിൽ പിടിപ്പിച്ചുകൊണ്ടു പറഞ്ഞു. "ഇതുമുഴുവൻ കയ്യിലിരിക്കട്ടെ." ഞാൻ ധൃതിയിൽ തിരിഞ്ഞുനടന്നു. അല്പം നടന്നു് വീണ്ടും തിരിഞ്ഞുനിന്നു നോക്കി.

അവൻ അവിടെത്തന്നെ നില്ക്കുകയാണ് എന്നേയുംനോക്കിക്കൊണ്ടു്. ആ നോട്ടത്തിൽ വിവിധ വികാരങ്ങൾ അലയടിക്കുകയാണ്. സംശയങ്ങളും സ്മരണകളും ആ മുഖത്തു് ചിതറുന്നതുകാണാം.

അവന്നു് മനസ്സിലായിരിക്കുമോ? ആ ലീഡർ ഞാനാണെന്നു്? ആ വിലാസിനി ഈയുള്ളവൻെറ സഹധർമ്മിണീപദമാണ്. അലങ്കരിക്കുന്നതെന്ന സംഗതിയോ? എങ്കിൽ............എങ്കിൽ............!

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MR     Acc. No. 70496

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 25 MAR 1985 | | |
| 27 APR 1985 | | |
| 23 AUG 1990 | | |

M139 70496

SWV. E

സുവർണ്ണവല്ലി. ഉ. ശൾ. ദ

ഊ ഉക്കി വദ്യുന്നാ പ്പിടെയം